# പന്ത്രണ്ടു ശ്ലീഹന്മാർ

(മലയാളം)

**പന്ത്രണ്ടു ശ്ലീഹന്മാർ**

**ഫാ. എ. എം. പൗലോസ് ആത്തുങ്കൽ**

പ്രസാധകർ : സെഹിയോൻ ഓർത്തഡോക്സ് പള്ളി
കോത്തല

ഒന്നാം പതിപ്പ് : 2007 ജൂൺ

പ്രിന്റിംഗ് : സോഫിയാ പ്രിന്റ് ഹൗസ്, കോട്ടയം

വില: **50 രൂപ**

# പന്ത്രണ്ടു ശ്ലീഹന്മാർ

ഫാ. എ. എം. പൗലോസ് ആത്തുങ്കൽ

കോത്തല സെഹിയോൻ ഓർത്തഡോക്സ് പള്ളി
പ്ലാറ്റിനം ജൂബിലി സ്മാരക ഗ്രന്ഥം

"യേശു അവരോട് പറഞ്ഞത്: എന്നെ അനുഗമിച്ചിരിക്കുന്ന നിങ്ങൾ പുനർജനനത്തിൽ മനുഷ്യപുത്രൻ തന്റെ മഹത്വത്തിന്റെ സിംഹാസനത്തിൽ ഇരിക്കുമ്പോൾ നിങ്ങളും പന്ത്രണ്ട് സിംഹാസനങ്ങളിൽ ഇരുന്നു യിസ്രായേൽ ഗോത്രം പന്ത്രണ്ടിനും ന്യായം വിധിക്കും എന്ന് ഞാൻ സത്യമായിട്ടും നിങ്ങളോട് പറയുന്നു."

വി. മത്തായി 19:28

# അവതാരിക

പരിശുദ്ധ പന്ത്രണ്ട് ശ്ലീഹന്മാരുടെ നാമത്തിൽ സ്ഥാപിതമായിട്ടുള്ള കോത്തല സെഹിയോൻ പള്ളിയുടെ ഈ ലഘു പ്രസിദ്ധീകരണം സമയോചിതമായിരിക്കുന്നു. പന്ത്രണ്ടു ശ്ലീഹന്മാരിൽ ചിലരെക്കുറിച്ചൊക്കെ പലർക്കും അല്പസ്വല്പം അറിയാമായിരിക്കും. എന്നാൽ എല്ലാവരെക്കുറിച്ചും അത്യാവശ്യം അറിഞ്ഞിരിക്കാൻ ഇതുപോലൊരു ലഘുഗ്രന്ഥം എല്ലാവർക്കും സഹായകമാണ്.

ശ്ലീഹാ എന്നു സുറിയാനിയിൽ പറഞ്ഞാലും അപ്പോസ്തോലസ് എന്നു ഗ്രീക്കിൽ പറഞ്ഞാലും 'അയക്കപ്പെട്ടവൻ' എന്നാണർത്ഥം. ഒരു ഭരണാധികാരിക്ക് പകരമായി അധികാരം നൽകി അയയ്ക്കപ്പെടുന്ന ആൾ എന്നാണ് ആ പദത്തിന്റെ സാങ്കേതിക സൂചന. യേശുതമ്പുരാൻ തന്റെ ശിഷ്യന്മാരോട് പറഞ്ഞു; "പിതാവു എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" (യോഹ. 20:21). ഈ നിയോഗം അപ്പോസ്തോലന്മാർക്ക് ലഭിച്ചതിന് ഒരു അനന്യത്വം ഉള്ളതിനാൽ, അപ്പോസ്തോലിക സമൂഹത്തിന്റെ പ്രത്യേകമായ പ്രാധാന്യം ചോദ്യം ചെയ്യപ്പെടാവുന്നതല്ല. യൂദാ സ്കറിയായുടെ സ്ഥാനത്ത് മഥ്യാസിനെ തിരഞ്ഞെടുത്തു എന്നതു തന്നെ ഈ പ്രത്യേക പ്രാധാന്യത്തിനുദാഹരണമാണ്. ശ്ലീഹന്മാരുടെ സമൂഹത്തിന് പൊതുവായതെങ്കിലും അനന്യമായ അധികാരം നൽകപ്പെട്ടിരിക്കുന്നു. ഈ അധികാരത്തോടുള്ള ചരിത്രപരമായ ബന്ധവും വിധേയത്വവും ഉറപ്പാക്കുന്ന പദങ്ങളാണ് "അപ്പോസ്തോലിക വിശ്വാസം", "അപ്പോസ്തോലിക പിന്തുടർച്ച", "ശ്ലൈഹിക സിംഹാസനം" മുതലായവ.

ശ്ലീഹന്മാരുടെ ജീവചരിത്രഗ്രന്ഥങ്ങൾ പരിമിതങ്ങളാണ് എങ്കിലും അങ്ങനെ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ബഹു. എ. എം. പൗലൂസ് അച്ചൻ രചിച്ചിട്ടുള്ള ഈ ഗ്രന്ഥം ആദിയോടന്തം മനോഹരമാണ്. ഞാൻ എഴുതിയ "സാക്ഷികളുടെ സമൂഹം" എന്ന ഗ്രന്ഥത്തിൽ അപ്പോസ്തോലന്മാരെക്കുറിച്ച് എഴുതിയിട്ടുള്ള കാര്യങ്ങൾ ഈ ഗ്രന്ഥത്തിനു പ്രയോജനപ്പെട്ടതായി മനസ്സിലാക്കുന്നു. അപ്പോസ്തോലന്മാരുടെ ജീവിത സാക്ഷ്യങ്ങളും മധ്യസ്ഥതയും, നമ്മുടെ ക്രിസ്തീയജീവിതത്തിന് ആഴവും പരപ്പും ഏകട്ടെ. ഈ ലഘുഗ്രന്ഥം പ്രസിദ്ധീകരിച്ചുകൊണ്ട് ജൂബിലി നിറവിൽ നിൽക്കുന്ന കോത്തല സെഹിയോൻ ഓർത്തഡോക്സ് ഇടവകയ്ക്ക് എല്ലാ ഭാവുകങ്ങളും.

**ഫാ. ഡോ. ജേക്കബ് കുര്യൻ**
വൈസ് പ്രിൻസിപ്പാൾ,
ഓർത്തഡോക്സ് സെമിനാരി കോട്ടയം

പന്ത്രണ്ട് ശ്ലീഹന്മാരുടെ പെരുന്നാൾ, 2007

# പ്രസാധകക്കുറിപ്പ്

**കോ**ത്തല സെഹിയോൻ ഓർത്തഡോക്സ് ദേവാലയത്തിന്റെ പ്ലാറ്റിനം ജൂബിലി ആചരണത്തിലെ പ്രധാനപ്പെട്ട ഒരു കാര്യപരിപാടി യാണ് പ. പന്ത്രണ്ടു ശ്ലീഹന്മാരുടെ ജീവചരിത്രത്തിന്റെ പ്രസിദ്ധീകരണം. വളരെ അർത്ഥവത്തും ഉചിതവുമായ ഒരു നടപടിയാണ് ഇതെന്ന് എടു ത്തുപറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ഇടവകയുടെ കാവൽപിതാക്കന്മാരായ പ. പന്ത്രണ്ടു ശ്ലീഹന്മാരുടെ ജീവിതത്തെപ്പറ്റി അവശ്യം വേണ്ട അറിവുകൾ നൽകാൻ പര്യാപ്തമായ വിധത്തിലാണ് ഈ പുസ്തകത്തിന്റെ രചന. ഇടവകയിലെ മുൻ വികാരി ബഹുമാനപ്പെട്ട ആത്തുങ്കൽ പൗലൂസ് അച്ചൻ വളരെ ഭംഗിയായി അത് നിർവഹിച്ചിരിക്കുന്നു.

പന്ത്രണ്ട് ശ്ലീഹന്മാരുടെ നാമത്തിലുള്ള പള്ളികൾ മലങ്കരയിൽ അധി കമില്ല. തീർച്ചയായും ഇടവകാംഗങ്ങൾ തമ്മിൽ ഐക്യത്തിലും സ്നേഹ ത്തിലും പുലരുന്ന കോത്തല പള്ളി ഒരു മാതൃകാ ഇടവകയാണ് എന്നു ഞാൻ കരുതുന്നു. ശ്ലീഹന്മാരുടെ മധ്യസ്ഥതയാണ് ഈ ഇടവകയുടെ ഐക്യത്തിന്റെയും അഭിവൃദ്ധിയുടെയും അടിസ്ഥാനമെന്നു ഞാൻ വിശ്വ സിക്കുന്നു.

പന്തിരു ശ്ലീഹന്മാരുടെ ജീവചരിത്ര പാരായണം കൂടുതൽ നന്മയി ലേക്ക് നമ്മെ നയിക്കട്ടെ എന്ന് ആശംസിക്കുന്നു.

**ഫാദർ പി. എം. വറുഗീസ്, മാത്തശ്ശേരിൽ**
വികാരി
കോത്തല സെഹിയോൻ ഓർത്തഡോക്സ് പള്ളി

# മുഖവുര

മനുഷ്യവർഗ്ഗത്തിന്റെ രക്ഷാകരമായ വീണ്ടെടുപ്പിനു വേണ്ടി പിതാവാം ദൈവം തന്റെ ഏകജാതനായ പുത്രനെ ഈ ലോകത്തിലേക്ക് അയച്ചു. പുത്രനാംദൈവം തന്റെ ഈ ലോകവ്യാപാരത്തിൽ തന്നോടുകൂടെ ഇരിക്കുവാനും തന്റെ സുവിശേഷം ലോകത്തിൽ എല്ലായിടത്തും എത്തിക്കുവാനും പ്രത്യേകം തെരഞ്ഞെടുത്ത സമൂഹമാണ് ശ്ലീഹന്മാർ. ശ്ലീഹാ എന്ന സുറിയാനി പദത്തിന്റെ അർത്ഥം "അയയ്ക്കപ്പെട്ടവൻ" എന്നാണ്. ശ്ലീഹന്മാർ പിതാവിനാൽ അയയ്ക്കപ്പെട്ട് പരിശുദ്ധാത്മാവിൽ നിറഞ്ഞ് രക്ഷയുടെ സന്ദേശം ലോകത്തോട് അറിയിച്ചു. പരിശുദ്ധ ശ്ലീഹന്മാരെ സഭ പ്രത്യേകം ബഹുമാനിക്കുകയും അവരുടെ ഓർമ്മദിവസം പെരുന്നാളായി ആഘോഷിക്കുകയും ചെയ്യുന്നു.

സഭയുടെ തല കർത്താവാണെങ്കിൽ അടിത്തറ ശ്ലീഹന്മാരാണ്. ശ്ലീഹന്മാരും പ്രവാചകന്മാരുമാകുന്ന അടിത്തറ മേലാണ് സഭ പണിയപ്പെട്ടിരിക്കുന്നത് എന്ന എഫേസ്യ ലേഖനം 2-ാം അദ്ധ്യായം 20-ാം വാക്യത്തിൽ പരിശുദ്ധനായ പൗലോസ് ശ്ലീഹാ സാക്ഷിക്കുന്നുണ്ട്. ആദിമസഭ ഒരു ശ്ലൈഹീക സമൂഹമായി വളർന്നു വന്നു. അന്ന് സഭയിൽ അധികാരപൂർവ്വം തീരുമാനങ്ങളെടുത്തത് ശ്ലീഹന്മാരായിരുന്നു (അപ്പോ. 15). ശ്ലീഹന്മാരുടെ കൂട്ടായ നേതൃത്വമായിരുന്നു സഭയുടെ വളർച്ചയും ഉയർച്ചയും. അതുകൊണ്ടു തന്നെ പരിശുദ്ധ ശ്ലീഹന്മാരുടെ ജീവിതവും ചരിത്രവും ഓരോ വിശ്വാസിയും അറിഞ്ഞിരിക്കേണ്ടതാണ്. ശ്ലീഹന്മാർ ദൈവീക വെളിപ്പാടിന്റെ ആധാരശിലകളും ആദ്യകാല പ്രഘോഷകരുമാണ്. വിശുദ്ധ യോഹന്നാന്റെ സ്നാനം മുതൽ യേശുമിശിഹായോടു കൂടെ ഉണ്ടായിരുന്നവരാണ് ശ്ലീഹന്മാർ. അവരുടെ പ്രസംഗങ്ങളും വചനങ്ങളും പ്രവൃത്തികളും സകല ജനങ്ങൾക്കും ആശ്വാസം നല്കി.

ആദ്യ നൂറ്റാണ്ടു മുതൽ ശ്ലീഹന്മാരെക്കുറിച്ചുള്ള വ്യത്യസ്ത പാരമ്പര്യങ്ങൾ വിവിധ സമൂഹങ്ങളിൽ രൂപപ്പെട്ടു. അവരുടെ ആദർശജീവിതം അടുത്തറിയാനുള്ള ഒരു ശ്രമമാണ് ഈ ചെറുഗ്രന്ഥം. ശ്ലീഹന്മാരുടെ ജീവിതം, പ്രവർത്തനങ്ങൾ, ശ്ലൈഹീക പിന്തുടർച്ച എന്നിവയെപ്പറ്റി പൊതുവായും അതേസമയം ചുരുക്കമായും പ്രതിപാദിക്കുവാനാണ് ഇവിടെ ശ്രമിക്കുന്നത്.

ഈ ഗ്രന്ഥ നിർമ്മിതിയിൽ എന്നെ സഹായിച്ചവർ പലരുണ്ട്. ഈ ചെറുഗ്രന്ഥം എഴുതുവാൻ എന്നെ പ്രേരിപ്പിച്ച ഞാൻ വികാരിയായി ശുശ്രൂഷിച്ച പരിശുദ്ധ 12 അപ്പോസ്തോലന്മാരുടെ നാമത്തിൽ സ്ഥാപിതമായി 75 വർഷം പൂർത്തിയാക്കുന്ന എന്റെ കോത്തല സെഹിയോൻ

ഓർത്തഡോക്സ് പള്ളി മാനേജിംഗ് കമ്മറ്റിയോടും ഇടവകാംഗങ്ങളോടു മുള്ള സ്നേഹവും നന്ദിയും കടപ്പാടും വളരെ വലുതാണ്. മലങ്കര ഓർത്തഡോക്സ് സഭയുടെ ഒരു മാതൃകാ ഇടവക എന്നാണ് കോത്തല പള്ളിയെക്കുറിച്ച് ഞാൻ എപ്പോഴും സ്മരിക്കുന്നത്. ഈ ചെറുഗ്രന്ഥം ദൈവത്തിൽ ശരണപ്പെട്ടു കൊണ്ട് പന്തിരുശിഷ്യരുടെ മദ്ധ്യസ്ഥതയിൽ ആശ്രയിച്ചുകൊണ്ട് സവിനയം സമർപ്പിക്കട്ടെ.

**ഫാ. എ. എം. പൗലോസ് ആത്തുങ്കൽ**

# ഉള്ളടക്കം


| | | |
|---|---|---|
| | അവതാരിക | 5 |
| | പ്രസാധകക്കുറിപ്പ് | 6 |
| | മുഖവുര | 7 |
| 1. | പന്ത്രണ്ട് എന്ന സംഖ്യയുടെ ദൈവശാസ്ത്രപരമായ..... | 10 |
| 2. | വിശുദ്ധ പത്രോസ് ശ്ലീഹാ | 12 |
| 3. | വിശുദ്ധ അന്ത്രയോസ് | 20 |
| 4. | സെബദിയുടെ പുത്രൻ യാക്കോബ് | 24 |
| 5. | യോഹന്നാൻ ശ്ലീഹാ | 28 |
| 6. | പീലിപ്പോസ് ശ്ലീഹാ | 32 |
| 7. | വിശുദ്ധ ബർത്തുൽമായി ശ്ലീഹാ | 35 |
| 8. | വിശുദ്ധ തോമ്മാ ശ്ലീഹാ | 39 |
| 9. | വിശുദ്ധ മത്തായി ശ്ലീഹാ | 43 |
| 10. | അൽപ്പായിയുടെ പുത്രൻ യാക്കോബ് | 48 |
| 11. | തീക്ഷ്ണവാനായ ശീമോൻ | 51 |
| 12. | യൂദ്ദാ തദ്ദേവൂസ് | 54 |
| 13. | വിശുദ്ധ മത്തിയാസ് ശ്ലീഹാ | 58 |
| 14. | പരിശുദ്ധ പന്തിരു ശ്ലീഹന്മാരോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന | 60 |

# 1

# പന്ത്രണ്ട് എന്ന സംഖ്യയുടെ ദൈവശാസ്ത്രപരമായ പ്രാധാന്യം

നമ്മുടെ കർത്താവ് ശിഷ്യന്മാരെ തെരഞ്ഞെടുത്തപ്പോൾ അവരുടെ എണ്ണം എന്തുകൊണ്ടാണ് പന്ത്രണ്ട് എന്ന് നിശ്ചയിച്ചത് എന്നത് പലരും ചോദിക്കുന്ന ചോദ്യമാണ്. എന്നാൽ വിശുദ്ധ വേദപുസ്തകം പരിശോധിക്കുമ്പോൾ പന്ത്രണ്ടിന് അനവധി അർത്ഥങ്ങൾ നാം കാണുന്നുണ്ട്. അതിൽ ചിലത് ഇവിടെ ചൂണ്ടിക്കാണിക്കട്ടെ.

അബ്രഹാമിന്റെ കാലത്ത് ഏലാമിലെ രാജാവായിരുന്ന കേദോർലാവോമറിനെ മറ്റു രാജാക്കന്മാർ 12 വർഷം ശുശ്രൂഷ ചെയ്തു (ഉല്പത്തി 14:4). അബ്രഹാം തന്റെ പുത്രനായ ഇസ്മായേലിനു വേണ്ടി പ്രാർത്ഥിച്ചപ്പോൾ ദൈവം അവനെ അനുഗ്രഹിക്കുകയും അവൻ 12 രാജാക്കന്മാർക്ക് പിതാവായിരിക്കുമെന്ന് അനുഗ്രഹം നല്കുകയും ചെയ്തു (ഉല്പ. 17:20). പൂർവ്വ പിതാവായ യാക്കോബിനു പന്ത്രണ്ടു മക്കൾ ഉണ്ടായിരുന്നു. അവർ ഇസ്രായേൽ ജനത്തിന്റെ ഗോത്രത്തലവന്മാരായി അറിയപ്പെട്ടു (ഉല്പത്തി 35:23).

ഇസ്രായേൽ ജനം കനാൻ ദേശത്തേയ്ക്കുള്ള യാത്രയിൽ സൂർ മരുഭൂമിയിൽ എലീം ദേശത്തു വന്നപ്പോൾ അവിടെ 12 നീരുറവകൾ ഉണ്ടായിരുന്നതായി കണ്ടെത്തി (പുറപ്പാട് 15:27). പത്തു കല്പനകൾ ഉൾക്കൊള്ളുന്ന രണ്ട് കല്പലകകൾ സ്വീകരിച്ച് സീനായി മലമുകളിൽ നിന്നും ഇറങ്ങി വന്ന മോശ മലയുടെ അടിവാരത്തിൽ 12 ഗോത്രങ്ങൾക്കായി 12 സ്തംഭങ്ങളും ഒരു ബലിപീഠവും നിർമ്മിച്ചു (പുറപ്പാട് 24:4-5). ഇസ്രായേലിന്റെ പ്രധാനാചാര്യൻ സ്ഥാനവസ്ത്രങ്ങളോടൊപ്പം ധരിക്കുന്ന തോൾവാറുകളിൽ രണ്ട് വൈഡൂര്യകല്ലുകളെടുത്ത് ഓരോ കല്ലിലും ആറു പേരുകൾ വീതം പന്ത്രണ്ട് നാമങ്ങൾ വഹിച്ചിരുന്നു (പുറപ്പാട് 28:10-12).

യഹോവയുടെ പരിശുദ്ധമായ യാഗപീഠത്തിൽ 12 കാഴ്ചയപ്പങ്ങളാണ് സമർപ്പിക്കപ്പെട്ടിരുന്നത് (ലേവ്യ 24:5). കനാൻ ദേശം ഉറ്റുനോക്കുവാൻ മോശ 12 പേരെയാണ് അയച്ചത് (സംഖ്യാ 13:1-6). യോർദ്ദാൻ നദി വിഭജിക്കപ്പെടുന്നതിന് മുമ്പ് ഇസ്രായേൽ ഗോത്രങ്ങളിൽ നിന്ന് പന്ത്രണ്ടു പേർ തെരഞ്ഞെടുക്കപ്പെട്ടു. ഇവർ ഓരോ കല്ലു വീതം എടുത്തിരുന്നു. മോശ കല്പിച്ചതുപോലെ യോർദ്ദാന്റെ നടുവിൽ നാട്ടി (യോശുവ 4:4-10).

ശലോമോൻ രാജാവ് പണികഴിപ്പിച്ച ദേവാലയത്തിലെ ഓട്ടു സ്തംഭങ്ങൾക്ക് പന്ത്രണ്ടു മുഴം വണ്ണമുണ്ടായിരുന്നു (1 രാജാ. 7:15). ദേവാലയത്തിന്റെ ജല സംഭരണി 12 കാളകളുടെ പുറത്താണ് വയ്ക്കപ്പെട്ടിരുന്നത് (1 രാജാ. 7:25). ശലോമോൻ രാജാവ് തന്റെ സിംഹാസനത്തിന്റെ പടികളിന്മേൽ പന്ത്രണ്ട് സിംഹങ്ങളെ നിർത്തിയിരുന്നു (1 രാജാ. 10:20).

ഏലിയാ പ്രവാചകൻ ബാലിന്റെ പ്രവാചകന്മാരുമായുള്ള മത്സരത്തിൽ ഇസ്രായേലിന്റെ ഗോത്രസംഖ്യയ്ക്ക് ഒത്തവണ്ണം 12 കല്ലുകൾ കൊണ്ട് ബലിപീഠമുണ്ടാക്കി അതിന്മേൽ ദഹനയാഗം അർപ്പിച്ചു (1 രാജാ. 18:31). യോഹന്നാൻ ശ്ലീഹായ്ക്കുണ്ടായ വെളിപ്പാടിൽ സൂര്യനെ ഉടയാടയാക്കിയ സ്ത്രീയുടെ കിരീടത്തിൽ 12 നക്ഷത്രങ്ങളുണ്ടായിരുന്നു (വെളിപ്പാട് 12:1). സ്വർഗ്ഗീയ യെരുശലേമിന് 12 ഗോപുരങ്ങളും ഗോപുരങ്ങളിൽ 12 ദൂതന്മാരും ഇസ്രായേൽ ജനത്തിന്റെ 12 ഗോത്രങ്ങളും പട്ടണത്തിന്റെ മതിലിന് പന്ത്രണ്ട് അടിസ്ഥാനങ്ങളും അവയിൽ കുഞ്ഞാടിന്റെ പന്ത്രണ്ട് ശ്ലീഹന്മാരുടെ പന്ത്രണ്ട് പേരുകളും ജീവന്റെ നദിയുടെ ഇരുകരകളിലുമുള്ള ജീവന്റെ വൃക്ഷത്തിന്റെ പന്ത്രണ്ട് ഫലങ്ങളും ഉണ്ടെന്ന് എഴുതപ്പെട്ടിരുന്നു (വെളിപ്പാട് 21:12-14; 22:2). ഇസ്രായേലിലെ പന്ത്രണ്ട് ഗോത്രങ്ങളിൽ ഓരോന്നിൽ നിന്നും പന്തീരായിരം പേർ വീതം രക്ഷയ്ക്കായി ദൈവത്താൽ മുദ്രയിടപ്പെട്ടതായി നാം വായിക്കുന്നു (വെളിപ്പാട് 7:4-8).

പിതാവായ ദൈവം തെരഞ്ഞെടുത്ത ഇസ്രായേൽ ജനത്തെ പന്ത്രണ്ട് ഗോത്രങ്ങളായി അവയിൽ പന്ത്രണ്ട് ഗോത്രപിതാക്കന്മാരെ നിയമിച്ചതുപോലെ നമ്മുടെ കർത്താവും പന്ത്രണ്ടു ശ്ലീഹന്മാരെ തെരഞ്ഞെടുത്തു (ലൂക്കോ. 6:12-17). അന്ത്യന്യായവിധി നാളിൽ അവർ പന്ത്രണ്ടു സിംഹാസനങ്ങളിലിരുന്നു ഇസ്രായേൽ ജനത്തിന്റെ പന്ത്രണ്ടു ഗോത്രങ്ങളെയും ന്യായം വിധിക്കും (മത്തായി 19:28).

ഈ വിധത്തിൽ വിശുദ്ധ വേദപുസ്തകത്തിന്റെ അടിസ്ഥാനത്തിൽ ദൈവീക വെളിപ്പാടിൽ പന്ത്രണ്ട് എന്ന സംഖ്യയ്ക്ക് ദൈവശാസ്ത്രപരമായി ആഴമായ അർത്ഥതലങ്ങളാണുള്ളത്. അതുകൊണ്ടാണ് നമ്മുടെ കർത്താവ് ശ്ലീഹന്മാരുടെ സംഖ്യ പന്ത്രണ്ട് എന്ന് നിശ്ചയിച്ചത്.

# 2

# വിശുദ്ധ പത്രോസ് ശ്ലീഹാ

**ക**ർത്താവ് തെരഞ്ഞെടുത്ത ശ്ലീഹന്മാരിൽ പ്രധാനിയായിരുന്നു വി. പത്രോസ്. വി. പത്രോസിനു പുതിയനിയമത്തിൽ മൂന്നു പേരുകൾ കൂടി ഉപയോഗിച്ചു കാണുന്നുണ്ട്. ശീമോൻ എന്നും ശിമയോൻ എന്നും ചിലപ്പോൾ കേഫാ എന്നുമുള്ള പേരുകളിൽ അദ്ദേഹം അറിയപ്പെട്ടിരുന്നു. കർത്താവിന്റെ ജീവിതത്തിലെ പല സുപ്രധാന നിമിഷങ്ങളും കണ്ടവനാണ് പത്രോസ് ശ്ലീഹാ. മിശിഹായ്ക്കും അവിടുത്തെ സുവിശേഷത്തിനും വേണ്ടി ആദ്യം തടവുകാരനായ വ്യക്തിയാണ് വി. പത്രോസ്.

### പത്രോസിന്റെ ജനനം

യോർദാൻ നദീതീരത്തുള്ള ബേത്സയിദ എന്ന കൊച്ചു ഗ്രാമത്തിലാണ് പത്രോസ് ജനിച്ചത്. പിതാവിന്റെ പേര് യോഹന്നാൻ എന്നായിരുന്നു. 'മുക്കുവന്റെ സ്വർഗം' എന്നാണ് ബേത്സയിദ എന്ന പദത്തിന്റെ അർത്ഥം. മത്സ്യബന്ധനം ഉപജീവനമാർഗ്ഗമാക്കിയ ധാരാളം കുടുംബങ്ങൾ അന്ന് ബേത്സയിദായിൽ ഉണ്ടായിരുന്നതായി ഗവേഷകർ പറയുന്നു. വിവാഹിതനായിരുന്ന പത്രോസ് തന്റെ കുടുംബം പുലർത്തുവാൻ മീൻപിടുത്തം തൊഴിലായി സ്വീകരിച്ചു. പത്രോസിന്റെ തൊഴിൽ ചരിത്രത്തിൽ ഒരദ്ഭുതം കാണിച്ചുകൊണ്ട് യേശു അദ്ദേഹത്തെ മനുഷ്യരെ പിടിക്കുവാൻ (ലൂക്കാ. 5:1-11) വിളിച്ചു. പത്രോസ് മിശിഹായുടെ സമകാലികനാണെന്ന് ചരിത്രകാരന്മാർ പറയുന്നു. മിശിഹായ്ക്ക് മുമ്പ് ആറിനും ഒന്നിനും ഇടയ്ക്കുള്ള വർഷമായിരിക്കും പത്രോസ് ജനിച്ചത് എന്ന് പറയപ്പെടുന്നു.

### കുടുംബ പശ്ചാത്തലം

നഫ്ത്താലി ഗോത്രത്തിലാണ് പത്രോസ് ജനിച്ചത്. പത്രോസിന്റെ പിതാവിനെ യോഹന്നാൻ എന്നും യോനാ എന്നും വിളിച്ചിരുന്നു. യോനായുടെ പുത്രനായ ശീമോൻ എന്നാണ് പൊതുവെ അറിയപ്പെട്ടിരുന്നത്. മാതാവിന്റെ പേര് യോവന്ന എന്നായിരുന്നു. അന്ത്രയോസ് പത്രോസിന്റെ ഇളയവനായി കരുതപ്പെടുന്നു. ഒരുപക്ഷേ, യേശു അദ്ദേഹത്തെ വിളിക്കുന്നതിന് മുമ്പ് പത്രോസ് തന്റെ സഹോദരനായ അന്ത്രയോസ് മുഖാന്തിരം യേശുവിനെ പരിചയപ്പെടുന്നു (യോഹന്നാൻ 1:40-42). പത്രോസിന്റെ ഭവനത്തിൽ യേശു ചെന്ന് അദ്ദേഹത്തിന്റെ അമ്മാവിയമ്മയെ സൗഖ്യമാക്കിയതോടു കൂടി പത്രോസിന്റെ ഹൃദയം മുഴുവനും യേശു പിടിച്ചടക്കിക്കഴിഞ്ഞിരുന്നു. തികഞ്ഞ പരമാർത്ഥതയും നേതൃത്വശക്തിയും നിർ

മ്മല സ്നേഹവും നിറഞ്ഞ ഒരു വ്യക്തിത്വത്തെയാണ് പത്രോസിൽ നാം കാണുന്നത്. അതുകൊണ്ടു തന്നെ ശിഷ്യസമൂഹത്തിൽ ഒന്നാമനായും യേശുവിന്റെ ഏറ്റവും ഉറ്റബന്ധമുള്ള ശിഷ്യരിൽ ഒരുവനായും അദ്ദേഹം പ്രതിഷ്ഠിക്കപ്പെട്ടു. യേശുക്രിസ്തുവിന്റെ പരസ്യ ശുശ്രൂഷയിലെ ചില അനർഘ നിമിഷങ്ങൾക്ക് സാക്ഷികളായ ചുരുക്കം ചിലരിൽ ഒരാളായിരുന്നു വി. പത്രോസ്.

## വിദ്യാഭ്യാസം, വിവാഹം

ക്രിസ്തുവർഷം 64 വരെ പാലസ്തീനിലെ കുട്ടികൾക്ക് നിർബന്ധിത വിദ്യാഭ്യാസം നൽകിയിരുന്നില്ല. യഹൂദ റാബിമാരുടെ പ്രബോധനം വഴി ഏതു സാധാരണ യഹൂദനും മറ്റു വിദ്യാലയ വിദ്യാഭ്യാസത്തിന്റെ ആവശ്യം ഇല്ലായിരുന്നു. എന്നാൽ പ്രാദേശിക സിന്നഗോഗിലുള്ള വിദ്യാലയത്തിൽ 6-ാം വയസ്സിൽ തന്നെ പത്രോസ് അയക്കപ്പെട്ടു. തിരുവചനങ്ങൾ വായിച്ച് മനസ്സിലാക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുകയായിരുന്നു അന്നത്തെ പ്രാഥമിക വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. ഏഴു വർഷം പത്രോസ് അവിടെ പഠിച്ചിരുന്നു. ഗണിതം, ചരിത്രം, ശാസ്ത്രം തുടങ്ങിയവ അന്നത്തെ പതിവുപോലെ യഹൂദ ബാലന്മാരോടൊപ്പം ശീമോനും അഭ്യസിച്ചിരുന്നു. 13-ാം വയസ്സിൽ തന്റെ പ്രാഥമിക വിദ്യാഭ്യാസം അവസാനിച്ചു.

ഇരുപതാമത്തെ വയസിനോടനുബന്ധിച്ച് അന്നത്തെ യഹൂദന്മാരെല്ലാവരും വിവാഹം കഴിച്ചിരുന്നു. വിവാഹം കഴിക്കാത്ത പുരുഷൻ പൂർണ്ണ പുരുഷനല്ലെന്നു വരെ യഹൂദ റാബിമാർ കരുതിയിരുന്നു. വിവാഹം പലപ്പോഴും അടുത്ത ബന്ധുക്കളുമായാണ് നടത്തിയിരുന്നത്. സഹോദരമക്കൾ തമ്മിലുള്ള വിവാഹം സാർവ്വത്രികമായിരുന്നു. പത്രോസിന്റെ വിവാഹജീവിതം ഏകദേശം 50 വർഷത്തോളം നീണ്ടെങ്കിലും അദ്ദേഹത്തിന്റെ ഭാര്യയെക്കുറിച്ച് നമുക്ക് വ്യക്തമായ അറിവ് ലഭിച്ചിട്ടില്ല. പെർപത്വ (Perpetua) എന്നാണ് അവരുടെ പേരെന്ന് ചില ആദിമ സഭാപിതാക്കന്മാർ പറയുന്നുണ്ട്. 'പത്രോസിന്റെ നടപടികൾ' എന്ന ഗ്രന്ഥത്തിൽ പത്രോസിന് പെട്രോനിലെ (Petronille) എന്ന പേരിൽ ഒരു മകൾ ഉണ്ടായിരുന്നതായി കാണുന്നു. പത്രോസ് ആകാരപ്രകൃതിയിൽ വലിയ വലിപ്പമുള്ള വ്യക്തിയായിരുന്നില്ല. അഞ്ചടി നാലിഞ്ച് മാത്രം ഉയരമുള്ള മനുഷ്യനായിരുന്നു അദ്ദേഹം.

## പത്രോസിന്റെ ദൈവവിളി

എല്ലാ സുവിശേഷ പാരമ്പര്യങ്ങളും പത്രോസിനെ അന്ത്രയോസിനോടും സെബദി പുത്രന്മാരോടും ഒപ്പം കർത്താവിന്റെ ആദ്യ ശിഷ്യന്മാരിലൊരുവനായി കരുതുന്നു (മർക്കോ. 1:16-20, മത്താ. 4:18-22, യോഹ.

1:40–42). അന്ത്രയോസാണ് ശിമയോനെ കർത്താവിന്റെ അടുക്കലേക്ക് നയിച്ചത്. ശിഷ്യത്വം സ്വീകരിച്ചതിന്റെ അടയാളമായി ശിമയോന് കർത്താവ് 'പത്രോസ്' എന്ന് പുതിയ പേര് നൽകുന്നു (ലൂക്കോ. 5:1–11). യോഹന്നാൻ മാംദാനായുടെ പ്രസംഗങ്ങൾ കേൾക്കുവാൻ ഗലീലായിൽ നിന്നും യഹൂദ്യയിലേക്ക് പോയവരുടെ കൂട്ടത്തിൽ താനും ഉണ്ടായിരുന്നു. കർത്താവ് ഗലീലായിൽ തന്റെ പരസ്യ ശുശ്രൂഷ ആരംഭിക്കുന്ന സമയത്ത് പത്രോസിനെ കാണുന്നു. അവനെ വിളിക്കുന്നു. 'ഇന്നു മുതൽ നീ മനുഷ്യരെ പിടിക്കുന്നവനാകും' എന്ന് കർത്താവ് അവനെക്കുറിച്ച് അരുളിച്ചെയ്തു. പാറയായിത്തീരുന്നതിനുള്ള പാതയിൽ കർത്താവ് അവനെ വഴി നടത്തി.

അദ്ഭുതകരമായ മീൻപിടുത്തത്തിൽ സാക്ഷിയാകേണ്ടി വന്ന പത്രോസ് കർത്താവിന്റെ വലിയ ശക്തിയെ മുഖാമുഖം ദർശിച്ചു. തന്റെ പാപാവസ്ഥ ഏറ്റുപറഞ്ഞു (ലൂക്കോസ് 5:6–8). മനുഷ്യരെ പിടിക്കുന്നവനാക്കാം എന്ന ആഹ്വാനത്തിന് ചെവികൊടുത്ത പത്രോസ് സകലവും ഉപേക്ഷിച്ച് കർത്താവിനെ അനുഗമിച്ചു (ലൂക്കോ. 5:9–11). കർത്താവിൽ സമ്പാദ്യം കണ്ടെത്തിയതുകൊണ്ടാണ് അവൻ സകലവും ഉപേക്ഷിക്കാൻ സന്നദ്ധനായത്. അവിടുത്തെ സ്വന്തമായി കരുതി അവൻ ആ പാദങ്ങൾ പിൻപറ്റി.

## പത്രോസിന്റെ വിശ്വാസപ്രഖ്യാപനം

ശിഷ്യത്വത്തിന്റെ പാതയിൽ കർത്താവിലുള്ള വിശ്വാസം സ്വീകരിച്ച് ഏറ്റുപറയുവാൻ ലഭിച്ച അവസരങ്ങൾ പത്രോസിന്റെ ജീവിതത്തിൽ സുപ്രധാനമായ നാഴികക്കല്ലുകളായിരുന്നു. ഒന്നാമത്തേത് യോഹന്നാന്റെ സുവിശേഷത്തിലാണ് വിവരിച്ചിരിക്കുന്നത്. അഞ്ചപ്പം കൊണ്ട് 5000 പേരെ തൃപ്തിപ്പെടുത്തിയതിന് ശേഷം കർത്താവ് വി. കുർബ്ബാനയെക്കുറിച്ച് പ്രഭാഷണം നടത്തി. 'സ്വർഗത്തിൽ നിന്ന് ഇറങ്ങിവന്ന ജീവനുള്ള അപ്പം ഞാനാകുന്നു. ഈ അപ്പം ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും. ഞാൻ കൊടുക്കുന്ന അപ്പം ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നൽകുന്ന എന്റെ ശരീരമാകുന്നു' (യോഹ. 6:51–66). എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്. ഈ വാക്കുകൾ ആർക്കും കാര്യമായി മനസ്സിലായില്ല. ഇത്തരം സാഹചര്യത്തിൽ ഈ വചനം കഠിനമെന്ന് പറഞ്ഞ് അനുഗാമികളിൽ പലരും കർത്താവിനെ വിട്ടുപോയി. അപ്പോൾ കർത്താവ് ശിഷ്യന്മാരുടെ നേരെ തിരിഞ്ഞ് അവരോട് 'നിങ്ങളും പോകാൻ ആഗ്രഹിക്കുന്നുവോ" എന്ന് ചോദിച്ചു. അതിന് പത്രോസാണ് മറുപടി നൽകിയത്. "കർത്താവേ ഞങ്ങൾ ആരുടെ പക്കൽ പോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ

പക്കലുണ്ടല്ലോ. നീ ദൈവത്തിന്റെ പരിശുദ്ധൻ എന്ന് ഞങ്ങൾ വിശ്വസിക്കുന്നു.'' കേസറിയാ ഫിലിപ്പിയിൽ വച്ചാണ് പത്രോസ് തന്റെ പ്രസിദ്ധമായ വിശ്വാസപ്രഖ്യാപനം നടത്തുന്നത്. ഹെർമ്മോൻ മലയുടെ താഴ്വരയിൽ സ്ഥിതിചെയ്യുന്ന ഒരു സ്ഥലമാണ് കേസറിയാ ഫിലിപ്പി. അവിടെ വെച്ച് കർത്താവ് അവരോട് ചോദിച്ചു. "മനുഷ്യപുത്രൻ ആരെന്നാണ് ജനങ്ങൾ പറയുന്നത്" (മത്താ. 16:13–20, മർക്കോ. 8:27–30). കർത്താവിനെപ്പറ്റി സാധാരണ ജനങ്ങൾ ചിന്തിച്ചത്, അവൻ യോഹന്നാൻ മാംദാന എന്നോ ഏലിയാവെന്നോ പ്രവാചകന്മാരിൽ ഒരുവനെന്നോ ഒക്കെ ആയിരുന്നു. അപ്പോൾ കർത്താവ് അവരോട് എന്നാൽ ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത് എന്ന് ചോദിച്ചു. അതിന് പത്രോസ് 'നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹായാകുന്നു' എന്ന് ഏറ്റുപറഞ്ഞു. കർത്താവ് ആരെന്ന് വ്യക്തമായി മനസ്സിലാക്കുന്നതിനും അതു സ്വീകരിച്ച് ഏറ്റുപറയുന്നതിനും സാധിച്ച ആദ്യത്തെ ശിഷ്യൻ പത്രോസായിരുന്നു. കർത്താവ് അവനെ ശ്ലാഘിക്കുകയും 'യോനായുടെ പുത്രനായ ശീമോനെ നീ ഭാഗ്യവാൻ' എന്ന് പറയുകയും ചെയ്തു.

ശിഷ്യന്മാരിൽ ഏറ്റവും കൂടുതൽ യേശുവിന്റെ ശാസന കേൾക്കുന്നതും പത്രോസ് തന്നെയാണ് (മത്താ. 16:22–23, മർക്കോ. 8:32–33). യേശുവുമായുള്ള ബന്ധത്തിൽ ആരെല്ലാം ഇടറിയാലും താൻ ഇടറുകയില്ലെന്ന് പ്രഖ്യാപിച്ച പത്രോസ്, അധികം താമസിയാതെ തന്നെ യേശുവിനെ മൂന്നു പ്രാവശ്യം തള്ളിപ്പറയുവാൻ ഇടയായി. തനിക്ക് പറ്റിയ അബദ്ധം മനസ്സിലാക്കുന്ന പത്രോസ് ആവോളം അനുതപിച്ചു. ആ അനുതാപത്തിന്റെ അംഗീകാരമാണ് യേശു ശിഷ്യസമൂഹത്തിന്റെ പ്രതിനിധിയായി പത്രോസിനെ വിളിച്ച് തന്റെ ആടുകളെ നയിപ്പാനുള്ള ഉത്തവാദിത്തം അദ്ദേഹത്തെ ഏല്പിക്കുന്നത്.

## പത്രോസിന്റെ സുവിശേഷ ഘോഷണം

വി. പത്രോസിന്റെ സുവിശേഷ ഘോഷണത്തിന് നാലു മണ്ഡലങ്ങൾ എങ്കിലും ഉണ്ടായിരുന്നിരിക്കണം. അജപാലകസ്ഥാനത്തേക്കുയർത്തപ്പെട്ട പത്രോസ് വർദ്ധിച്ച തീക്ഷ്ണതയോടെ സഭാ ശരീരത്തെ പടുത്തുയർത്താനുള്ള പ്രവർത്തനങ്ങളിൽ വ്യാപൃതനായി. യഹൂദ്യയും പരിസരപ്രദേശങ്ങളും അന്ത്യോഖ്യയും ചുറ്റുപാടും, ഏഷ്യാമൈനർ, റോം തുടങ്ങിയ സ്ഥലങ്ങളിലെല്ലാം അദ്ദേഹം ക്രിസ്തു സന്ദേശവുമായി ഓടിയെത്തി. അദ്ദേഹത്തിന്റെ സുവിശേഷഘോഷണയാത്രയിൽ സന്തത സഹചാരിയായി മർക്കോസും ഉണ്ടായിരുന്നു. മർക്കോസിന്റെ സുവിശേഷത്തിന്റെ പ്രധാന അടിസ്ഥാനമായി കരുതപ്പെടുന്നത് യേശുവിനെക്കുറിച്ചുള്ള വി. പത്രോസിന്റെ സ്മരണകളാണ്. അപ്പോസ്തോല പ്രവൃത്തി

കൾ പന്ത്രണ്ടാം അദ്ധ്യായം വരെ മിക്കവാറും നാം വായിക്കുന്നത് പത്രോസിന്റെ പ്രവർത്തികളെ കുറിച്ചാണ്. അദ്ദേഹത്തിന്റെ അചഞ്ചലമായ വിശ്വാസവും അപാരമായ ധൈര്യവും പ്രകടമാക്കുന്ന പല സംഭവങ്ങളും നാം ഇവിടെ കാണുന്നുണ്ട്.

പത്രോസിന്റെ പ്രസംഗം കേൾവിക്കാരുടെ മനഃസാക്ഷിയെ തട്ടിയുണർത്തി. യേശു ദൈവത്തിന്റെ പുത്രനായ മിശിഹായാണെന്ന് മനസ്സിലാക്കി അവർ പശ്ചാത്തപിച്ചു. ഇനിയും ഞങ്ങൾ എന്താണ് ചെയ്യേണ്ടതെന്ന് അവർ ചോദിച്ചു. പത്രോസ് അവരോട് വ്യക്തമായി പറഞ്ഞു. 'മാനസാന്തരപ്പെട്ട് പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തരും യേശുവിന്റെ നാമത്തിൽ മാമോദീസാ സ്വീകരിക്കണം. അപ്പോൾ പരിശുദ്ധാത്മാവ് എന്ന ദാനം നിങ്ങൾക്ക് ലഭിക്കും' (അപ്പോ. പ്രവൃത്തികൾ 2:28). അന്നു തന്നെ 3000-ത്തോളം പേർ മാമ്മോദീസാ സ്വീകരിച്ച് സഭയിൽ ചേർന്നു. അങ്ങനെ അനുതപിക്കുന്ന സകലർക്കും മിശിഹായിൽ കൂടി ദൈവത്തിങ്കലേക്ക് വരുവാനുള്ള വാതിൽ തുറന്നു. ആ വാതിൽ തുറക്കുവാനുള്ള താക്കോൽ കർത്താവ് പത്രോസിന് നല്കുന്നു (മത്താ. 16:19). ദൈവാലയ ഗോപുരത്തിന് സമീപം ഭിക്ഷ യാചിച്ചുകൊണ്ടിരുന്ന മുടന്തനെ സൗഖ്യമാക്കിയത് യോഹന്നാനോടു കൂടെ പ്രാർത്ഥിക്കുവാൻ അവിടെ ചെന്ന പത്രോസായിരുന്നു. അതിനെ തുടർന്നുണ്ടായ സംഭവവികാസങ്ങളുടെ ഫലമായി ആ രണ്ട് ശ്ലീഹന്മാരും തടവിലാക്കപ്പെട്ടു. അവർ ന്യായാസനത്തിന്റെ മുമ്പിൽ ധീരതയോടെ നിലകൊണ്ടു. യേശുവിന്റെ നാമത്തിൽ ഉപദേശിക്കുകയോ സംസാരിക്കുകയോ ചെയ്യരുതെന്ന നിരോധനാജ്ഞയെ അവർ എതിർത്തു. ദൈവത്തേക്കാൾ അധികം മനുഷ്യനെ അനുസരിക്കുന്നത് ദൈവത്തിന്റെ മുമ്പാകെ ന്യായമല്ലെന്ന് അവർ പറഞ്ഞു. പത്രോസ് ധീരനായ ഒരു സാക്ഷിയായിത്തീർന്നു. പരിശുദ്ധാത്മാവിനോട് വ്യാജമായി പ്രവർത്തിച്ച അനന്യാസിനോടും സഫീറയോടും കർശനമായി പെരുമാറിയത് പത്രോസായിരുന്നു.

പൗലോസ് തന്റെ മാനസാന്തരത്തിനു ശേഷം മൂന്നു വർഷം കഴിഞ്ഞ് യെറുശലേമിൽ എത്തി. യെറുശലേം സഭയെ അന്ന് നയിച്ചിരുന്നത് പത്രോസായിരുന്നു (ഗലാ. 1:18-19). ക്രിസ്തീയസഭ യഹൂദന്മാരുടെയിടയിൽ വളർന്നുവരുന്നതിന് കാരണക്കാരനായ പ്രധാന വ്യക്തിയായിരുന്നു പത്രോസ്.

### പത്രോസ് കാരാഗൃഹത്തിൽ

ഹേറോദേസ് ഒന്നാമൻ പാലസ്റ്റീൻ നാട് മുഴുവന്റേയും നിയന്ത്രണം ഏറ്റെടുത്ത് യഹൂദ്യയും ശമറിയായും തന്റെ അധികാരത്തിൻകീഴിൽ കൊണ്ടുവന്ന കാലമായിരുന്നു അത്. തന്റെ അധീനതയിലുള്ള യഹൂദരെ

പ്രീതിപ്പെടുത്തുവാൻ അവൻ ക്രൈസ്തവരെ പീഡിപ്പിച്ചു. ശ്ലീഹന്മാരിൽ ഒരുവനും സെബദിയുടെ പുത്രനുമായ യാക്കോബിനെ അവർ വധിച്ചു. ഇത് യഹൂദന്മാർക്ക് സന്തോഷമായി. അതിനാൽ പത്രോസിനേയും അവർ തടവിലാക്കി. എന്നാൽ സഭയുടെ ശക്തമായ പ്രാർത്ഥന മൂലം അദ്ഭുതകരമാംവിധം പത്രോസ് രക്ഷപെട്ടു (അപ്പോ. 12:1-17). അവൻ കാരാഗൃഹത്തിൽ ഉറങ്ങുമ്പോൾ പെട്ടെന്നു കർത്താവിന്റെ ദൂതൻ അവന് പ്രത്യക്ഷപ്പെട്ടു. 'വേഗം എഴുന്നേൽക്കുക' എന്ന് പറഞ്ഞ് അവനെ തട്ടി യുണർത്തി. ഉടനെ അവന്റെ കൈയിലെ ചങ്ങലകൾ താഴെ വീണു. ദൂതൻ അവനെ കൂട്ടി ഒന്നും രണ്ടും വാതിലുകൾ തുറന്ന് പട്ടണത്തിന്റെ വാതിക്കൽ കൊണ്ടുചെന്ന് വിട്ടു.

## പത്രോസിന്റെ രക്തസാക്ഷിമരണം

ക്രിസ്തുവർഷം 54 മുതൽ റോമാ ഭരിച്ചിരുന്നത് നീറോ ചക്രവർത്തി യായിരുന്നു. 16-ാം വയസ്സിലാണ് അദ്ദേഹം ഭരണം ഏറ്റെടുത്തത്. ആദ്യം കുറെ വർഷങ്ങൾ തന്റെ ഗുരുവായ ലൂഷിയസ് അന്നവൂസ് എന്ന സേനാ നായകന്റെ ഉപദേശത്തോടെ അദ്ദേഹം നീതിപൂർവ്വം ഭരിച്ചു. എന്നാൽ പിന്നീട് ദ്രവ്യാഗ്രഹത്തിൽ നീറോ നിറഞ്ഞു. തന്നെ പ്രീതിപ്പെടുത്താത്ത സകലരേയും അദ്ദേഹം വാളിനിരയാക്കി. ക്രിസ്ത്യാനികളെ അദ്ദേഹം പകയോടെ വീക്ഷിച്ചു.

ക്രിസ്തുവർഷം 64 ജൂലൈ 19-ാം തീയതി റോമായിലെ കീലിയൻ, വാലറ്റൈൻ എന്നീ കുന്നുകളിലുണ്ടായിരുന്ന തടിപ്പുരകൾക്ക് തീ പിടിച്ചു. 9 ദിവസം അഗ്നിബാധ നിയന്ത്രണാതീതമായി തുടർന്നു. റോമാ നഗര ത്തിന്റെ മൂന്നിൽ രണ്ടു ഭാഗം കത്തിച്ചാമ്പലായി. നൂറുകണക്കിന് ആളു കൾ മരിച്ചു. അഗ്നിബാധയുടെ ഉത്തരവാദിത്തം ക്രിസ്ത്യാനികൾക്കാ ണെന്ന് നീറോ പ്രഖ്യാപിച്ചു. ദൈവം ആകാശത്തു നിന്ന് തീ ഇറക്കി സകലരേയും നശിപ്പിക്കുമെന്ന് പത്രോസും പൗലോസും പ്രസംഗിച്ച തായി നീറോ ആരോപിച്ചു. ക്രിസ്തീയത അപകടകരമായ അന്ധവി ശ്വാസമായി മുദ്രകുത്തപ്പെട്ടു. അങ്ങനെ നീറോയുടെ കാലത്തു ക്രിസ്ത്യാ നികളെ തിരഞ്ഞുപിടിച്ച് പീഡിപ്പിക്കാൻ അദ്ദേഹം ഉത്തരവിട്ടു. നീറോ ചക്രവർത്തിയുടെ തീരുമാനപ്രകാരം കുരിശിൽ തറയ്ക്കപ്പെടുവാൻ വിധിക്കപ്പെട്ട പത്രോസിന് ഒരാഗ്രഹം മാത്രമേ ഉണ്ടായിരുന്നുള്ളു. തന്റെ ഗുരുവിന്റെ കാലുകളിൽ ചുംബിക്കുന്ന രീതിയിൽ തലകീഴായി കുരിശി ക്കപ്പെടണം. അത് നിറവേറപ്പെട്ടു. വി. പത്രോസും വി. പൗലോസും ഒരു ദിവസം വധിക്കപ്പെട്ടു എന്നാണ് വിശ്വസിക്കുന്നത്. എ. ഡി. 67 ജൂൺ മാസം 29-ാം തീയതി അവർ രക്തസാക്ഷികളായെന്നാണ് വിശ്വാസം. അതുകൊണ്ട് സഭ അവരുടെ പെരുന്നാൾ ജൂൺ 29-ാം തീയതി കൊണ്ടാ ടുന്നു. വി. പത്രോസിന്റെ ഭൗതീകാവശിഷ്ടങ്ങൾ സംസ്ക്കരിച്ചിരിക്കുന്ന

സ്ഥാനത്താണ് റോമിലെ സുപ്രസിദ്ധമായ സെന്റ് പീറ്റേഴ്സ് ബസിലിക്ക സ്ഥിതി ചെയ്യുന്നത്.

## പത്രോസിന്റെ കൃതികൾ

പുതിയനിയമത്തിൽ വിശുദ്ധ പത്രോസിന്റെ നാമത്തിൽ രണ്ടു ലേഖനങ്ങളുണ്ട്. ഒന്നാം ലേഖനം യെറുശലേമിൽ വെച്ചും രണ്ടാം ലേഖനം റോമിൽ വെച്ചും എഴുതപ്പെട്ടതാണെന്ന് വിശ്വസിച്ചു പോരുന്നു. ഒന്നാം ലേഖനം പ്രധാനമായും പീഡകൾ അനുഭവിക്കുന്നവരെ ധൈര്യപ്പെടുത്തുവാനാണ് എഴുതപ്പെട്ടത്. കഷ്ടത അനുഭവിക്കുന്നവർക്ക് ആശ്വാസവും പ്രത്യാശയും പകരുന്ന അനേകം ദൂതുകൾ ഈ ലേഖനത്തിൽ കാണാം. ഉദാ: പത്രോസ് 1:6–7, 3:17, 4:13–16.

രണ്ടാം ലേഖനത്തിൽ ദൈവത്തിന്റെ വിളിയും തെരഞ്ഞെടുപ്പും ഓർമ്മിപ്പിച്ചുകൊണ്ട് അബദ്ധോപദേശങ്ങളിൽ നിന്നും അധാർമ്മിക ജീവിതത്തിൽ നിന്നും ഒഴിഞ്ഞ് ക്രിസ്തുവിന്റെ വരവിന്റെ പ്രത്യാശയിൽ സൂക്ഷ്മതയോടിരിപ്പാൻ ആഹ്വാനം ചെയ്യുന്നു.

## വിശുദ്ധ പത്രോസിന് സഭയിലെ സ്ഥാനം

വി. പത്രോസിന് മറ്റ് അപ്പോസ്തോലന്മാരുടെ ഇടയിൽ ഒരു പ്രത്യേക സ്ഥാനം ഉണ്ടായിരുന്നുവെന്നത് തർക്കമറ്റ സംഗതിയാണ്. എന്നാൽ ഈ സ്ഥാനത്തെ മേലധികാരമായി തെറ്റിദ്ധരിക്കുന്നത് ശരിയല്ല. ശിഷ്യന്മാർക്ക് യേശു നൽകുന്ന അധികാരം എപ്പോഴും പൊതുവായിട്ടായിരുന്നു (മത്താ. 10:1, 19:28, യോഹ. 20:23, മർക്കോ. 16:14–18). പത്രോസിനുണ്ടായിരുന്ന സ്ഥാനം അദ്ദേഹത്തിന്റെ വ്യക്തിപരമായ ഒരു ശ്രേഷ്ഠത കൊണ്ടായിരുന്നു. ആ സ്ഥാനം മറ്റാർക്കും അവകാശപ്പെടാൻ സാധ്യമല്ല. പത്രോസിന്റെ സ്ഥാനത്തിനോടനുബന്ധിച്ച് യാതൊരു പ്രത്യേക അധികാരവും ലഭിച്ചതായോ, അത് പ്രയോഗിച്ചതായോ ഒരു തെളിവും പുതിയനിയമത്തിലില്ല. യറുശലേം സുന്നഹദോസിൽ (അപ്പോ. പ്ര. 15) പത്രോസല്ല, വി. യാക്കോബാണ് അദ്ധ്യക്ഷൻ. മത്താ. 16:18–19 ലും യോഹ 21:18–19 ലും ശിഷ്യന്മാരുടെ പ്രതിനിധിയായിട്ട് മാത്രമാണ് യേശു പത്രോസിനെ കാണുന്നത്.

യഥാർത്ഥ ക്രൈസ്തവ വിശ്വാസിയുടെ ജീവിതമാതൃകയാണ് പത്രോസ്. പത്രോസായിത്തീർന്ന ശിമയോന്റെ ജീവിതത്തിൽ നിന്നും വിശ്വാസിക്ക് ഏറെ പഠിക്കാനുണ്ട്. ജീവിതത്തിൽ നേരിട്ട വെല്ലുവിളികൾ അദ്ദേഹത്തെ വളർത്തി. സ്വന്തം ശക്തിയിൽ ആശ്രയിക്കാതെ കുറവുകളെ സദാ പരിഹരിക്കുന്ന ദൈവത്തിന്റെ കൃപയിൽ ആശ്രയിച്ചു എന്നതാണ് പത്രോസിന്റെ ജീവിതവിജയത്തിന്റെ കാതൽ. സ്വന്തം ബലത്തിൽ

ആശ്രയിച്ചാൽ പത്രോസിനെപ്പോലെ നാമും ബലഹീനരായി വെള്ള ത്തിൽ താഴും. കർത്താവിനെ വിളിച്ചപേക്ഷിച്ചാൽ അവിടേയും നാം രക്ഷ പ്രാപിക്കും (മത്താ. 14:28–33).

ഉത്ഥിതന്റെ അടുത്തെത്താനുള്ള സാഹസികതയും ധൈര്യവും പത്രോസിൽ നിന്നും ഇന്നത്തെ സഭാ വിശ്വാസികൾ കണ്ടുപഠിക്കണം.

# 3

# വിശുദ്ധ അന്ത്രയോസ്

**വി.** പത്രോസിന്റെ സഹോദരനും ബത്സയിദാ ദേശക്കാരനും പത്രോസിനെപ്പോലെ തന്നെ മുക്കുവനുമായിരുന്നു അന്ത്രയോസ്. അദ്ദേഹം ആദ്യം യോഹന്നാൻ സ്നാപകന്റെ ശിഷ്യനായിരുന്നു. അന്ത്രയോസ് ആദ്യം യേശുവിനെ അന്വേഷിച്ചുചെന്ന് ആദ്യം വിളിക്കപ്പെട്ടവൻ എന്ന അർത്ഥത്തിൽ 'പ്രോട്ടോ ക്ലേറ്റോസ്' എന്ന സ്ഥാനപ്പേരിന് അർഹത നേടി. പത്രോസിനേയും മറ്റ് പലരേയും യേശുവിങ്കലേക്ക് കൊണ്ടുവരുന്ന വ്യക്തിയായിട്ടാണ് യോഹന്നാന്റെ സുവിശേഷത്തിൽ അന്ത്രയോസിനെ ചിത്രീകരിക്കുന്നത്. മിശിഹായെ കണ്ടെത്തിയെന്ന് പറഞ്ഞുകൊണ്ട് അന്ത്രയോസ് തന്റെ സഹോദരനായ പത്രോസിനെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു (യോഹ. 1:40-42). അഞ്ചപ്പം കൊണ്ട് അയ്യായിരത്തെ തൃപ്തിപ്പെടുത്തുവാൻ മുഖാന്തിരമായ അഞ്ചപ്പം കൈവശമുണ്ടായിരുന്ന ബാലനെ കണ്ടുപിടിച്ച് യേശുവിന്റെ അടുത്തേക്ക് നയിക്കുന്നത് അന്ത്രയോസാണ് (യോഹ. 6:8-9). യവനന്മാർ യേശുവുമായി സംസാരിക്കാൻ ആഗ്രഹിച്ചപ്പോഴും അവരെ യേശുവിങ്കലേക്ക് കൊണ്ടുപോയതും അന്ത്രയോസ് തന്നെയാണ് (യോഹ. 12:20-22).

അന്ത്രയോസ് എന്ന നാമം ഗ്രീക്ക് ഭാഷയിലെ അന്ത്രയാസ് (andreas) എന്ന വാക്കിൽ നിന്നാണ് വരുന്നത്. മാനുഷികഗുണമുള്ളവൻ, പൗരുഷമുള്ളവൻ (Manly) എന്നൊക്കെയാണ് ഈ പദത്തിന്റെ അർത്ഥം. അന്ത്രയോസ് എന്ന പേര് ശ്ലീഹായ്ക്ക് ലഭിക്കാൻ കാരണമുണ്ട്. തിബേറിയോസ് തടാകത്തിന്റെ തീരത്തു താമസിച്ചിരുന്നവരിൽ ഗ്രീക്ക് സ്വാധീനം വളരെ പ്രകടമായി കാണാമായിരുന്നു. അന്ത്രയോസിന്റെ മാതാപിതാക്കൾ ഇവിടെയാണ് വസിച്ചിരുന്നത്. ഗ്രീക്ക് സംസ്കാരത്തിന്റെ സ്വാധീനമുണ്ടായിരുന്ന എബ്രായ മാതാപിതാക്കളാണ് 'അന്ത്രയോസ്' എന്ന ഗ്രീക്ക് നാമം തങ്ങളുടെ മകന് നല്കിയത്.

## അന്ത്രയോസിന്റെ കുടുംബം

തിബേറിയോസ് അഥവാ ഗലീലാകടൽ തീരത്തുള്ള ബത്സയിദാ എന്ന ഗ്രാമത്തിലാണ് അന്ത്രയോസ് ജനിച്ചത് (യോഹ. 1:44). മത്സ്യബന്ധനത്തിന് വളരെ പ്രസിദ്ധമായിരുന്നു ഗലീലാക്കടൽ. അതിന്റെ വടക്ക് യോർദാൻ നദി കടലിനോട് ചേരുന്ന ഭാഗത്തു പടിഞ്ഞാറു ഭാഗത്താണ് ബത്സയിദാ എന്ന ഗ്രാമം സ്ഥിതിചെയ്യുന്നത്.

പത്രോസിനെപ്പോലെ തന്നെ അന്ത്രയോസിനും പ്രാഥമിക വിദ്യാഭ്യാസം ലഭിച്ചിരിക്കണം. അന്നത്തെ കാലത്തു ശരാശരി ധനസ്ഥിതിയുള്ള കുടുംബമായിരുന്നു അന്ത്രയോസിന്റേത്. മത്സ്യബന്ധനമാണ് തൊഴിലായി അദ്ദേഹം സ്വീകരിച്ചത്. പത്രോസിൽ നിന്നും വ്യത്യസ്തനായി അന്ത്രയോസ് അവിവാഹിതനായിരുന്നു എന്ന് അനുമാനിക്കപ്പെടുന്നു.

## യോഹന്നാൻ മാംദാനയുടെ ശിഷ്യത്വം

യഹൂദജനതയുടെ ഇടയിൽ ഏതാണ്ട് 400 വർഷങ്ങൾക്കുശേഷം പ്രത്യക്ഷപ്പെട്ട പ്രവാചകനായിരുന്നു യോഹന്നാൻ മാംദാന. യഹൂദ്യയിലായിരുന്നു യോഹന്നാൻ പ്രസംഗിച്ചത്. മാനസാന്തരപ്പെടാനായിരുന്നു താൻ ആഹ്വാനം ചെയ്തത്. പാലസ്തീനിലെ നാനാഭാഗത്തു നിന്നും ജനങ്ങൾ അദ്ദേഹത്തെ കേൾക്കുവാൻ ഓടിക്കൂടി. അന്നാട്ടിലെ യഹൂദരുടെ ഇടയിൽ പുതിയ ഉണർവ്വും പ്രത്യാശയും ആ പ്രസംഗങ്ങൾ സംജാതമാക്കി. മിശിഹായുടെ വരവിനായി ജനങ്ങളെ ഒരുക്കുന്നതിനുവേണ്ടിയുള്ള പ്രസംഗങ്ങളായിരുന്നു യോഹന്നാന്റേത്. ഗലീലാ പ്രദേശങ്ങളിൽ നിന്ന് യഹൂദീയ മരുഭൂമിക്കപ്പുറമുള്ള യോർദാൻ താഴ്‌വരയിൽ യോഹന്നാന്റെ പ്രസംഗങ്ങൾ കേൾക്കുവാൻ അന്ത്രയോസും പോവുക പതിവായിരുന്നു. ആ സ്വാധീനത്തിൽ പെട്ട് അന്ത്രയോസ് യോഹന്നാന്റെ ശിഷ്യഗണത്തിൽ ചേർന്നു. ദൈവരാജ്യത്തിന്റെ ആഗമനത്തിനു വേണ്ടിയും മിശിഹായുടെ വരവിനു വേണ്ടിയും ആഗ്രഹിച്ച അന്ത്രയോസിന് യോഹന്നാന്റെ ശിഷ്യത്വം ഒരു വലിയ ഒരുക്കത്തിന്റെ അവസരമായിരുന്നു.

## അന്ത്രയോസ് കർത്താവിന്റെ ശിഷ്യത്വത്തിലേക്ക്

യോഹന്നാൻ സുവിശേഷകനാണ് അന്ത്രയോസിനെ യോഹന്നാൻ മാംദാനയുടെ ശിഷ്യനായി ചിത്രീകരിക്കുന്നത്. യോഹന്നാൻ മാംദാന യേശുവിനെ “ഇതാ ലോകത്തിന്റെ പാപത്തെ വഹിക്കുന്ന കുഞ്ഞാട്” എന്ന് പറഞ്ഞ് ചൂണ്ടിക്കാട്ടിയപ്പോൾ അന്ത്രയോസ് തന്റെ ഗുരുവിന്റെ നിർദ്ദേശാനുസരണം യേശുവിനെ അനുഗമിച്ചു. യോഹന്നാൻ മാംദാന യേശു നിൽക്കുന്നതു കണ്ട് “ഇതാ ലോകത്തിന്റെ പാപങ്ങൾ മോചിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്” എന്ന് പറഞ്ഞ് യേശുവിനെ കാണിച്ചുകൊടുത്തു. യേശു അന്ത്രയോസിനേയും അവന്റെ സഹോദരനേയും താൻ വസിച്ചിരുന്നിടത്തേക്ക് സ്വാഗതം ചെയ്തു. അവർ അവിടുത്തോടൊപ്പം ഒരു ദിവസം ചിലവിട്ടു. അപ്പോൾ യേശു തന്നെയാണ് മിശിഹായെന്ന് അന്ത്രയോസിന് ബോദ്ധ്യമായി. യോഹന്നാൻ മാംദാനാ അറസ്റ്റിലായ ശേഷമാണ് അന്ത്രയോസ് പിന്നീട് പ്രത്യക്ഷപ്പെടുന്നത്. അദ്ദേഹം ഗലീലാക്കടലിന്റെ തീരത്തുവെച്ചാണ് യേശുവിനെ കണ്ടുമുട്ടുന്നത്.

അന്ത്രയോസ് തന്റെ തൊഴിൽ ചെയ്തുകൊണ്ടിരിക്കുമ്പോൾ സന്തോഷത്തോടെ കർത്താവിന്റെ വിളി കേട്ടു. പത്രോസും അന്ത്രയോസും യേശുവിന്റെ ആദ്യകാല ശിഷ്യന്മാരായിരുന്നു (മത്തായി 4:19, മർക്കോസ് 1:16, ലൂക്കോസ് 6:14).

## സുവിശേഷ വയൽ

അന്ത്രയോസിന്റെ സുവിശേഷ വയൽ വളരെ വിസ്തൃതമായിരുന്നു. കപ്പദോക്യ, ബിഥുന്യ, ഗലാത്യ, അഖായ എന്നീ സ്ഥലങ്ങളിൽ അദ്ദേഹം സുവിശേഷം അറിയിച്ചു. റഷ്യയുടെ ചില പ്രദേശങ്ങളിലും അദ്ദേഹം പ്രവർത്തിച്ചുവെന്നാണ് വിശ്വസിക്കപ്പെടുന്നത്. ഗ്രീക്കു ദേശത്ത് അനേകായിരങ്ങളെ വിഗ്രഹാരാധനയിൽ നിന്നും പിൻതിരിപ്പിച്ചപ്പോൾ അദ്ദേഹത്തെ കൊല്ലുവാൻ പലരും ഒരുങ്ങി. ഗ്രീക്ക്, റഷ്യൻ സഭാപാരമ്പര്യങ്ങളുടെ ജനയിതാവായിട്ടാണ് ശ്ലീഹാ കരുതപ്പെടുന്നത്. റഷ്യ, ഗ്രീസ്, സ്കോട്ട്ലന്റ് തുടങ്ങിയ രാജ്യങ്ങളുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥൻ അന്ത്രയോസ് ശ്ലീഹായാണ്.

## അന്ത്രയോസിന്റെ രക്തസാക്ഷിത്വം

അന്ത്രയോസ് സുവിശേഷം പ്രസംഗിച്ച സ്ഥലങ്ങളിൽ അദ്ദേഹത്തിന്റെ രക്തസാക്ഷിത്വത്തെക്കുറിച്ച് വൈവിധ്യം നിറഞ്ഞ പാരമ്പര്യങ്ങൾ നിലവിലുണ്ട്. ചരിത്രകാരനായ എവുസേബിയസിന്റെ അഭിപ്രായത്തിൽ അന്ത്രയോസ് സ്കീനിയായിൽ വെച്ചാണ് രക്തസാക്ഷിത്വം വരിച്ചത്. അദ്ദേഹത്തിന്റെ മരണം ഒരു റോമൻ ഗവർണറുടെ കോപം മൂലമായിരുന്നു. അഖായിയായിലെ പെത്രോസ് എന്ന സ്ഥലത്ത് ശ്ലീഹാ എത്തിയപ്പോൾ അവിടുത്തെ ഗവർണ്ണറായിരുന്ന ഈജിയൂസിന്റെ ഭാര്യ മാക്സിമില്ല രോഗം ബാധിച്ച് അത്യാസന്നനിലയിൽ കിടക്കുകയായിരുന്നു. അദ്ഭുതപ്രവർത്തകനായ ശ്ലീഹായെക്കുറിച്ച് കേട്ടറിഞ്ഞ അവർ ഭൃത്യന്മാർ വഴി ശ്ലീഹായെ വിളിപ്പിച്ചു. അന്നാട്ടിലെ ക്രിസ്ത്യാനികളും ഇതേപ്പറ്റി അന്ത്രയോസിനെ അറിയിച്ചിരുന്നു. ശ്ലീഹാ എത്തുമ്പോൾ കണ്ട കാഴ്ച ഭാര്യ മരിക്കുമ്പോൾ ആത്മഹത്യ ചെയ്യാനായി ഈജിയൂസ് വാൾ ഊരിപ്പിടിച്ച് നിൽക്കുന്നതാണ്. ശ്ലീഹാ അവൾക്ക് സൗഖ്യം നല്കി. തത്ഫലമായി അവൾ മിശിഹായെ രക്ഷകനായി സ്വീകരിച്ചു. അവളുടെ ഭർത്താവിന്റെ സഹോദരനായ സ്ട്രാറ്റോക്ലോസും ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചു.

പുതിയൊരു മതം തന്റെ സാമ്രാജ്യത്തിൽ സ്ഥാപിക്കാൻ ഈജിയൂസ് ഇഷ്ടപ്പെട്ടില്ല. തന്റെ ഭാര്യയേയും, സഹോദരനേയും ക്രിസ്ത്യാനികളാക്കിയതിൽ കോപിഷ്ടനായ ഈജിയൂസ് അന്ത്രയോസിനെ ബന്ധിക്കാൻ തീരുമാനിച്ചു. എ. ഡി. 68-ൽ അദ്ദേഹത്തെ തടവിലാക്കി. അന്ത്രയോ

സിന്റെ ജയിലിലുള്ള വിശുദ്ധ സാന്നിദ്ധ്യം ജയിലിലുള്ളവരെ മുഴുവൻ മാനസാന്തരപ്പെടുത്തി. ഇതറിഞ്ഞ് ക്രുദ്ധനായ ഗവർണ്ണർ എ. ഡി. നവംബർ 28-ാം തീയതി അന്ത്രയോസിനെ കുരിശിൽ തറച്ച് കൊല്ലുവാൻ കല്പിച്ചു. ഗവർണ്ണറുടെ ഭാര്യയും സഹോദരനും ഈ തീരുമാനത്തെ എതിർത്തു. എന്നാൽ ഗവർണർ എതിർപ്പുകൾ വകവച്ചില്ല.

തന്നെ ക്രൂശിക്കുന്നതിന് മുമ്പ് അന്ത്രയോസിന് ഒരു അപേക്ഷയുണ്ടായിരുന്നു. മിശിഹായെ ക്രൂശിച്ചതുപോലെ കുരിശിൽ തൂങ്ങി മരിക്കാൻ തനിക്ക് അർഹതയില്ലാത്തതിനാൽ ഗുണനചിഹ്നത്തിന്റെ ആകൃതിയിലുള്ള ഒരു കുരിശിൽ തന്നെ തൂക്കണമെന്ന് താൻ അപേക്ഷിച്ചു. ആയതിനാൽ ആ ആകൃതിയിലുള്ള കുരിശിനെ 'സെന്റ് ആൻഡ്രൂസ് ക്രോസ്' എന്ന് വിളിച്ചിരുന്നു. അദ്ദേഹം കുരിശിൽ തൂക്കപ്പെട്ടതറിഞ്ഞ് ഇരുപതിനായിരത്തോളം ക്രിസ്ത്യാനികൾ കൂട്ടംചേർന്ന് ചെന്ന് ന്യായാധിപനോട് അന്ത്രയോസിനെ സ്വതന്ത്രനാക്കാൻ ആവശ്യപ്പെട്ടു. ന്യായാധിപൻ അന്ത്രയോസിനെ മോചിപ്പിക്കാൻ കല്പന കൊടുത്തു. എന്നാൽ അന്ത്രയോസിന്റെ താല്പര്യപ്രകാരം അദ്ദേഹം രക്തസാക്ഷിത്വത്തെ ധീരമായും, ശാന്തമായും, സന്തോഷത്തോടും സ്വീകരിച്ചു. ഒലിവുമരം കൊണ്ടുണ്ടാക്കിയ ക്രൂശിലാണ് തന്നെ കുരിശിച്ചത് എന്ന് ഹിപ്പോളിറ്റസ് എന്ന ചരിത്രകാരൻ പറയുന്നു. പത്രോസിനെപ്പോലെ തന്നെ അന്ത്രയോസും തലകീഴായി ക്രൂശിക്കപ്പെടുകയായിരുന്നു എന്ന് ഒരു പാരമ്പര്യം നിലവിലുണ്ട്.

പൗരസ്ത്യ സഭയും പാശ്ചാത്യ സഭയും നവംബർ 30-ന് അന്ത്രയോസിന്റെ ഓർമ്മ പെരുന്നാളായി ആചരിക്കുന്നു. മനുഷ്യാവതാര രഹസ്യത്തിലേക്ക് ജ്ഞാനികളെ നയിച്ച നക്ഷത്രം പോലെ അന്ത്രയോസ് ശ്ലീഹായുടെ നാമം പ്രശോഭിക്കുന്നു.

# 4

# സെബദിയുടെ പുത്രൻ യാക്കോബ്

**യാ**ക്കോബ് എന്ന പദത്തിന്റെ അർത്ഥം "കുതികാലിൽ പിടിച്ചവൻ" എന്നാണ്. യേശുവിന്റെ ശിഷ്യന്മാരിൽ യാക്കോബ് എന്ന പേരുകാരായ രണ്ടു പേരുണ്ടെങ്കിലും സെബദിപുത്രനും യോഹന്നാന്റെ സഹോദരനുമായ യാക്കോബു തന്നെയാണ് അവരിൽ പ്രമുഖൻ. യാക്കോബിന്റെ മാതാപിതാക്കൾ സെബദിയും ശലോമിയുമാണെന്ന് ചരിത്രവും പാരമ്പര്യവും സാക്ഷ്യപ്പെടുത്തുന്നു. സെബദിയുടെ കുലത്തൊഴിൽ മീൻപിടുത്തമായിരുന്നു. പത്രോസും സെബദിയും പങ്കുകച്ചവടക്കാരായിരുന്നു. സെബദി ധനികനായ ഒരു മനുഷ്യനായിരുന്നുവെന്നാണ് പാരമ്പര്യം പറയുന്നത്. യാക്കോബിന്റെ അമ്മയുടെ പേര് ശലോമി എന്നാണ്. അവൾ പരിശുദ്ധ കന്യകമറിയാമിന്റെ സഹോദരിയായിരുന്നു എന്ന് അനുമാനിക്കപ്പെടുന്നു.

## യാക്കോബിന്റെ ജനനം, വിളി

പത്രോസിനെപ്പോലെ യാക്കോബും ഗലീലായിലെ ബേത്സയിദാക്കാരനാണ്. യോഹന്നാനേക്കാൾ മൂന്നോ നാലോ വർഷം പ്രായക്കൂടുതലുള്ള യാക്കോബ് ക്രിസ്തുവർഷാരംഭത്തിൽ ജനിച്ചതാണെന്ന് അഭിപ്രായപ്പെടുന്നു. ചെറുപ്പകാലത്തു തന്നെ പത്രോസിനെയും അന്ത്രയോസിനെയും പോലെ യാക്കോബും യോഹന്നാനും വിദ്യാഭ്യാസം നടത്തിയിരുന്നിരിക്കണം. ബേത്സയിദായിലെ പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം അവർ പിതാവായ സെബദിയെ മീൻപിടുത്തത്തിൽ സഹായിച്ചിരുന്നു.

സുവിശേഷങ്ങളിൽ സെബദിപുത്രനായ യാക്കോബിനെക്കുറിച്ച് ഏഴു സ്ഥലങ്ങളിൽ പരാമർശമുണ്ട്. യാക്കോബിന്റെ വിളി, തെരഞ്ഞെടുപ്പ്, മറുപടി, വഞ്ചിയുപേക്ഷിക്കൽ, അനുഗമിക്കൽ തുടങ്ങിയവ സമവീക്ഷണ സുവിശേഷകന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. പത്രോസിന്റെയും സെബദിയുടെയും നേതൃത്വത്തിൽ ഗന്നസരേത്ത് തടാകത്തിൽ മീൻ പിടിക്കുന്ന ഒരു മത്സ്യത്തൊഴിലാളി സംഘം പ്രവർത്തിച്ചിരുന്നു. അതിൽ ഒരാളായിരുന്നു യാക്കോബ് (ലൂക്കോസ് 5:10). യേശു തന്റെ പരസ്യ ശുശ്രൂഷയുടെ ആരംഭത്തിൽ ഗലീലാക്കടൽത്തീരത്തു ചെന്ന് പത്രോസും അന്ത്രയോസും കടലിൽ വല വീശുന്നതു കണ്ട് അവരെ വിളിച്ചു. അവിടെ നിന്നും അല്പം മുമ്പോട്ടു പോകുമ്പോൾ യാക്കോബും യോഹന്നാനും പിതാവി

നോടു കൂടെ വല നന്നാക്കുന്നതു കണ്ട് അവരേയും വിളിച്ചു. അവർ ഉടനെ വലയും വള്ളവും ഉപേക്ഷിച്ച് യേശുവിനെ അനുഗമിച്ചു. 'ഇനി മുതൽ ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും' (ലൂക്കോസ് 5:4–11) എന്ന വചനമാണ് യാക്കോബിനെ അധികം സ്വാധീനിച്ചത്.

ദൈവവിളി ലഭിക്കുന്നതിന് മുമ്പു തന്നെ യാക്കോബിന് യേശുവിനെ അറിയാമായിരിക്കണം. യാക്കോബിന്റെ സ്ഥലമായ ബേത്സയിദായും യേശു വസിച്ചിരുന്ന നസ്രേത്തും തമ്മിൽ 25 മൈൽ അകലമുണ്ടായി രുന്നു. എങ്കിലും യാക്കോബിന്റെ അമ്മയായ ശലോമിയും മറിയവും സഹോദരിമാരായിരുന്നതിനാൽ അവർ പരസ്പര സന്ദർശനം നടത്തി യിരുന്നു എന്നു വേണം ഊഹിക്കാൻ.

## യേശുവിന്റെ അരുമ ശിഷ്യൻ

ശിഷ്യന്മാരുടെ കൂട്ടത്തിൽ കർത്താവിനോട് ഏറ്റവും ഉറ്റബന്ധം പുലർ ത്തിയിരുന്ന മൂന്നുപേരിൽ ഒരുവനായിരുന്നു യാക്കോബ്. യാക്കോബിന്റെ സഹോദരനായ യോഹന്നാൻ എന്നാണ് അവനെപ്പറ്റി സുവിശേഷങ്ങളിൽ പലയിടത്തും പറഞ്ഞിരിക്കുന്നത് (മത്താ 4:20, 10:2, 17:1, മർക്കോ. 5:17). സെബദിയുടെ പുത്രനായ യാക്കോബ് യേശുവിന്റെ ശിഷ്യന്മാരിൽ നേതൃ സ്ഥാനം വഹിച്ച ഒരാളായിരുന്നു. പുതിയനിയമത്തിൽ ശ്ലീഹന്മാരുടെ നാലു പട്ടികകളിലും ആദ്യത്തെ മൂന്നുപേരിൽ ഒരാളാണ് യാക്കോബ്. മർക്കോസിന്റെ സുവിശേഷത്തിലെ ക്രമത്തിൽ പത്രോസ് കഴിഞ്ഞാൽ പിന്നത്തെ സ്ഥാനം യാക്കോബിനാണ് (മർക്കോസ് 3:17).

ഇടിമുഴക്കത്തിന്റെ പുത്രന്മാർ എന്നാണ് യേശു യാക്കോബിനേയും യോഹന്നാനേയും വിളിച്ചിരുന്നത്. അവർക്ക് ഈ പേരു നൽകാൻ കാര ണമായ ഒരു സുവിശേഷ സംഭവമുണ്ടെന്ന് ബൈബിൾ പണ്ഡിതന്മാർ പറയുന്നു. യരുശലേമിലേക്ക് പോകുന്നവഴി യേശുവും ശിഷ്യന്മാരും സമ രിയായിലൂടെ കടന്നുപോയി. സമരിയാക്കാരും യഹൂദരും ആ നാളുകളിൽ ശത്രുക്കളായിരുന്നു. അതുകൊണ്ട് അവർ യേശുവിനെ കൈക്കൊണ്ടില്ല. ഇത് കണ്ട് യാക്കോബും യോഹന്നാനും ചോദിച്ചു "കർത്താവേ, സ്വർഗ്ഗ ത്തിൽ നിന്നും അഗ്നിയിറക്കി ഇവരെ നശിപ്പിക്കട്ടെ" (ലൂക്കോസ് 9:51–56). എന്നാൽ യേശു അവരെ ശാസിച്ചു. യാക്കോബും യോഹന്നാനും തങ്ങ ളുടെ പ്രത്യേക നാമം സമ്പാദിച്ചത് ഇപ്രകാരമാണെന്ന് പറയപ്പെടുന്നു. സ്വർഗ്ഗത്തിൽ നിന്നും അഗ്നിയുടെയും ഇടിമുഴക്കത്തിന്റേയും മദ്ധ്യേ പ്രതാപവാനായിട്ടാണല്ലോ മനുഷ്യപുത്രൻ പ്രത്യക്ഷപ്പെടുന്നത്. യഹൂദ ന്മാരെ സംബന്ധിച്ചിടത്തോളം ഇടിമുഴക്കം ദൈവസ്വരമാണ്. യേശുവിന്റെ പ്രവർത്തനങ്ങളും ദൈവരാജ്യ സന്ദേശവും അരുമശിഷ്യന്മാർ പോലും പലപ്പോഴും ഗ്രഹിച്ചിരുന്നില്ല. ദൈവരാജ്യത്തിന്റെ ആത്മീയ പാഠങ്ങൾ

യേശു അവർക്ക് നൽകിയപ്പോൾ യാക്കോബ് ഉൾപ്പെടെയുള്ളവർ അതു കേവലം ഭൗതീകയാഥാർത്ഥ്യമായി മാത്രം മനസ്സിലാക്കി. അതുകൊണ്ടാണ് സെബദിപുത്രന്മാർക്കു വേണ്ടി അവരുടെ അമ്മ യേശുവിനോട് 'എന്റെ പുത്രന്മാരിൽ ഒരുവൻ നിന്റെ വലത്തും ഒരുവൻ ഇടത്തും ഇരിക്കാൻ അരുളിചെയ്യണമെ' എന്ന് ആവശ്യപ്പെട്ടത് (മത്തായി 20:20–28). കർത്താവ് അത് അംഗീകരിച്ചില്ല.

### യാക്കോബിന്റെ പ്രേഷിത പ്രവർത്തനം

യാക്കോബ് ശ്ലീഹാ സ്പെയിനിൽ ക്രിസ്തീയ വിശ്വാസം നട്ടുവളർത്തി എന്നൊരു വിശ്വാസമുണ്ട്. യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷമായിരിക്കണം യാക്കോബ് സ്പെയിനിൽ പോയത്. യാക്കോബിന് കാര്യമായ പ്രതികരണമൊന്നും സ്പെയിനിൽ ലഭിച്ചില്ല. ഒരു ചെറിയ ഗണം മാത്രമാണ് അദ്ദേഹത്തിന്റെ വചനം കേട്ട് മാനസാന്തരപ്പെട്ടത്. ആ വേളയിൽ പരിശുദ്ധ മറിയം യാക്കോബു ശ്ലീഹായ്ക്ക് പ്രത്യക്ഷപ്പെടുകയും ശ്ലീഹായെ ആശ്വസിപ്പിക്കുകയും ചെയ്തുവെന്ന് പാരമ്പര്യം പറയുന്നു.

### യാക്കോബിന്റെ രക്തസാക്ഷിത്വം

യാക്കോബിനെക്കുറിച്ചുള്ള അവസാനത്തെ പരാമർശം അപ്പോ: പ്രവൃത്തി 12–ാം അദ്ധ്യായത്തിലാണ് നാം കാണുന്നത്. അക്കാലത്ത് ഹേറോദാസ് രാജാവ്, സഭയിൽപെട്ട യോഹന്നാന്റെ സഹോദരനായ യാക്കോബിനെ വാളിനിരയാക്കി. യാക്കോബിന്റെ രക്തസാക്ഷിത്വം ഹേറോദേസ് അഗ്രിപ്പായുടെ കാലത്തായിരുന്നു. അത് മിക്കവാറും എ. ഡി. 42–ൽ ആകാനാണ് സാധ്യത. കാരണം ഹേറോദേസ് മരിക്കുന്നതും എ. ഡി. 42–ലാണ്. ക്രിസ്തീയ സമൂഹത്തെ നിർമ്മാർജ്ജനം ചെയ്യാൻ ഹേറോദേസ് അഗ്രിപ്പാ രാജാവ് ആലോചിച്ചു. യാക്കോബും പത്രോസുമായിരുന്നു ആദിമ ക്രൈസ്തവ സമൂഹത്തിന്റെ തലവന്മാർ. തന്മൂലം അവരെ നശിപ്പിക്കാനാണ് രാജാവ് ആദ്യം ഉദ്യമിച്ചത്. അലക്സാണ്ട്രിയായിലെ ക്ലെമന്റ് യാക്കോബിന്റെ മരണം സംബന്ധിച്ച് ചില വിശദാംശങ്ങൾ നൽകുന്നുണ്ട്. റോമാക്കാരനല്ലാത്ത വ്യക്തികൾക്ക് സാധാരണ കുരിശുമരണമാണ് വിധിച്ചിരുന്നത്. യാക്കോബിന് റോമൻ പൗരത്വമുണ്ടായിരുന്നതുകൊണ്ടോ റോമൻ പൗരന്മാരുമായി ബന്ധമുണ്ടായിരുന്നതുകൊണ്ടോ ആകാം കുരിശുമരണം ലഭിക്കാതിരുന്നത് എന്ന് കരുതുന്നു. യഹൂദന്മാരുടെ പരമാധികാര സമിതിയായ സന്നദ്രീം സംഘത്തിന്റെ കല്പന അനുസരിച്ചാണ് യാക്കോബിനെ വധിച്ചത്. അദ്ദേഹത്തിന്റെ ശരീരത്തിലൂടെ വാൾ കടത്തിവിട്ട് ഏറെ വേദന സഹിച്ച് അദ്ദേഹം മരണം പ്രാപിച്ചു എന്നും പാരമ്പര്യമുണ്ട്. ശ്ലീഹാ ജറുശലേമിൽ രക്തസാക്ഷിത്വം വരിച്ചതിനുശേഷം ഭൗതികാവശിഷ്ടങ്ങൾ സ്പെയിനിലേക്കു കൊണ്ടു

പോയതായി പറയപ്പെടുന്നു.

### യാക്കോബിന്റെ ഓർമ്മ

പൗരസ്ത്യ സഭകളുടെ ആരാധനക്രമങ്ങളിൽ ഏപ്രിൽ 30-നും പാശ്ചാത്യ സഭയിൽ ജൂലൈ 25-നുമാണ് ശ്ലീഹായുടെ ഓർമ്മപ്പെരുന്നാൾ ആഘോഷിക്കുന്നത്.

# 5

# യോഹന്നാൻ ശ്ലീഹാ

യേശു സ്നേഹിച്ച ശിഷ്യൻ എന്നാണ് വിശുദ്ധ വേദപുസ്തകത്തിൽ യോഹന്നാൻ അറിയപ്പെടുന്നത്. യോഹന്നാൻ എന്ന പദത്തിന്റെ അർത്ഥം "ദൈവകൃപയുള്ളവൻ" എന്നാണ്. ശ്ലീഹന്മാരിൽ ഏറ്റവും പ്രായം കുറഞ്ഞവൻ, ശ്ലീഹന്മാരിൽ ഏറ്റവും അധികം കാലം ജീവിച്ചിരുന്നവൻ, യേശു പ്രത്യേകമായി സ്നേഹിച്ച ശിഷ്യൻ, യേശുവിന്റെ മാറിൽ ചാരിക്കിടക്കാൻ ഭാഗ്യം ലഭിച്ചവൻ, യേശുവിന്റെ അമ്മയെ സ്വന്തം അമ്മയായി സ്വീകരിച്ചവൻ, കർത്താവിന്റെ സുവിശേഷവും ലേഖനവും എഴുതിയവൻ, പീഡനങ്ങൾക്ക് നടുവിൽ ദൈവിക വെളിപാടു നൽകപ്പെട്ടവൻ ഇങ്ങനെ യോഹന്നാനെക്കുറിച്ചുള്ള പട്ടിക നീളുന്നു. ദൈവസ്നേഹത്തിന്റെ ഉയരവും ആഴവും ഗ്രഹിച്ച ആളായിരുന്നു യോഹന്നാൻ.

## യോഹന്നാന്റെ ജനനവും പശ്ചാത്തലവും

സെബദിയുടേയും ശലോമിയുടേയും മക്കളായിരുന്നു യാക്കോബും യോഹന്നാനും. എ. ഡി. 3–ൽ ആണ് ശ്ലീഹാ ജനിക്കുന്നത്. യേശു അദ്ദേഹത്തെ വിളിക്കുമ്പോൾ യോഹന്നാൻ ഇരുപത്തിയഞ്ചിനു മേൽ പ്രായമുള്ള ഒരു യുവകോമളനായിരുന്നു. അദ്ദേഹം ബേത്സയിദാക്കാരനാണ്. മത്സ്യബന്ധനത്തിൽ പിതാവായ സെബദിയെ യോഹന്നാൻ സഹായിച്ചിരുന്നു. പത്രോസിനേയും അന്ത്രയോസിനേയും സഹോദരനായ യാക്കോബിനേയും പോലെ യോഹന്നാനും പ്രാഥമിക വിദ്യാഭ്യാസം ലഭിച്ചിരുന്നു. തീക്ഷ്ണമതിയും ഭക്തനുമായിരുന്ന ഒരു യഹൂദനായിരുന്നു യോഹന്നാൻ.

യോഹന്നാൻ യേശുവിന്റെ ശിഷ്യന്മാരിൽ പ്രധാനപ്പെട്ട ഒരാളായിരുന്നെങ്കിലും അവൻ എപ്പോഴും വേറെ ആരോടെങ്കിലും ചേർന്നു നിൽക്കുന്നതായിട്ടാണ് കാണുന്നത്. യോഹന്നാൻ സ്വയമായി അധികമൊന്നും പറയുകയോ പ്രവർത്തിക്കുകയോ ചെയ്യുന്നതായി സുവിശേഷത്തിൽ കാണുന്നില്ല. ആദ്യം അവൻ രംഗപ്രവേശനം ചെയ്യുന്നത് അന്ത്രയോസിനോടു കൂടെയാണ്. ഇരുവരും ഗലീലാക്കാരായിരുന്നു. യേശുവിനെ നോക്കികൊണ്ട് "ഇതാ ദൈവത്തിന്റെ കുഞ്ഞാട്" എന്ന് യോഹന്നാൻ മാംദാന പറഞ്ഞപ്പോൾ യോഹന്നാനും അന്ത്രയോസും യേശുവിന്റെ പിന്നാലെ പോയി. അന്ന് അവർ കർത്താവിനോടു കൂടെ താമസിച്ചു. അന്ത്രയോസ് ശ്ലീഹായെപ്പോലെ യോഹന്നാനും വിവാഹം കഴിച്ചിരുന്നില്ല. ബ്രഹ്മചര്യജീവിതം നയിച്ചിരുന്നവനാണ് യോഹന്നാൻ എന്ന് വിശുദ്ധ

ആഗസ്തിനോസ് രേഖപ്പെടുത്തിയിട്ടുണ്ട്.

## യോഹന്നാൻ: സമവീക്ഷണ സുവിശേഷങ്ങളിൽ

ആദ്യത്തെ മൂന്ന് സുവിശേഷങ്ങളിലും യോഹന്നാനെ സംബന്ധിച്ച് കാര്യമായ വിവരണങ്ങൾ ഒന്നും തന്നെയില്ല. അദ്ദേഹം പത്രോസിനോടും യാക്കോബിനോടുമൊപ്പം മിശിഹായുടെ കൂടെ പലപ്പോഴും പ്രത്യക്ഷപ്പെടുന്നുണ്ട്. പ്രധാനമായി മൂന്നു സന്ദർഭങ്ങളിലാണ് യോഹന്നാനെ നാം കാണുന്നത്.

ജറുശലേമിലേക്കുള്ള യാത്രയിൽ 12 ശിഷ്യന്മാരെ കർത്താവ് കൂടെ കൊണ്ടുപോയി അവൻ വഴിയിൽ വച്ച് തനിക്ക് സംഭവിപ്പാനിരിക്കുന്ന പീഡനങ്ങളെക്കുറിച്ചും മരണത്തേക്കുറിച്ചും, പുനരുത്ഥാനത്തേക്കുറിച്ചും സംസാരിച്ചു. അതിനുശേഷമാണ് സെബദി പുത്രന്മാർ അമ്മേയേയും കൂട്ടിക്കൊണ്ട് യേശുവിന്റെ അടുക്കൽ ചെന്ന് ദൈവരാജ്യത്തിൽ വലത്തും ഇടത്തും ഇരിക്കുവാനുള്ള പദവിക്കുവേണ്ടി അഭ്യർത്ഥിച്ചത് (മത്താ. 20:17–20). എളിമയോടെ ശുശ്രൂഷ ചെയ്യുന്നവനാണ് എല്ലാവരിലും വലിയവനാകുന്നത് എന്ന് കർത്താവ് അവരെ പഠിപ്പിച്ചു.

## യേശു സ്നേഹിച്ച ശിഷ്യൻ

യേശു സ്നേഹിച്ച ശിഷ്യൻ, അവന്റെ മാറിൽ ചാരിക്കിടന്നവൻ എന്നീ പ്രത്യേകത യോഹന്നാനുണ്ട്. വേറൊരു ശിഷ്യൻ, മറ്റൊരു ശിഷ്യൻ, എന്നീ പരാമർശങ്ങൾ, യോഹന്നാൻ തന്നെക്കുറിച്ചു തന്നെ സൂചിപ്പിച്ചുകൊണ്ട് പലപ്പോഴും പറയുന്നുണ്ട്. എല്ലാ ശിഷ്യന്മാരേയും യേശു സ്നേഹിച്ചു എന്നത് വാസ്തവം തന്നെ. എന്നാൽ മറ്റു ശിഷ്യന്മാരിൽ നിന്നും യോഹന്നാന് പ്രത്യേകതകൾ വളരെയുണ്ട്. അത്താഴസമയത്തു മാറിൽ ചാരിക്കിടന്നവനാണ് യോഹന്നാൻ. പത്രോസിനോടും യാക്കോബിനോടും കൂടെ ഗത്സമനയിലും യോഹന്നാനെ നാം കാണുന്നു. യേശുവിന്റെ കുരിശിൻ ചുവട്ടിൽ പ്രത്യക്ഷപ്പെടുന്ന ശ്ലീഹാ യോഹന്നാൻ മാത്രമാണ്. കഠോരമായ വേദനയുടെ സമയത്ത് യേശുവിനോടൊപ്പമുണ്ടാകാൻ ഭാഗ്യം ലഭിച്ചത് യേശു സ്നേഹിച്ചിരുന്നവനു മാത്രം. യോഹന്നാന് കർത്താവ് തന്റെ അമ്മയെ ഭരമേല്പിക്കുന്നു. "ഇതാ നിന്റെ അമ്മ" (യോഹ. 19:26–27). "ഇതാ നിന്റെ മകൻ." യേശുവിന്റെ ഉത്ഥാനത്തിന് സാക്ഷിയായ ആദ്യ ശ്ലീഹന്മാരിൽ ഒരാളാണ് യോഹന്നാൻ. കർത്താവിന്റെ ശരീരം മോഷ്ടിക്കപ്പെട്ട വിവരം മഗ്ദലക്കാരി മറിയം ആദ്യം അറിയിച്ചത് പത്രോസിനേയും യോഹന്നാനേയുമാണ്.

## യോഹന്നാന്റെ പ്രവർത്തനങ്ങൾ

പെന്തക്കോസ്തി പെരുന്നാളിന് ശേഷം യോഹന്നാന്റെ പ്രവർത്തനങ്ങ

ളെക്കുറിച്ച് പല പരാമർശങ്ങളുമുണ്ട്. പത്രോസിനോടും യാക്കോബിനോടുംഒപ്പം സഭയുടെ നെടുംതൂണും നേതൃസ്തംഭവുമാണ് യോഹന്നാൻ ശ്ലീഹാ എന്ന് ഗലാത്യ ലേഖനത്തിൽ വി. പൗലോസ് പറയുന്നു (ഗലാ. 2:9). ജന്മനാ മുടന്തനായ ഒരാളെ ദൈവാലയത്തിന്റെ സുന്ദരം എന്ന കവാടത്തിൽ വെച്ച് സൗഖ്യമാക്കിയപ്പോൾ യോഹന്നാൻ അവിടെയുണ്ടായിരുന്നു (അപ്പോ. 3:2). ശമര്യയിലേക്കുള്ള പത്രോസിന്റെ പ്രേഷിതയാത്രയിൽ യോഹന്നാൻ കൂടെയുണ്ടായിരുന്നു. യോഹന്നാന്റെ സഹോദരനായ യാക്കോബിന്റെ രക്തസാക്ഷിത്വത്തോടെ മറ്റു ശിഷ്യന്മാരെല്ലാം യേരുശലേം വിട്ടുപോയി. എന്നാൽ എ. ഡി. 49-ലെ യെറുശലേം സുന്നഹദോസ് വരെ യോഹന്നാൻ അവിടെത്തന്നെ തുടർന്നു. സുവിശേഷ പ്രഘോഷണ സംരംഭങ്ങളിൽ പത്രോസിനോടൊപ്പം അദ്ദേഹം സഹകാരിയായി.

## റോമിലെ പീഡനങ്ങൾ

റോമിൽ വച്ച് യോഹന്നാൻ ശ്ലീഹായ്ക്ക് കഠോരമായ പീഡകൾ ഏൽക്കേണ്ടി വന്നു. അവിടെ രക്തസാക്ഷിത്വം വരിക്കാൻ വരെ സാഹചര്യം ഉണ്ടായതായി സഭാപിതാക്കന്മാരായ തെർത്തുല്യനും, ജറോമും സാക്ഷ്യപ്പെടുത്തുന്നുണ്ട്. തിളയ്ക്കുന്ന എണ്ണയിലേക്ക് - വറചട്ടിയിലേക്ക് യോഹന്നാൻ എറിയപ്പെട്ടെങ്കിലും താൻ രക്ഷപെട്ടു.

എ. ഡി. 81-ൽ ഡൊമീഷ്യൻ അധികാരത്തിൽ വന്നു. തന്നെ ദൈവമെന്ന് വിളിക്കാനും വിജാതീയ ദേവാലയങ്ങളിൽ തന്റെ തങ്ക വിഗ്രഹങ്ങളും പ്രതിമകളും സ്ഥാപിച്ച് വണങ്ങാനും അദ്ദേഹം കല്പനയിറക്കി. ക്രിസ്തീയ വിശ്വാസത്തോട് അദ്ദേഹം ദയ കാണിച്ചില്ല. അദ്ദേഹത്തിന്റെ മർദ്ദനകാലത്ത് ഫീലിപ്പോസിന്റെ ജീവൻ നഷ്ടപ്പെട്ടു. യോഹന്നാനെ അദ്ദേഹം തടവിലാക്കിയെങ്കിലും വധിച്ചില്ല. പത്മോസ് ദ്വീപിലേക്കു അദ്ദേഹത്തെ നാടുകടത്തി. ദൈവത്തിന്റെ വചനം മിശിഹായുടെ നാമത്തിൽ അവിടെ പ്രസംഗിച്ചതിനാൽ അദ്ദേഹത്തിന് ഏറെ പീഡനങ്ങളുണ്ടായി. ഈ സഹനങ്ങളുടെ മദ്ധ്യേയാണ് യോഹന്നാന് ദിവ്യ വെളിപാട് ലഭിക്കുന്നത്. എ. ഡി. 96 സെപ്തംബർ മാസം 18-ാം തീയതി ഡൊമീഷ്യൻ ചക്രവർത്തി സ്ഥാനഭ്രഷ്ഠനാക്കപ്പെടുകയും വധിക്കപ്പെടുകയും ചെയ്തു. അതിനുശേഷം മാർക്കസ് കോപെയൂസ് നോർവ ചക്രവർത്തിയായി നിയമിക്കപ്പെട്ടു. സഭയെ പീഡിപ്പിക്കാൻ നോർവ ആഗ്രഹിച്ചില്ല. അദ്ദേഹം ക്രിസ്ത്യാനികളോട് ദയാപൂർവ്വം പെരുമാറി. നാടുകടത്തപ്പെട്ടവർക്ക് തിരികെ വരാൻ അനുവാദം നൽകി. തന്മൂലം യോഹന്നാന് എഫേസൂസിലേക്ക് തിരികെ പോകാനുള്ള അവസരം ലഭിച്ചു. യോഹന്നാന് അപ്പോൾ 90 വയസ്സുണ്ടായിരുന്നു.

## യോഹന്നാന്റെ മരണം

യോഹന്നാൻ ട്രാജന്റെ ഭരണകാലം വരെ ജീവിച്ചിരുന്നതായി എവുസേബിയസ്, അലക്സാണ്ട്രിയായിലെ ക്ലെമന്റ് എന്നിവർ രേഖപ്പെടുത്തിയിട്ടുണ്ട്. ട്രാജൻ ഭരണം ആരംഭിക്കുന്നത് എ. ഡി. 98 ജനുവരി മാസത്തിലാണ്. യോഹന്നാൻ ശ്ലീഹായുടെ അവസാന വർഷങ്ങൾ വളരെ ദുരിതപൂർണ്ണമായിരുന്നു എന്നാണ് സഭാചരിത്ര പണ്ഡിതന്മാർ പറയുന്നത്. അദ്ദേഹത്തിന്റെ കാലുകളിൽ വൃണവും വേദനയുമുണ്ടായിരുന്നു. "കുഞ്ഞുങ്ങളെ നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ" എന്ന് തന്റെ അവസാന ദിവസങ്ങളിൽ അദ്ദേഹം എല്ലാവരോടും പറയുമായിരുന്നു. മരണം തന്നെ സമീപിക്കുന്നു എന്ന് മനസിലാക്കിയ യോഹന്നാൻ തന്നെ നഗരകവാടത്തിനു പുറത്തുകൊണ്ടുവരാൻ ശിഷ്യന്മാരോടു കല്പിച്ചു. തന്റെ കുഴിമാടത്തിങ്കലേക്ക് നയിക്കുവാൻ ശ്ലീഹാ ശിഷ്യന്മാരോട് ആവശ്യപ്പെട്ടു. കബറിങ്കലെത്തിയ താൻ ഇപ്രകാരം പ്രാർത്ഥിച്ചു. "കർത്താവായ യേശുവേ, നീ എന്റെ കൂടെ ഉണ്ടായിരിക്കേണമെ." അധികം താമസിയാതെ ശ്ലീഹാ സാധാരണ മരണം പ്രാപിച്ചു.

## യോഹന്നാന്റെ ഓർമ്മ

പൗരസ്ത്യ നാടുകളിൽ സെപ്റ്റംബർ 26-നും ചില സഭകൾ മെയ് 9-നും ശ്ലീഹായെ ഓർക്കുന്നു. പൗരസ്ത്യ സുറിയാനി സഭകൾ ദനഹാകാലം മൂന്നാം വെള്ളിയാഴ്ച സുവിശേഷകന്മാരോടൊപ്പമാണ് ശ്ലീഹായെ അനുസ്മരിക്കുന്നത്.

പുതിയനിയമത്തിൽ ഏതാണ്ട് 30 പ്രാവശ്യം യോഹന്നാനെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്.

# 6

# ഫീലിപ്പോസ് ശ്ലീഹാ

**സു**വിശേഷത്തിൽ പ്രത്യക്ഷപ്പെടുന്ന തികച്ചും കാര്യമാത്രപ്രസക്ത നായ ഒരു ശിഷ്യനാണ് ഫീലിപ്പോസ്. ഫീലിപ്പോസ് എന്ന ഗ്രീക്ക് പദ ത്തിന് അർത്ഥം "കുതിരയുടെ സ്നേഹിതൻ" എന്നാണ്. ക്രിസ്തുവർഷം നാലിനോടു കൂടിയാണ് ഈ പേര് വളരെ ജനകീയമായത്. ഫീലിപ്പോസ് എന്ന് പേരുള്ള ഹേറോദേസിന്റെ പുത്രൻ ഭരണാധികാരിയായിരുന്നു എന്നതാണ് അതിന് കാരണം. ഫീലിപ്പോസ് നാമധാരികളായ ധാരാളം യഹൂദർ അന്ന് പാലസ്തീനിൽ വിവിധ രംഗങ്ങളിലുണ്ടായിരുന്നു. ഫീലി പ്പോസ് ബത്സയിദാക്കാരനായിരുന്നു. സെബുലൂൻ ഗോത്രക്കാരനും ആയിരുന്നു (യോഹ. 1:44). ഫീലിപ്പോസ് പത്രോസിനെപ്പോലെ ഒരു മീൻ പിടുത്തക്കാരനായിരുന്നു എന്ന് കരുതപ്പെടുന്നു. 'എന്റെ പിന്നാലെ വരിക' എന്ന് യേശു ആദ്യം വിളിക്കുന്നത് ഫീലിപ്പോസിനെയാണ്. യേശുവിന്റെ വിളികേട്ട് ഉടൻ തന്നെ ഫീലിപ്പോസ് യേശുവിനെ അനുഗമിച്ചു.

ശ്ലൈഹീകനിരയിൽ യോഹന്നാന്റേയും ബർത്തലോമിയയുടേയും പേരുകൾക്ക് ഇടയിലാണ് ഫീലിപ്പോസിന്റെ സ്ഥാനം (മത്തായി 10:3, ലൂക്കോസ് 6:14). യോഹന്നാന്റെ സുവിശേഷത്തിൽ നാലു പ്രാവശ്യം ഫീലിപ്പോസിനെ നാം കാണുന്നുണ്ട്.

ഫീലിപ്പോസിന്റെ ജന്മനാടായ ബേത്സയിദാ ജോർദ്ദാൻ നദീതീരത്തുള്ള ഒരു ഗ്രാമമായിരുന്നു. അവിടെവെച്ചു തന്നെയാണ് താൻ യേശുവിനെ ആദ്യം കാണുന്നത്. യോഹന്നാൻ മാംദാനായുടെ പ്രസംഗം കേൾക്കുവാനായി പത്രോസ്, അന്ത്രയോസ്, സെബദിപുത്രന്മാർ എന്നിവരോടുകൂടി താൻ പോകുമായിരുന്നു. യേശുവിനെപ്പറ്റിയുള്ള യോഹന്നാന്റെ സാക്ഷ്യം കേട്ടിട്ട് യോഹന്നാന്റെ ശിഷ്യനായ അന്ത്രയോസും ഒപ്പം യോഹന്നാനും യേശു വിന്റെ പിന്നാലെ ചെന്ന് അവനോടു കൂടി പാർത്തു. യേശു ലോകത്തി ലേക്ക് വരുവാനുള്ള മിശിഹാ ആണെന്ന് അവർക്ക് ബോധ്യമായി. പിറ്റേ ന്നാൾ യേശു ഗലീലായിലേക്ക് പുറപ്പെടുവാൻ ഭാവിച്ചപ്പോൾ ഫീലിപ്പോസി നെ കണ്ടു. 'എന്നെ അനുഗമിക്കുക' എന്ന് പറഞ്ഞു. "എന്നെ അനുഗമി ക്കുക" എന്ന കല്പന യേശുവിൽ നിന്നു കേട്ടതും അനുസരിച്ചതും ഫീലിപ്പോസായിരുന്നു. അന്ത്രയോസും യോഹന്നാനും യേശുവിനെ അന്വേ ഷിച്ച് കണ്ടെത്തുകയായിരുന്നു എങ്കിൽ ഫീലിപ്പോസിനെ യേശു കണ്ടെത്തി.

## ശിഷ്യത്വത്തിലേക്ക് നയിക്കുന്നവൻ

അന്ത്രയോസിനേപ്പോലെ ഫീലിപ്പോസും മറ്റുള്ളവരെ യേശുവിലേക്ക്

നയിക്കുവാൻ തല്പരനായിരുന്നു. യോഹന്നാന്റെ സുവിശേഷം 1-ാം അദ്ധ്യായം 43 മുതൽ 46 വരെയുള്ള വാകൃങ്ങളിൽ യേശു ഫീലിപ്പോസിനോട് 'എന്നെ അനുഗമിക്കുക' എന്നു കല്പിച്ചശേഷം അവൻ തന്റെ സ്നേഹിതനായ നഥാനിയേലിനെ കണ്ട് അവനോട് "നിയമത്തിൽ മോശയും പ്രവാചകന്മാരും ആരെക്കുറിച്ച് എഴുതിയിരിക്കുന്നുവോ അവനെ ഞങ്ങൾ കണ്ടെത്തിയിരിക്കുന്നു" എന്ന് പറഞ്ഞു. നഥാനിയേലിനെ ഫീലിപ്പോസ് യേശുവിന്റെ അടുക്കലേക്ക് കൊണ്ടുപോയി. യേശുവിനെ അറിയുകയും സ്നേഹിക്കുകയും ചെയ്യുന്നവൻ തീർച്ചയായും മറ്റുള്ളവരെ യേശുവിങ്കലേക്ക് നയിക്കും. ഈ ഉത്തമമായ മാതൃകയാണ് ഫീലിപ്പോസ് നൽകുന്നത്. സത്യവിശ്വാസത്തിന്റെ സൈദ്ധാന്തിക വശം മാത്രം പഠിക്കുകയും പ്രസംഗിക്കുകയുമായിരുന്നില്ല ഫീലിപ്പോസ്. തികച്ചും പ്രായോഗികമായിരുന്നു അദ്ദേഹത്തിന്റെ സമീപനം. നല്ല പ്രായോഗികബുദ്ധിയുള്ള ഒരാളായിരുന്നു താൻ.

## ഫീലിപ്പോസിന്റെ പ്രേഷിത പ്രവർത്തനം

കർത്താവിന്റെ സുവിശേഷം നാടെങ്ങും പരത്തുവാൻ ഫീലിപ്പോസ് ഉത്സാഹിച്ചിരുന്നു. വിജാതീയരുടെ ഇടയിൽ സുവിശേഷപ്രഘോഷകനായിട്ടാണ് ഫീലിപ്പോസിനെ പൊതുവെ കാണുന്നത്. 'ഫീലിപ്പോസിന്റെ പ്രവർത്തനങ്ങൾ' എന്ന പേരിൽ അറിയപ്പെടുന്ന ഒരു രേഖയിൽ അദ്ദേഹത്തിന്റെ സുവിശേഷപ്രവർത്തനങ്ങളേക്കുറിച്ച് പറയുന്നുണ്ട്. അതിൻപ്രകാരം ഫീലിപ്പോസ് ഏഷ്യയിലേയും ലിദിയായിലേയും വിവിധ ഭാഗങ്ങളിൽ സുവിശേഷം അറിയിച്ചു. സുവിശേഷ പ്രഘോഷണാർത്ഥം വിജാതീയരായ ഗ്രീക്കുകാരുടെയിടയിലേക്ക് ആദ്യം യാത്ര തിരിച്ചത് ഫീലിപ്പോസാണ്. എ. ഡി. 36-ൽ സ്തേഫാനോസിന്റെ മരണശേഷം ഫീലിപ്പോസ് ശമരിയായിൽ സുവിശേഷം അറിയിച്ചു. യേശു യഹൂദന്മാർക്ക് മാത്രമല്ല വിജാതീയർക്കും രക്ഷകനാണെന്ന് ഫീലിപ്പോസ് പ്രസംഗിച്ചു. യേറുശലേമിന് 45 മൈൽ കിഴക്കുപടിഞ്ഞാറ് ഗാസാ പട്ടണത്തിലും താൻ സുവിശേഷം അറിയിച്ചു. എത്യോപ്യൻ ഷണ്ഡനെ ഫീലിപ്പോസ് കണ്ടുമുട്ടുകയും മാനസാന്തരപ്പെടുത്തുകയും ചെയ്തു (അപ്പോ. 8:27). എത്യോപ്യൻ ഓർത്തഡോക്സ് സഭ തങ്ങളുടെ ശ്ലീഹായായി ഫീലിപ്പോസിനെ കരുതിപ്പോരുന്നു. അതിനുശേഷം ഏതാണ്ട് 20 വർഷത്തോളം ഫിലിപ്പോസ് കേസറിയായിൽ താമസിച്ച് സുവിശേഷ പ്രഘോഷണം നടത്തി. എ. ഡി. 58-ൽ പൗലോസും ലൂക്കോസും യേരുശലേമിലേയ്ക്കുള്ള യാത്രാമദ്ധ്യേ ഫീലിപ്പോസിനേയും അദ്ദേഹത്തിന്റെ കുടുംബത്തേയും സന്ദർശിച്ചു.

എ. ഡി. 185-ൽ പോളിക്രാറ്റസ് എഴുതിയ എഴുത്ത് ചരിത്രകാരനായ യവുസേബിയസ് ഇപ്രകാരം ഉദ്ധരിക്കുന്നു: "ലോകത്തിന്റെ വെളിച്ചം പകരുന്ന വളരെയധികം ആളുകൾ ഏഷ്യയിൽ വിശ്രമം കൊള്ളുന്നു. അവ

രെല്ലാവരും അന്തിമ നിമിഷത്തിലെ വിധിനാളിൽ ഉയിർത്തെഴുന്നേൽക്കും. മിശിഹാ മഹത്വപൂർണ്ണനായി സ്വർഗ്ഗത്തിൽ നിന്നും പ്രത്യക്ഷപ്പെടുമ്പോൾ അവൻ തന്റെ വിശുദ്ധനെ അന്വേഷിക്കും. നമ്മുടെ കർത്താവിന്റെ 12 ശിഷ്യന്മാരിൽ ഒരാളായ ഫീലിപ്പോസും അവന്റെ രണ്ടു പുത്രിമാരും ഹീരാപ്പോളീസിൽ നിദ്ര കൊള്ളും. അവന്റെ പെൺമക്കൾ രണ്ടു പേരും അന്ത്യം വരെ കന്യകകളായി ജീവിച്ചവരാണ്." ഗായിയൂസ് എന്ന എഴുത്തുകാരനും (160–230) ഇതു തന്നെ ഉദ്ധരിക്കുന്നുണ്ട്. നാലു പ്രവാചകിമാരാണ് ഏഷ്യയിലെ ഹീരാപ്പോളിസിൽ ഉണ്ടായിരുന്നത്. അവർ നാലു പേരും ഫീലിപ്പോസ് ശ്ലീഹായുടെ മക്കളായിരുന്നു. ഫീലിപ്പോസ് ശ്ലീഹായുടേയും അദ്ദേഹത്തിന്റെ മക്കളുടേയും ശവകുടീരം അവിടെയുണ്ട്.

## ശ്ലീഹായുടെ മരണം

ഫീലിപ്പോസ് ഏഷ്യായുടെ പ്രകാശമായിരുന്നു. ഹീരാപ്പോളിസിൽ വച്ച് ശ്ലീഹാ മരണം പ്രാപിച്ചു. എ. ഡി. 90–നോട് അടുത്തു 87–ാമത്തെ വയസ്സിൽ ഫീലിപ്പോസ് രക്തസാക്ഷി മരണം പ്രാപിച്ചു എന്ന് ഒരു പാരമ്പര്യം പറയുന്നു. ഡൊമീഷ്യൻ ചക്രവർത്തിയുടെ മതമർദ്ദന കാലമായിരുന്നു അത്. ഹീരാപ്പോളീസിൽ ഒരു രാജാവ് ഉണ്ടായിരുന്നില്ല. അവിടെയുണ്ടായിരുന്ന റോമൻ ഗവർണ്ണറുടെ ഭാര്യ അസുഖം മൂലം ക്ലേശിക്കുകയായിരുന്നു. ശ്ലീഹായുടെ പ്രാർത്ഥനയാൽ അവൾ സുഖപ്പെട്ടു. അവിടെ സുവിശേഷം വിജയകരമായി ഘോഷിച്ചു. അതിന്റെ ഫലമായി കുപിതനായ ഗവർണ്ണർ ഫീലിപ്പോസിനെ തടവിലാക്കി. അവൻ ശ്ലീഹായുടെ കാലിന്റെ കണ്ണയിലും തുടയിലും ദ്വാരങ്ങളുണ്ടാക്കി തലകീഴാക്കി തൂക്കിയിട്ട് പീഡിപ്പിച്ചു. അപ്രകാരമാണ് ശ്ലീഹായുടെ അന്ത്യം എന്ന് ഒരു പാരമ്പര്യം പറയുന്നു. ആ മരണത്തിന് ബർത്തുൽമായി ശ്ലീഹായും സാക്ഷിയായിരുന്നു. ഫീലിപ്പോസിന്റെ മൃതശരീരം അടക്കം ചെയ്തത് ബർത്തുൽമായി ശ്ലീഹായുടെ നേതൃത്വത്തിലായിരുന്നു.

## ശ്ലീഹായുടെ ഓർമ്മ

പൗരസ്ത്യ സഭകളിൽ നവംബർ 14–നാണ് ഫീലിപ്പോസ് ശ്ലീഹായെ അനുസ്മരിക്കുന്നത്. എന്നാൽ 1969 മുതൽ മെയ് 3–ാം തീയതിയാണ് ഫീലിപ്പോസിന്റെ തിരുനാൾ ലത്തീൻ കത്തോലിക്കാസഭ കൊണ്ടാടുന്നത്.

ലോകത്തിന് ദൈവത്തെ കാട്ടിക്കൊടുക്കുവാൻ ഫീലിപ്പോസിനെപ്പോലെ നിരന്തരം ദൈവത്തിന്റെ പക്കൽ മാദ്ധ്യസ്ഥം വഹിക്കുവാനുള്ള വിളിയാണ് ഓരോ വിശ്വാസിക്കുമുള്ളത്.

# 7

# വി. ബർത്തുൽമായി ശ്ലീഹാ

**വി.** ബർത്തുൽമായി ശ്ലീഹായെക്കുറിച്ച് വിശദവിവരങ്ങൾ ഒന്നും തന്നെ സുവിശേഷങ്ങളിൽ നിന്ന് നമുക്ക് ലഭിക്കുന്നില്ല. അപ്പോസ്തോലന്മാരുടെ പേരുകൾ പ്രതിപാദിക്കുന്നിടത്തെല്ലാം അദ്ദേഹത്തിന്റെ പേരും ഉൾപ്പെട്ടിട്ടുണ്ടെന്നു മാത്രം. അദ്ദേഹത്തിന്റെ പേരിലെ 'തൊൽമായി' അഥവാ 'തുൽമായി' മൂലഭാഷയിൽ ടോളമി എന്നായിരിക്കുമോ എന്നും, അങ്ങനെയെങ്കിൽ ഈജിപ്തുമായി വല്ല ബന്ധത്തിനും സാദ്ധ്യതയുണ്ടോ എന്നും സംശയിക്കാവുന്നതാണ്.

### ശ്ലീഹായുടെ നാമം

ബർത്തലോമിയ എന്ന വാക്കിന്റെ അർത്ഥം 'ടോൾമിയായുടെ പുത്രൻ' എന്നാണ്. ടോൾമായ് എന്ന മൂലം ടോളമിയാണെന്ന് പണ്ഡിതന്മാർക്ക് സംശയമുണ്ട്. ജെഷൂറിലെ രാജാവായ തെന്മായുടെ മകളാണ് ദാവീദിന്റെ ഒരു ഭാര്യ. ബർത്തോലോമിയ ആ രാജപരമ്പരയിൽ നിന്നുള്ളവനായിരുന്നു എന്നും മീൻപിടുത്തക്കാരനായിരുന്നു എന്നും ലളിതജീവിതം നയിച്ചിരുന്ന ആളാണെന്നും പണ്ഡിതന്മാർക്ക് അഭിപ്രായമുണ്ട്.

### നഥാനിയേൽ എന്നറിയപ്പെടുന്ന ബെർത്തലോമിയോ

ചില വേദപണ്ഡിതന്മാരുടെ അഭിപ്രായം ബർത്തുൽമായി യോഹന്നാന്റെ സുവിശേഷത്തിൽ മാത്രം പ്രത്യക്ഷപ്പെടുന്ന നഥാനിയേൽ തന്നെയാണ് എന്നാണ്. ഇതിന് കാരണങ്ങൾ പ്രധാനമായും താഴെ പറയുന്നവയാണ്.

1. അപ്പോസ്തോലന്മാരുടെ പേരുകൾ പ്രസ്താവിക്കുന്നിടത്തെല്ലാം (മത്താ. 10:1-4, മർക്കോസ് 3:13-19, ലൂക്കോസ് 6:12-16) ബർത്തുൽമായിയുടെ പേര് ഫീലിപ്പോസിന്റെ പേരിനോട് ചേർന്നാണ്. വി. യോഹന്നാന്റെ സുവിശേഷത്തിൽ ശിഷ്യന്മാരുടെ പേരുകൾ മുഴുവൻ പറയുന്നില്ല എങ്കിലും ഫിലിപ്പോസിനെ സംബന്ധിച്ച് പ്രതിപാദനത്തോടു ചേർന്ന് വരുന്നത് നഥാനിയേലിന്റെ പേരാണ് (യോഹ. 1:45).

2. യോഹന്നാന്റെ സുവിശേഷത്തിൽ ഏതാനും ചില ശ്ലീഹന്മാരുടെ പേരുകൾ പറയുന്നിടത്തു നഥാനിയേലിന്റെ പേരു പറയുന്നു. എന്നാൽ ബർത്തുൽമായിയുടെ പേര് അവിടെയില്ല താനും (യോഹ. 21:2).

3. ബർത്തുൽമായി തന്നെയാണ് നഥാനിയേൽ എങ്കിൽ അദ്ദേഹം ഗലീ

ലയിലെ കാനാവിൽ നിന്നുള്ളവനും ഫിലിപ്പോസ് മുഖാന്തിരം ക്രിസ്തുവിങ്കലേക്കു കടന്നുവന്നവനും ആയിരുന്നു. 'കാപട്യമില്ലാത്ത സാക്ഷാൽ ഇസ്രായേല്യൻ' എന്ന സാക്ഷ്യവും യേശുവിൽ നിന്ന് അദ്ദേഹത്തിന് കിട്ടി (യോഹ. 1:43-51).

പാലസ്തീനിലുള്ള ഒരു സാധാരണ യഹൂദന്റെ ആദ്യ നാമം ബർത്തലോമിയോ എന്നാകാൻ യാതൊരു സാധ്യതയുമില്ല. കാരണം, ബർത്തലോമിയ എന്ന പദത്തിന്റെ അർത്ഥം 'ടോൾമിയായുടെ പുത്രൻ' എന്നാണ്. പിതാവിനെ കുറിക്കുന്ന പേര് രണ്ടാമതാണ് യഹൂദ പാരമ്പര്യത്തിൽ വരുന്നത്.

## നഥാനിയേലിന്റെ ചരിത്രം

നഥാനിയേൽ ജനിച്ചു വളർന്നത് ഗലീലായിലെ കാനായിലായിരുന്നു. (യോഹ. 21:2). നസ്രേത്തിൽ നിന്നും ഗലീലാക്കടൽ തീരത്തു നിന്നും ഏകദേശം 20 കി. മീ. ദൂരം അകലെയായിരുന്നു കാനാ. അവിടെ നിന്നും ഫിലിപ്പോസിന്റെ നഗരമായ ബേത്സയിദായിലേക്കും ഏകദേശം 20 കി. മീ. ദൂരമുണ്ട്. കാനാ എന്ന ഗ്രാമത്തെപ്പറ്റി വി. യോഹന്നാൻ മാത്രമേ പരാമർശിക്കുന്നുള്ളൂ. ആദ്യത്തേത് യേശു വെള്ളം വീഞ്ഞാക്കിയതുമായി ബന്ധപ്പെടുത്തിയാണ്. അടുത്തപ്രാവശ്യം യേശു കാനായിൽ ചെന്നപ്പോഴാണ് ഒരു രാജഭൃത്യൻ കപ്പർന്നഹൂമിൽ നിന്ന് അവിടെയെത്തി അത്യാസന്ന രോഗാവസ്ഥയിലായിരിക്കുന്ന തന്റെ മകനെ സൗഖ്യപ്പെടുത്തണമെന്ന് യേശുവിനോട് അപേക്ഷിച്ചത്. യേശു പറഞ്ഞു "പൊയ്ക്കൊള്ളുക നിന്റെ മകൻ ജീവിക്കും." അങ്ങനെ യേശു അവനെ സൗഖ്യപ്പെടുത്തി. നഥാനിയേൽ യേശുവിനെ ആദ്യം കണ്ടതിനെപ്പറ്റി യോഹന്നാൻ ശ്ലീഹായാണ് എഴുതിയിരിക്കുന്നത്. ഈ നഥാനിയേൽ തന്നെയാണ് ബർത്തലോമി. 'ഇതാ കാപട്യമില്ലാത്ത യഥാർത്ഥ ഇസ്രായേല്യൻ' എന്നാണ് നഥാനിയേലിനെക്കുറിച്ച് യേശു പറഞ്ഞത്. ഇസ്രായേലിന്റെ ചരിത്രത്തിൽ കാപട്യം കാണിച്ചവർ അനേകരുണ്ട്. ഹാബേലിനെ കൊന്ന കായേൻ, പായസം കൊടുത്ത് ഏശാവിനെപ്പറ്റിച്ച് ജേഷ്ടാവകാശം തട്ടിയെടുത്ത യാക്കോബ് തുടങ്ങിയവർ ഉദാഹരണം. ഇതിൽ നിന്നും വ്യത്യസ്തമായി പുതിയ ഇസ്രായേലിനെ പ്രതിനിധീകരിച്ച് മിശിഹായെ രക്ഷിതാവായി സ്വീകരിക്കാനിരിക്കുന്ന കാപട്യമില്ലാത്ത യഥാർത്ഥ ഇസ്രായേൽക്കാരനാണ് നഥാനിയേൽ എന്ന് യേശുവിന്റെ വാക്കുകൾ സൂചിപ്പിക്കുന്നു. നഥാനിയേൽ ആരാണെന്ന് യേശുവിന് അറിയാമായിരുന്നു (യോഹ. 2:25). ഇവിടെ നിഷ്കളങ്കനായ യഥാർത്ഥ ഇസ്രായേല്യൻ എന്ന പ്രയോഗവും, 'അത്തിവൃക്ഷത്തിന്റെ ചുവട്ടിൽ ഞാൻ നിന്നെ കണ്ടു' (യോഹ 2:2) എന്ന പ്രയോഗവും തമ്മിൽ ബന്ധമുണ്ട്. ഈ രണ്ട് പ്രയോഗങ്ങളും യേശുവിന്

നഥാനിയേലിനെക്കുറിച്ച് നേരത്തെ അറിവുണ്ട് എന്ന് സൂചിപ്പിക്കുന്നു. "അങ്ങ് എന്നെ എങ്ങനെ അറിയും" എന്ന ചോദ്യത്തിന് കർത്താവ് "ഫിലിപ്പോസ് നിന്നെ വിളിക്കുന്നതിനു മുമ്പേ നീ അത്തിവൃക്ഷത്തിന്റെ ചുവട്ടിൽ ഇരിക്കുന്നത് ഞാൻ കണ്ടു' എന്ന് മറുപടി പറയുന്നു. അത്തി വൃക്ഷത്തിന്റെ തണൽ പ്രാർത്ഥനയ്ക്കും, ധ്യാനത്തിനും പറ്റിയ സ്ഥാനമാണെന്ന് റബ്ബിമാർ കരുതിയിരുന്നു. അത്തിമരത്തണലിലിരുന്ന് നിയമവും പ്രവാചക ഗ്രന്ഥങ്ങളും പഠിച്ച് അതനുസരിച്ച് ജീവിക്കുന്ന നീതിമാനും നിഷ്കപടനുമാണ് നഥാനിയേൽ എന്നാണ് യേശു പറഞ്ഞതിന്റെ അർത്ഥം. ചുരുക്കത്തിൽ ബർത്തലോമിയാ അഥവാ നഥാനിയേലിനെപ്പറ്റി സുവിശേഷങ്ങളിൽ വളരെ കുറച്ച് പരാമർശങ്ങളേയുള്ളൂ. ശാന്തനും ധ്യാനശീലനുമായ നഥാനിയേൽ ഒരു സത്യാന്വേഷകനായിരുന്നു. മിശിഹായുടെ വരവിനു വേണ്ടി കാത്തിരിക്കുന്നവനും അതേപ്പറ്റി തിരുവചനത്തിൽ പറയുന്ന കാര്യങ്ങൾ നന്നായി പരിശോധിച്ച് ഗ്രഹിച്ചവനുമായിരുന്നു നഥാനിയേൽ.

### ബർത്തലോമിയായുടെ പ്രവർത്തനം

ബർത്തലോമിയാ ഇന്നത്തെ തുർക്കിയുടെ ഭാഗമായ ലക്കയോണിയായിൽ സുവിശേഷം പ്രസംഗിച്ചുവെന്ന് സഭാപിതാക്കന്മാരായ ജെറോമും, ക്രിസോസ്റ്റവും അഭിപ്രായപ്പെടുന്നു. എ. ഡി. 46-നും 48-നും ഇടയ്ക്ക് പൗലോസും ബർന്നബാസും ഇവിടെ സുവിശേഷം പ്രസംഗിച്ചതായി കാണുന്നു.

### ബർത്തലോമിയായുടെ രക്തസാക്ഷിത്വം

ബർത്തലോമിയായുടെ രക്തസാക്ഷിത്വത്തെ സംബന്ധിച്ച് രണ്ട് പാരമ്പര്യങ്ങളുണ്ട്. ഇന്ത്യയിൽ കല്യാണിൽ രക്തസാക്ഷിത്വം വരിച്ചു എന്നാണ് പ്രബലമായ ഒരു അഭിപ്രായം. അർമേനിയായിൽ വച്ചുള്ള രക്തസാക്ഷിത്വത്തിനാണ് രണ്ടാമതു സാധ്യത.

"ബർത്തലോമിയായുടെ രക്തസാക്ഷിത്വം" എന്ന ഒരു അപ്രമാണിക ഗ്രന്ഥമുണ്ട്. അതിൽ ശ്ലീഹാ ഇന്ത്യയിൽ സുവിശേഷം അറിയിച്ച് രക്തസാക്ഷിയായി എന്നാണ് പറഞ്ഞിരിക്കുന്നത്. "ബർത്തലോമിയായുടെ നടപടികൾ" എന്ന ഗ്രന്ഥമനുസരിച്ച് ഇന്ത്യയിലാണ് ശ്ലീഹാ രക്തസാക്ഷിത്വം വരിച്ചത്. എ. ഡി. 62 ആഗസ്റ്റ് 24-ാം തീയതിയാണ് ശ്ലീഹായെ ക്രൂശിച്ചതെന്ന് കരുതപ്പെടുന്നു. അപ്പോൾ ശ്ലീഹായ്ക്കു അമ്പതിലധികം പ്രായമേയുണ്ടായിരുന്നുള്ളൂ. ബർത്തലോമിയായേക്കുറിച്ച് പരാമർശിക്കുന്ന ഒരു സുറിയാനിരേഖ അറബി ചരിത്രകാരനായ അമർ (എ. ഡി. 1340) ഉദ്ധരിക്കുന്നുണ്ട്. അതിൽ "ബർത്തലോമിയാ നിസ്സീബിസിലും, അസീറിയാ

യിലും അർമേനിയായിലും സുവിശേഷം പ്രസംഗിച്ചു. അദ്ദേഹം അവിടെയൊന്നും തുടർന്നില്ല. ശ്ലീഹാ ഇന്ത്യയിൽ പോയി സുവിശേഷം പ്രസംഗിക്കുകയും അവിടെവച്ച് വധിക്കപ്പെടുകയും ചെയ്തു." ഈ സാക്ഷ്യങ്ങളിൽ നിന്ന് കല്യാണിലാണ് ശ്ലീഹാ മരിച്ചതെന്നു കരുതുന്നു.

**ശ്ലീഹായുടെ ഓർമ്മ**

എ. ഡി. 62 ആഗസ്റ്റ് 24-ാം തീയതി വധിക്കപ്പെട്ടതിനാൽ പൗരസ്ത്യ സഭ ആഗസ്റ്റ് 24-ാം തീയതി ശ്ലീഹായുടെ ഓർമ്മ കൊണ്ടാടുന്നു.

# 8

# വിശുദ്ധ തോമ്മാ ശ്ലീഹാ

മിശിഹായുടെ ഊർജ്ജസ്വലനായ ശിഷ്യൻ എന്നാണ് തോമ്മാ, ചരിത്രത്തിൽ അറിയപ്പെടുന്നത്. വി. തോമ്മാശ്ലീഹായ്ക്ക് ദിദിമോസ് (ഇരട്ട) എന്നും 'യഹൂദ' എന്നും രണ്ടു പേരുകൾ ഉണ്ടായിരുന്നു. തോമസ് എന്നത് അറമായ സുറിയാനിയിലെ നാമവും ദിദിമോസ് അതിന്റെ ഗ്രീക്ക് പരിഭാഷയും ആണ്. തന്റെ സഹോദരനായ ആദായിയോടു കൂടി ഇരട്ട പിറന്നവൻ എന്നയർത്ഥത്തിലാണ് തനിക്കാ പേരുണ്ടായതെന്നും, അല്ല അദ്ദേഹത്തിന്റെ രണ്ടു വിരലുകൾ ചേർന്നിരുന്നതുകൊണ്ടാണ് അങ്ങനെ വിളിക്കപ്പെട്ടതെന്നും അഭിപ്രായപ്പെടുന്നവരുണ്ട്. ചുരുക്കത്തിൽ 'യഹൂദ' എന്നുള്ളത് തന്റെ ഒന്നാമത്തെ നാമവും 'തോമസ്' രണ്ടാം നാമവും ആയിരുന്നു. നാലാമത്തെ സുവിശേഷത്തിൽ മൂന്ന് പ്രാവശ്യം തോമാ അഥവാ ദിദിമോസ് എന്ന പരാമർശം കാണാം. ഗ്രീക്ക് സംസാരിക്കുന്ന ക്രിസ്ത്യാനികളുടെ ഇടയിൽ ദിദിമൂസ് എന്ന പേരിലാണ് തോമ്മാ അറിയപ്പെട്ടിരുന്നത്. തോമ്മായുടെ ചൂണ്ടുവിരലും അതിനടുത്ത നടുവിരലും ഒരുമിച്ചിരുന്നുവെന്നും കർത്താവിന്റെ വിലാപ്പുറത്ത് സ്പർശിച്ചപ്പോൾ അവ വേർപെട്ടു എന്നും ഒരു ഐതീഹ്യം ഉണ്ട്.

### തോമ്മായുടെ ആദ്യകാല ജീവിതം

തോമ്മാശ്ലീഹാ ഗലീലക്കാരനായിരുന്നു. സുവിശേഷത്തിൽ അദ്ദേഹത്തെ പരിചയപ്പെടുത്തുന്നത് ധൈര്യശാലിയും ആത്മാർത്ഥതയുടെ അടിസ്ഥാനത്തിൽ ഉറച്ച തീരുമാനക്കാരനും ആയിട്ടാണ്. യഹൂദന്മാർ യേശുവിനെതിരായി ഗൂഡാലോചന നടത്തുന്നതിനാൽ യഹൂദ്യയിലേക്ക് പോകുന്നതിന് ചില ശിഷ്യന്മാർ നിരുത്സാഹപ്പെടുത്തിയപ്പോൾ "അവനോടു കൂടെ മരിക്കേണ്ടതിന് നാമും പോക" (യോഹ. 11:16) എന്ന് തോമസ് ധൈര്യപൂർവ്വം എല്ലാവരേയും ആഹ്വാനം ചെയ്യുന്നുണ്ട്. ഗലീലാക്കടലിൽ മീൻ പിടിക്കുവാൻ പോയ ശിഷ്യന്മാരുടെ കൂട്ടത്തിൽ തോമ്മായും ഉണ്ടായിരുന്നു (യോഹ. 21:2). ഗലീലായിലെ യേശുവിന്റെ പ്രാരംഭശുശ്രൂഷക്കാലത്ത് ശിഷ്യഗണത്തിൽ തോമ്മാ ചേർന്നിരിക്കണം. ശ്ലീഹന്മാരെ കർത്താവ് തെരഞ്ഞെടുത്തപ്പോൾ 12 പേരിൽ ഒരാളായിരുന്നു തോമ്മാ. ആദ്യത്തെ 3 സുവിശേഷങ്ങളിൽ തോമ്മായെപ്പറ്റി ഒന്നും തന്നെ കാണുന്നില്ല. ശ്ലീഹന്മാരുടെ പട്ടികയിൽ തോമ്മായുടെ പേരുണ്ടെന്നു മാത്രം. യോഹന്നാന്റെ സുവിശേഷത്തിലാണ് തോമ്മാശ്ലീഹായെപ്പറ്റി പല കാര്യങ്ങളും നാം കാണുന്നത്.

വിശ്വാസപ്രഖ്യാപനത്തിന്റെ ആദർശ മാതൃകയായിട്ടാണ് ബൈബിൾ വ്യാഖ്യാതാക്കൾ തോമ്മാശ്ലീഹായെ അവതരിപ്പിക്കുന്നത്. 'എന്റെ കർത്താവും ദൈവവുമായുള്ളോവേ' (യോഹ. 20:28) എന്ന പ്രഖ്യാപനം മറ്റാരും നടത്തിയിട്ടില്ല. നാലാം സുവിശേഷത്തിൽ വിശ്വാസിക്ക് അനുകരിക്കാൻ തോമ്മാശ്ലീഹായേയാണ് യോഹന്നാൻ കാട്ടിത്തരുന്നതെന്ന് പ്രസിദ്ധ ബൈബിൾ പണ്ഡിതന്മാരായ റെയ്മൺണ്ട് ബ്രൗൺ, റുഡോൾഫ്, സി. കെ. ബാരറ്റ് എന്നിവർ പറയുന്നുണ്ട്. യേശുവിനെ അനുകരിക്കുന്ന സകല കാലത്തേയും സകല ശിഷ്യന്മാരുടേയും പ്രതിനിധിയാണ് തോമ്മാശ്ലീഹാ. തോമ്മാ ഒരു വിശ്വാസ പ്രതീകമാണ്. താൻ കണ്ടു വിശ്വസിച്ചവനാണ്. ഒപ്പം കാണാതെ വിശ്വസിച്ചവനുമാണ്. മിശിഹായിൽ വിശ്വസിക്കുന്ന ഒരു വിശ്വാസിയുടെ വിശ്വാസ പ്രഘോഷണത്തിന്റെ സംക്ഷിപ്തരൂപമാണ് 'എന്റെ കർത്താവും ദൈവവുമായുള്ളോവേ' എന്നത്. ശ്ലീഹന്മാരിലൂടെ വിശ്വസിക്കുന്നവരെല്ലാം കാണാതെ വിശ്വസിക്കുന്നവരാണ്.

### തോമ്മായുടെ പ്രേഷിതത്വം

തോമ്മാശ്ലീഹായുടെ പ്രേഷിത പ്രവർത്തനങ്ങളെപ്പറ്റി നമുക്ക് ലഭിച്ചിട്ടുള്ള അറിവിന്റെ ആധാരം പാരമ്പര്യമാണ്. പെന്തിക്കോസ്തിക്കു ശേഷം ശ്ലീഹാ കുറേക്കാലം പലസ്തീനിൽ തന്നെ സുവിശേഷം അറിയിച്ചുകൊണ്ട് താമസിച്ചു. "മാർത്തോമ്മായുടെ പ്രവർത്തനങ്ങൾ" എന്ന പുരാതന രേഖയിൽ ഇപ്രകാരം കാണുന്നത്, ഇന്ത്യയിലെ ഗോണ്ടഫോറസ് രാജാവിന്റെ കൊട്ടാരം പണിക്കുള്ള ശില്പിയായി അബ്ബാനീസ് എന്ന കച്ചവടക്കാരനോടൊപ്പം മാർത്തോമ്മാ ശ്ലീഹാ ഇന്ത്യയിൽ എത്തി എന്നാണ്. ഗോണ്ടഫോറസിന്റെ നാമത്തിലുള്ള നാണയങ്ങൾ ചരിത്രകാരന്മാർ കണ്ടെടുത്തിട്ടുള്ളതുകൊണ്ട് ഈ കഥയ്ക്ക് പ്രാബല്യം വളരെയുണ്ട്. മാർത്തോമ്മാ ശ്ലീഹായുടെ അദ്ഭുതപ്രവർത്തനങ്ങളുടേയും പ്രസംഗത്തിന്റേയും അടിസ്ഥാനത്തിൽ ഗോണ്ടഫോറസ് രാജാവും വളരെ പ്രജകളും ക്രിസ്ത്യാനികളായെന്നും ഈ രേഖയിൽ പറയുന്നു.

12 പേരിൽ ഏറ്റവും സമർത്ഥനും ഫലപ്രദമായി സുവിശേഷഘോഷണം നിർവ്വഹിച്ചതും തോമ്മാശ്ലീഹായാണെന്ന് എവുസേബിയസ് എന്ന ചരിത്രകാരൻ പറയുന്നുണ്ട്. എ. ഡി. 13-നും 50-നും ഇടയ്ക്ക് എഡേസ്സാ ഭരിച്ചിരുന്ന അബ്ഗാരിയൂസ് രാജാവിനെ തോമ്മാ ശ്ലീഹാ മാനസാന്തരപ്പെടുത്തി. അബ്ഗാർ ഒരു രോഗിയായിരുന്നു. അദ്ദേഹത്തെ സുഖപ്പെടുത്താൻ ആർക്കും കഴിഞ്ഞില്ല. തുടർന്ന് യേശുവിന്റെ സൗഖ്യദായക സ്വഭാവത്തെ തോമ്മാ മൂലം താൻ അറിഞ്ഞു.

എന്നാൽ ഭാരതത്തിൽ, കേരളത്തിലെ പ്രബലവും പുരാതനവുമായ

പാരമ്പര്യം അനുസരിച്ച് എ. ഡി. 52-ൽ തോമ്മാ ശ്ലീഹാ കേരളത്തിന്റെ തുറമുഖമായ കൊടുങ്ങല്ലൂരിൽ വന്നിറങ്ങി. മലങ്കരയിൽ അദ്ദേഹം കൊല്ലം, കൊടുങ്ങല്ലൂർ, പാലൂർ, പറവൂർ, ഗോക്കമംഗലം, ചായൽ, നിരണം എന്നീ ഏഴു സ്ഥലങ്ങളിൽ പള്ളികൾ സ്ഥാപിക്കുവാൻ തക്കവണ്ണം ഫല പ്രദമായ സുവിശേഷ പ്രവർത്തനം നടത്തി. ഇതിൽ ചായൽ ദേവാലയാവശിഷ്ടങ്ങളുടെ അടുത്താണ് ഇപ്പോൾ നിലയ്ക്കൽ എക്യുമെനിക്കൽ ദേവാലയം പണികഴിപ്പിച്ചിരിക്കുന്നത്. കൂടാതെ പകലോമറ്റം, ശങ്കരപുരി, കള്ളി, കാളിയാങ്കൽ എന്നീ ബ്രാഹ്മണ കുടുംബത്തിൽ നിന്നു ക്രിസ്ത്യാനികളായവരിൽ ചിലരെ പുരോഹിതന്മാരായി നിയമിച്ചു. മലങ്കരയിൽ വർഷങ്ങളായി നിലവിലിരിക്കുന്ന മാർഗ്ഗംകളിപ്പാട്ടുകളുടെ പ്രധാന ഇതിവൃത്തം മാർത്തോമ്മാ ശ്ലീഹായുടെ മലങ്കരയിലെ സുവിശേഷ പ്രവർത്തനങ്ങളാണ്.

## മാർത്തോമ്മാ ശ്ലീഹായുടെ രക്തസാക്ഷിത്വവും കബറിടവും

ക്രിസ്തുവർഷം ആദ്യ നൂറ്റാണ്ടിൽ ചോഴ മണ്ഡലത്തിൽ മൈലായി എന്ന പട്ടണമുണ്ടായിരുന്നു. ഇപ്പോഴത്തെ ചെന്നൈ നഗരത്തിന്റെ പ്രാന്ത പ്രദേശത്താണ് മൈലാപ്പൂർ സ്ഥിതിചെയ്യുന്നത്. വളരെ പുരാതനമായ ഒരു പട്ടണമാണ് മൈലാപ്പൂർ. ഇവിടെ ധാരാളം റോമാക്കാരും യഹൂദരും താമസിച്ചിരുന്നു. പ്രശസ്തമായ ഒരു ഹിന്ദുമത ക്ഷേത്രവും ഇവിടെ ഉണ്ടായിരുന്നു. 7-ാം നൂറ്റാണ്ടു മുതൽ ഇപ്പറഞ്ഞവയ്ക്ക് തെളിവുകൾ ഉണ്ടുതാനും. അന്ന് ചോഴ മണ്ഡലം ഭരിച്ചിരുന്നത് നരസിംഹ രാജാവായിരുന്നു.

മലങ്കരയിൽ നിന്നും മാർത്തോമ്മാ ശ്ലീഹാ സുവിശേഷഘോഷണത്തിന് ചൈനയിലും മറ്റും പോയി. അവിടെനിന്ന് തിരിച്ചുവന്ന് എ. ഡി. 69-ൽ ശ്ലീഹാ മൈലാപ്പൂരിൽ സ്ഥിരതാമസമാക്കി. അവിടെ ഹിന്ദുക്കളുടെ ഉപദ്രവം തനിക്ക് സഹിക്കേണ്ടി വന്നു. ഇത്തരം പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ചും ശ്ലീഹാ യാത്ര ചെയ്ത് ധാരാളം അദ്ഭുതങ്ങൾ പ്രവർത്തിച്ചു. ഹിന്ദുക്കളിൽ വളരെപ്പേർ ശ്ലീഹായെ പരിശുദ്ധനായി കരുതിയിരുന്നു. 'തോമ്മായുടെ നടപടി'കളിലെ വിവരണമനുസരിച്ച് വളരെ നാളുകൾ നീണ്ട ഉപവാസത്തിലും പ്രാർത്ഥനയിലും തോമ്മാ വ്യാപരിച്ചിരുന്നു.

മൈലാപ്പൂരിലെ ബ്രാഹ്മണ പുരോഹിതർ തോമ്മായെ വലിയ ശത്രുവായി കണ്ടു. മതഭ്രാന്തരായ ക്രൈസ്തവ വിരോധികൾ അദ്ദേഹത്തെ കുന്തം കൊണ്ടു കുത്തി. ശ്ലീഹാ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോഴാണ് അവർ അപ്രകാരം ചെയ്തത്. കുന്തമേറ്റത് എ. ഡി. 72 ഡിസംബർ 18-ാം തീയതിയാണെന്നും എന്നാൽ അദ്ദേഹം മരിച്ചത് ഡിസംബർ 21-ാം തീയതിയാണെന്നും ഒരു പാരമ്പര്യമുണ്ട്. മാർത്തോമ്മാശ്ലീഹായുടെ ഭൗതിക

ശരീരം മൈലാപ്പൂരിലെ കലാമിനാ പട്ടണത്തിനരികെ ചിന്നമലയിൽ സംസ്കരിക്കപ്പെട്ടു.

എ. ഡി. 394-നോടടുത്ത് മാർത്തോമ്മാശ്ലീഹായുടെ തിരിശേഷിപ്പുകൾ ഇൻഡ്യയിൽ നിന്ന് എഡേസാ (ഉറഹാ) യിലേക്ക് കൊണ്ടുപോയി. അത് സ്ഥാപിച്ച പള്ളിയിൽ തോമ്മാശ്ലീഹായുടെ നാമത്തിൽ പെരുന്നാൾ ആചരിച്ച ദിവസമാണ് ജൂലൈ 3-ാം തീയതി എന്ന് പ്രബലമായ ഒരു പാരമ്പര്യമുണ്ട്. മാർത്തോമ്മായുടെ തിരുശേഷിപ്പ് പിൽക്കാലത്ത് എഡേസായിൽ നിന്നും മൂസലിൽ എത്തി. അതിന്റെ ഒരംശം 1965-ൽ മോറാൻ മാർ ബസ്സേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കായെ അന്നത്തെ പാത്രിയർക്കീസായിരുന്ന മോറാൻ മാർ ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ ഏല്പിക്കുകയും മലങ്കരയിലേക്കു കൊണ്ടുവന്നു കോട്ടയം ദേവലോകം അരമനപ്പള്ളിയിൽ പ്രതിഷ്ഠിക്കുകയും ചെയ്തു.

## മാർത്തോമ്മായുടെ ദുക്റോനോ

പൗരസ്ത്യ സുറിയാനി സഭകളിലും ലത്തീൻ സഭയിലും തോമ്മാശ്ലീഹായുടെ ദുക്റോനോ അഥവാ സ്മരണ കൊണ്ടാടുന്നത് ജൂലൈ 3-ാം തീയതിയാണ്. ഗ്രീക്ക് സഭയിൽ ഒക്ടോബർ 6-നും ചില ആംഗ്ലിക്കൻ സഭകളിൽ ഡിസംബർ 21-നും തോമ്മാശ്ലീഹായെ അനുസ്മരിക്കുന്നു.

തോമ്മാശ്ലീഹാ പകർന്നുതന്ന വചനത്തിന്റെ ചൈതന്യവും വെളിച്ചവുമാണ് ഇന്നും നമ്മുടെ മാർഗ്ഗദീപം.

# 9

# വിശുദ്ധ മത്തായി ശ്ലീഹാ

മത്തായി എന്ന വാക്കിന്റെ അർത്ഥം 'യഹോവയുടെ ദാനം' എന്നാണ്. മാത്താൻയാ എന്ന ഹീബ്രു പദത്തിൽ നിന്നും മത്തായിയോസ് (Mathaios) എന്ന ഗ്രീക്കു പദത്തിൽ നിന്നുമാണ് മത്തായി എന്ന നാമത്തിന്റെ ഉത്ഭവം. മത്തായി എന്ന പേര് പഴയനിയമത്തിൽ ഒരിടത്തും നാം കാണുന്നില്ല. പുതിയനിയമത്തിൽ പന്ത്രണ്ടു ശ്ലീഹന്മാരുടെ ഗണത്തിൽ മാത്രമാണ് ഈ നാമം നാം കാണുന്നത് (മത്തായി 10:2-4, മർക്കോസ് 3:16-19, ലൂക്കോസ് 6:14-16, അപ്പോ. പ്രവൃത്തി 1:13).

സുവിശേഷകർത്താവും കൂടിയായ വി. മത്തായി ശ്ലീഹായ്ക്ക് 'ലേവി' എന്ന പേരും ഉണ്ടായിരുന്നു. ഗലീലാ പ്രദേശത്തു കഫർന്നഹൂമിൽ ചുങ്കം പിരിച്ചുകൊണ്ടിരിക്കുമ്പോഴാണ് കർത്താവ് മത്തായിയെ വിളിക്കുന്നത്. അന്നത്തെ വ്യവസ്ഥിതിയനുസരിച്ച് ചുങ്കം പിരിക്കുന്നവർ ഏറ്റവും വലിയ പണക്കൊതിയന്മാരും സാധുക്കളെ പരമാവധി ചൂഷണം ചെയ്യുന്നവരും ആയിരുന്നു. അതുകൊണ്ട് തന്നെയാണ് യഹൂദന്മാർ ചുങ്കക്കാരെ "പാപികളുടേയും വഞ്ചകരുടേയും" ഗണത്തിൽ ഉൾപ്പെടുത്തിയിരുന്നത്. അവർ കരം പിരിച്ച് റോമാക്കാർക്ക് കൊടുക്കുന്നവരായിരുന്നു. ചുങ്കക്കാരിൽ ഒരുവൻ യേശു വിളിച്ചയുടനെ തന്നെ അദ്ദേഹത്തെ അനുഗമിച്ചുവെങ്കിൽ തീർച്ചയായും അദ്ദേഹം മറ്റുള്ളവരിൽ നിന്നും വ്യത്യസ്തനായിരിക്കണം. മത്തായിയെ യേശു വിളിച്ചയുടൻ അദ്ദേഹം തന്റെ ജോലി വിട്ടു യേശുവിനെ അനുഗമിച്ചു.

### മത്തായി എന്നറിയപ്പെടുന്ന ലേവി

മത്തായി ശ്ലീഹായുടെ വിളിയെക്കുറിച്ച് ആദ്യത്തെ മൂന്ന് സുവിശേഷങ്ങളിലും, സുവിശേഷകന്മാർ വ്യത്യാസങ്ങളോടെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അദ്ദേഹം ചുങ്കം പിരിക്കുന്ന സ്ഥലത്ത് ഇരിക്കുന്നത് യേശു കണ്ടു. 'എന്നെ അനുഗമിക്ക' എന്ന് യേശു അവനോട് പറഞ്ഞു. ഉടനെ അവൻ എഴുന്നേറ്റ് യേശുവിനെ അനുഗമിച്ചു (മത്തായി 9:9). എന്നാൽ മർക്കോസിന്റെ സുവിശേഷത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "അവൻ കടന്നുപോകുമ്പോൾ അൽപ്പായിയുടെ പുത്രനായ ലേവി ചുങ്കസ്ഥലത്ത് ഇരിക്കുന്നതു കണ്ടു. യേശു അവനോട് എന്നെ അനുഗമിക്ക എന്ന് പറഞ്ഞു (മർക്കോസ് 2:14). എന്നാൽ ലൂക്കോസ് ചുങ്കക്കാരനായ ലേവി (ലൂക്കോ. 5:27) എന്നാണ് എഴുതിയിരിക്കുന്നത്. ലേവിയും മത്തായിയും ഒരു വ്യക്തി തന്നെയാണ്. യേശു ലേവിയെ വിളിച്ചതിനുശേഷം

അദ്ദേഹത്തിന്റെ പേര് മത്തായി എന്നു മാറ്റി. ഇസ്രായേയിലെ പന്ത്രണ്ട് ഗോത്രങ്ങളിൽ ഒന്നിന്റെ പേരാണല്ലോ ലേവി എന്നത്. ചുരുക്കത്തിൽ ലേവിയും മത്തായിയും ശ്ലീഹായുടെ രണ്ടു പേരുകളാണ്.

## മത്തായിയുടെ തൊഴിൽ

മറ്റ് പല ശിഷ്യന്മാരുടേയും തൊഴിൽ മീൻപിടുത്തമായിരുന്നെങ്കിൽ മത്തായിയുടെ തൊഴിൽ ചുങ്കം പിരിക്കലായിരുന്നു. അതുകൊണ്ട് മത്തായി “ചുങ്കക്കാരൻ” എന്ന് അറിയപ്പെട്ടിരുന്നു. ചുങ്കക്കാരും പാപികളുമെല്ലാം വചനം കേൾക്കാൻ കർത്താവിന്റെ അടുക്കൽ വന്നുകൊണ്ടിരുന്നു. പരീശന്മാരും സാദൂക്യരും ഇതിൽ പിറുപിറുക്കുകയും ചെയ്തു. “ഇവൻ പാപികളെ സ്നേഹിക്കുകയും അവരോടു കൂടെ ഭക്ഷണം കഴിക്കുകയും ചെയ്യുന്നു” (ലൂക്കോസ് 5:1-2). ഇവിടെ കർത്താവ് ചോദിക്കുന്നു. “നിങ്ങളെ സ്നേഹിക്കുന്നവരെ മാത്രം നിങ്ങൾ സ്നേഹിച്ചാൽ നിങ്ങൾക്ക് എന്ത് പ്രതിഫലം കിട്ടും. ചുങ്കക്കാരനും അങ്ങനെ തന്നെ ചെയ്യുന്നില്ലേ. (മത്തായി 5:46). ‘സഭയെ അനുസരിക്കാത്തവൻ ചുങ്കക്കാരനെപ്പോലെയും പാപികളെപ്പോലെയും ആയിരിക്കട്ടെ’ (മത്തായി 18:17). ചുങ്കക്കാരും വേശ്യകളും നിങ്ങൾക്ക് മുമ്പേ ദൈവരാജ്യത്തിൽ പ്രവേശിക്കും (മത്തായി 21:3). ചുരുക്കത്തിൽ ചുങ്കക്കാരെ വിശുദ്ധ സുവിശേഷത്തിൽ പാപികളുടെ പട്ടികയിലാണ് ചേർത്തിരിക്കുന്നത്.

യഹൂദന്മാർ ചുങ്കക്കാരെ വെറുത്തതിന് ഒരു പ്രത്യേക കാരണമുണ്ടായിരുന്നു. തങ്ങൾ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ജനമാണെന്ന് അവർ പൂർണ്ണമായി വിശ്വസിച്ചിരുന്നു. അതുകൊണ്ട് അവരുടെ മേൽ ആധിപത്യം സ്ഥാപിക്കുവാൻ ശ്രമിക്കുന്ന ഏത് ജനത്തേയും രാജ്യത്തേയും അവർ അങ്ങേയറ്റം വെറുത്തിരുന്നു. യഹൂദന്മാരല്ലാത്ത ഏത് അധികാരത്തിനും കരമോ കപ്പമോ കൊടുക്കുന്നത് ന്യായമല്ല എന്ന് അവർ വിശ്വസിച്ചിരുന്നു. ആയതിനാൽ ഒരു വിജാതീയ ഗവൺമെന്റിനു വേണ്ടി കരം പിരിക്കുന്ന സ്വജാതീയരെ രാജ്യദ്രോഹികളായി അവർ കരുതി. ദൈവത്തിന്റെ ജനമായ യഹൂദരിൽ നിന്നും കരം പിരിക്കുവാൻ റോമാ ഗവൺമെന്റിന് അവകാശമില്ലെന്നാണ് അവരുടെ വിശ്വാസം. ചുങ്കക്കാരൻ ഒരു കേസിൽ സാക്ഷി നിൽക്കുവാൻ പാടില്ല. മറ്റുള്ളവരോട് ചേർന്ന് ഒരു പൊതുസ്ഥലത്ത് ദൈവത്തെ ആരാധിക്കുവാൻ അനുവാദമില്ല. അനുതപിക്കുവാൻ കഴിയാത്തവണ്ണം ഹൃദയം കഠിനമാക്കിയ വിഭാഗക്കാരാണ് ചുങ്കക്കാരെന്ന് യഹൂദന്മാർ കരുതിയിരുന്നു.

## മത്തായിയുടെ വിളി

വിശുദ്ധ സുവിശേഷങ്ങളിൽ മത്തായി ശ്ലീഹാ പ്രത്യേകം പ്രത്യക്ഷപ്പെടുന്നത് രണ്ട് സംഭവങ്ങളിലാണ്. മത്തായിയുടെ വിളിയും വിരുന്നു

മാണിവ. പാപികളോടുള്ള യേശുവിന്റെ കരുണാർദ്രമായ സ്നേഹമാണ് ഈ വിവരണങ്ങൾ വ്യക്തമാക്കുന്നത്. കഫർന്നഹൂമിൽ മത്തായി ചുങ്കം പിരിക്കുന്ന ജോലിയിൽ ആയിരുന്നു. യേശുവിന്റെ കാലത്തു യെഹൂദ്യയും ശമരിയായും ഒരു റോമാ ഗവർണറുടെ ഭരണത്തിലും, ഗലീല, ഹേറോദേസ് അന്തിപ്പാസിന്റെ ഭരണത്തിലുമായിരുന്നു. ഗലീലായിൽ നിന്ന് ദമസ്ക്കോസിലേക്കുള്ള വഴിമദ്ധ്യേയുള്ള ഒരു ചെറിയ പട്ടണമായിരുന്നു കഫർന്നഹൂം. മദ്ധ്യധരണി തുറമുഖം വരെ നീണ്ടുകിടക്കുന്ന ഈ വഴിയിലെ ഗതാഗതം മുഴുവനും കഫർന്നഹൂമിൽ നിന്ന് നിയന്ത്രിക്കുവാൻ കഴിയുമായിരുന്നു. കടൽത്തീരത്തായിരിക്കണം മത്തായിയുടെ ചുങ്കസ്ഥലം. നമ്മുടെ കർത്താവ് തന്റെ പരസ്യ ശുശ്രൂഷയിൽ അധികഭാഗവും ഗലീലായിൽ ആയിരുന്നു. കപ്പർന്നഹൂം കേന്ദ്രമാക്കിയുള്ള ശുശ്രൂഷ പാലസ്തീനിലെ ജനങ്ങളുടെ ശ്രദ്ധ ആകർഷിച്ചു.

മത്തായിയുടെ വിളി എല്ലാവരേയും ആശ്ചര്യപ്പെടുത്തി. എന്തെന്നാൽ അവൻ ഒരു ചുങ്കക്കാരനായിരുന്നു. ചുങ്കക്കാർ മിക്കവരും അത്യാഗ്രഹികളും പണക്കൊതിയന്മാരുമായിരുന്നു. ഇങ്ങനെയുള്ള ഒരാളെ യേശു തന്റെ ശിഷ്യനായി വിളിച്ചത് എന്തുകൊണ്ട്? ശ്ലീഹന്മാരുടെ സംഘത്തിലേക്കാണ് യേശു അവനെ വിളിച്ചത് എന്ന് നാം പ്രത്യേകം ഓർക്കണം. ദൈവം തന്റെ രക്ഷാകര പദ്ധതിയിലേക്ക് പലരേയും വിളിച്ചിട്ടുണ്ട്. ക്രിസ്ത്യാനികളെ പീഡിപ്പിക്കുവാനും സഭയെ നശിപ്പിക്കുവാനുമായി ഇറങ്ങിത്തിരിച്ച ശൗലിനെ കർത്താവ് വിളിച്ച് രൂപാന്തരപ്പെടുത്തി. ആ ശൗൽ സഭയുടെ പിൽക്കാല ശില്പിയായി മാറി. എല്ലാ കാലങ്ങളിലും എളിയവരേയും നിന്ദിക്കപ്പെട്ടവരേയും പാപികളേയും കർത്താവ് വിളിച്ചു രൂപാന്തരപ്പെടുത്തി. ഏത് മഹാപാപിയേയും രൂപാന്തരപ്പെടുത്തുവാൻ കഴിയുന്ന ദൈവകൃപയുടെ മാഹാത്മ്യത്തിനുള്ള ഒരു ഉത്തമ ദൃഷ്ടാന്തമാണ് മത്തായിയുടെ വിളി. യേശു മത്തായിയെ തന്റെ ശിഷ്യന്മാരിൽ ഒരുവനായി വിളിച്ചത് വളരെ ധീരമായ ഒരു നടപടിയായിരുന്നു. 'ഗുരോ, നീ എവിടെപ്പോയാലും ഞാൻ നിന്നെ അനുഗമിക്കാം" എന്നു പറഞ്ഞ ഒരുവനെ യേശു സ്വീകരിച്ചില്ല. കാരണം അവന് അർപ്പണബോധമില്ല എന്ന് തനിക്ക് അറിയാമായിരുന്നു. മത്തായി സർവ്വ സമ്പത്തും അവന്റെ തൊഴിലും ഉപേക്ഷിച്ചു. ആ ത്യാഗമനഃസ്ഥിതി കർത്താവ് മനസ്സിലാക്കി അവനെ തന്റെ ശിഷ്യഗണത്തിൽ ചേർത്തു.

ശ്ലീഹാ ആയിത്തീർന്ന മത്തായി ആദ്യം ചെയ്തത് തന്റെ ഭവനത്തിൽ ഒരു വിരുന്നു നടത്തി. താൻ ചുങ്കക്കാരോടും പാപികളോടും കൂടെ ഭക്ഷിച്ചു എന്ന് മത്തായിയുടെ സുവിശേഷത്തിൽ നാം വായിക്കുന്നു. ഈ വിരുന്നിൽ വെച്ചാണ് കർത്താവ് പറയുന്നത് "രോഗികൾക്കല്ലാതെ വൈദ്യനെക്കൊണ്ട് മറ്റാർക്കും പ്രയോജനമില്ല" എന്ന്.

## മത്തായി ശ്ലീഹായുടെ സുവിശേഷവേല

മത്തായിയുടെ പ്രേഷിത പ്രവർത്തനങ്ങളെക്കുറിച്ച് വൈവിധ്യം നിറഞ്ഞ പാരമ്പര്യങ്ങൾ നിലവിലുണ്ട്. വി. മത്തായി ആദ്യം യഹൂദ്യയിൽ സുവിശേഷം അറിയിച്ചിട്ട് കിഴക്കേ ദേശത്തേക്ക് അതായത് പാർത്തിയ, മേദ്യ, പേർഷ്യ എന്നിവിടങ്ങളിലും പോയി സുവിശേഷം അറിയിച്ചു എന്ന് വിശ്വസിക്കപ്പെടുന്നു. കൂടാതെ ആഫ്രിക്കയുടെ വടക്കുകിഴക്കു ഭാഗത്തും അദ്ദേഹം പ്രസംഗിക്കുകയും അദ്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്തു. മരിച്ച അഫ്ജാനിയ എന്ന രാജകുമാരിയെ ശ്ലീഹാ ഉയിർപ്പിച്ചു. അതറിഞ്ഞ രാജാവും പ്രജകളിൽ ഭൂരിപക്ഷവും ക്രിസ്തുവിൽ വിശ്വസിച്ചു എന്നാണ് പറയപ്പെടുന്നത്.

കർത്താവിന്റെ ശ്ലീഹായായ മത്തായി സുവിശേഷം രചിച്ചു എന്ന് സഭ പരമ്പരാഗതമായി വിശ്വസിക്കുന്നു. ആദ്യം അറമായ ഭാഷയിലാണ് എഴുതപ്പെട്ടത്. അത് ഉപയോഗിച്ചു കൊണ്ടാവാം ഇന്ന് നമുക്ക് ലഭ്യമായ ഗ്രീക്ക് സുവിശേഷം രചിച്ചത്. ഈ സുവിശേഷത്തിൽ പ്രത്യേകിച്ച് യേശുവിനെ ഔദ്യോഗികമായ യഹൂദ പാരമ്പര്യവുമായി ബന്ധിപ്പിച്ച് ചിത്രീകരിക്കാൻ ശ്രമിച്ചിട്ടുണ്ട്. അബ്രഹാമും ദാവീദുമായി യേശുവിന്റെ വംശാവലി ബന്ധവും, പ്രവചനങ്ങൾ തന്നിൽ നിറവേറി എന്ന പ്രസ്താവനകളും ഇതിന് ഉദാഹരണങ്ങളാണ്. യേശുക്രിസ്തുവിന്റെ പ്രസംഗങ്ങൾക്ക് മുൻതൂക്കം കൊടുത്താണ് വി. മത്തായി തന്റെ സുവിശേഷം എഴുതിയിരിക്കുന്നത്. എ. ഡി 60-നും 70-നും ഇടയ്ക്കാണ് മത്തായി സുവിശേഷം എഴുതിയതെന്ന് വിശ്വസിക്കപ്പെടുന്നു.

പഴയനിയമത്തിലെ വാഗ്ദാനങ്ങളുടെ പൂർത്തീകരണമാണ് പുതിയ നിയമത്തിൽ നാം കാണുന്നത്. പ്രവാചകനിലൂടെ എഴുതപ്പെട്ടത് പൂർത്തിയാകാനാണ് ഇത് സംഭവിച്ചത് എന്ന് 13 പ്രാവശ്യം മത്തായി ഉപയോഗിക്കുന്നുണ്ട്. പുതിയനിയമത്തേയും പഴയനിയമത്തേയും തമ്മിൽ ശ്ലീഹാ ഇപ്രകാരം ബന്ധിപ്പിക്കുന്നു. പഴയനിയമത്തിന്റെ അപര്യാപ്തതയേയും പുതിയനിയമത്തിന്റെ പൂർണ്ണതയേയും ശ്ലീഹാ ചൂണ്ടിക്കാട്ടുന്നു. അതുകൊണ്ട് യേശുവിനെ മിശിഹായും രക്ഷകനും ദാവീദിന്റെ പുത്രനുമായിട്ടാണ് മത്തായി ശ്ലീഹാ അവതരിപ്പിക്കുന്നത്. വംശാവലിയുടെ ഉദ്ദേശ്യം ഇതു തന്നെയാണ്. യേശു ദാവീദിന്റെ പുത്രനാണ് എന്ന് ഇതുവഴി തെളിയിക്കുന്നു. സ്വർഗ്ഗരാജ്യമാണ് മത്തായിയുടെ സുവിശേഷത്തിന്റെ മറ്റൊരു പ്രത്യേകത. യേശുവിന്റെ ജീവിതവും വാക്കുകളും പ്രവൃത്തികളും അദ്ഭുതങ്ങളും എല്ലാറ്റിനുമുപരി പെസഹാ രഹസ്യങ്ങളും ഈ സ്വർഗ്ഗരാജ്യത്തിന്റെ പ്രകാശനങ്ങളായിരുന്നു. സൗഖ്യം സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നവരുടെ അനുഭവമാണ് (മത്തായി 8:9). മറ്റ്

സുവിശേഷങ്ങളേക്കാൾ മത്തായി സഭക്ക് ഊന്നൽ കൊടുക്കുന്നുണ്ട് (മത്തായി 16:18, 18:7). പഴയ ഇസ്രായേലിന്റെ സ്ഥാനത്തു നിൽക്കുന്ന പുതിയ ഇസ്രായേലാണ് സഭ.

## ശ്ലീഹായുടെ രക്തസാക്ഷി മരണം

പേർഷ്യയിലെ താരിയം (Tarrium) എന്ന പട്ടണത്തിൽ വെച്ചാണ് മരണമടഞ്ഞത് എന്ന് പറയപ്പെടുന്നു എന്നാൽ ശ്ലീഹാ പൊന്തൊസിൽ വെച്ച് സഹനങ്ങൾ സ്വീകരിച്ച് മരിച്ചു എന്ന് ചില രേഖകളിൽ കാണുന്നു. ഡൊമീഷ്യൻ ചക്രവർത്തിയുടെ കാലത്താണ് മത്തായി മരിച്ചതെന്ന പാരമ്പര്യം ഉണ്ട്. എ. ഡി 90-നോടടുത്തായിരുന്നു മരണം എന്ന് ചരിത്ര പണ്ഡിതർ പറയുന്നുണ്ട്.

## മത്തായിയുടെ ഓർമ്മ

പൗരസ്ത്യ സഭയിൽ നവംബർ 16-നും പാശ്ചാത്യ സഭയിൽ സെപ്തംബർ 21-നുമാണ് മത്തായി ശ്ലീഹായെ അനുസ്മരിക്കുന്നത്. സീറോ മലബാർ സഭ ഉൾപ്പെട്ട പൗരസ്ത്യ സുറിയാനി ആരാധനക്രമമനുസരിച്ച് ദനഹാകാലം മൂന്നാം വെള്ളിയാഴ്ചയാണ് സുവിശേഷകനായ മത്തായിയുടെ ഓർമ്മദിനം.

സ്വർഗ്ഗരാജ്യത്തിൽ കൃപയുടെ സമൃദ്ധിയിൽ ശരണം കണ്ടെത്തിയവനാണ് മത്തായി ശ്ലീഹാ. താൻ എന്തായിരിക്കുന്നുവോ അതു ദൈവത്തിന്റെ ദാനമാണ് എന്ന് ശ്ലീഹായ്ക്ക് അറിയാമായിരുന്നു. മറ്റുള്ളവരുമായി എല്ലാം പങ്കുവയ്ക്കുവാൻ മത്തായി ശ്ലീഹാ എപ്പോഴും ഓർമ്മിപ്പിക്കുന്നു.

# 10

# അൽഫായിയുടെ പുത്രൻ യാക്കോബ്

**യാ**ക്കോബ് എന്ന ഹീബ്രു പദത്തിന് കുതികാലിൽ പിടിക്കുന്നവൻ എന്നാണ് അർത്ഥം. ശിഷ്യന്മാരുടെ പേരു കൊടുത്തിരിക്കുന്ന പട്ടികയി ലല്ലാതെ വി. യാക്കോബിനെക്കുറിച്ച് വേദപുസ്തകത്തിൽ ഒന്നും കാണു ന്നില്ല. മത്തായി 9:9-ഉം മർക്കോസ് 2:14-ഉം താരതമ്യപ്പെടുത്തി നോക്കി യാൽ വി. മത്തായി ശ്ലീഹായും വി. യാക്കോബു ശ്ലീഹായും സഹോദര ന്മാരായിരിക്കാം എന്ന് തോന്നും. കാരണം വി. മത്തായിയുടെ പിതാവിന്റെ പേരും അൽഫായി എന്നാണ്. ഒരേ അൽഫായിയുടെ മക്കളായിരുന്നു യാക്കോബും മത്തായിയും എങ്കിൽ രണ്ടുപേരും ചുങ്കം പിരിവുകാരായി രിക്കണം.

### ബൈബിളിലെ യാക്കോബുമാർ

വിശുദ്ധ വേദപുസ്തകത്തിൽ പ്രധാനമായും 5 യാക്കോബുമാരെക്കു റിച്ച് പരാമർശനമുണ്ട്.

1. പൂർവ പിതാവും ഇസഹാക്കിന്റെ പുത്രനുമായ യാക്കോബ്.

2. മറിയാമിന്റെ ഭർത്താവായ യൗസേപ്പിന്റെ പിതാവ് (മത്തായി 1:15 –16).

3. സെബദിയുടെ പുത്രനും ശ്ലീഹായുമായ വലിയ യാക്കോബ്.

4. 12 ശ്ലീഹന്മാരിലൊരുവനും അൽഫായിയുടെ പുത്രനുമായ യാക്കോബ് (മത്തായി 10:13, മർക്കോസ് 3:18, ലൂക്കോസ് 6:15).

5. കർത്താവിന്റെ സഹോദരൻ യാക്കോബ് (മത്തായി 13:55, മർക്കോസ് 6:3, ഗലാത്യർ 1:15).

ഇവിടെ നാലാമതും അഞ്ചാമതും പറയുന്ന യാക്കോബ് ഒരാൾ തന്നെ യാണെന്ന് സഭാപിതാക്കന്മാർ പൊതുവെ കരുതുന്നു.

യാക്കോബിന്റെ അമ്മയുടെ പേര് മറിയം എന്നായിരുന്നു. അവൾ ഗലീ ലയിൽ നിന്ന് യേശുവിനെ ശുശ്രൂഷിച്ചുകൊണ്ട് അനുഗമിച്ചു വന്ന സ്ത്രീ കളുടെ കൂട്ടത്തിൽ ഒരാളായിരുന്നു. യേശുവിന്റെ കുരിശിന് സമീപം നിന്ന സ്ത്രീകളിൽ അവളും ഉൾപ്പെട്ടിരുന്നു. അവരിൽ മഗ്ദലന മറിയാമും

യാക്കോബിന്റേയും ജോസഫിന്റേയും അമ്മയായ മറിയവും സെബദി പുത്രന്മാരുടെ അമ്മയും ഉണ്ടായിരുന്നു (മത്തായി 27:55-56). യാക്കോബിന്റെ അമ്മയായ മറിയം കുരിശിൻചുവട്ടിൽ നിൽക്കുന്നതായി പരാമർശിച്ചിട്ടുണ്ട്. പുനരുത്ഥാന ദിവസത്തിൽ കല്ലറയ്ക്കൽ പോയ സ്ത്രീകളുടെ കൂട്ടത്തിലും യാക്കോബിന്റെ അമ്മയുണ്ടായിരുന്നു.

ചെറിയ യാക്കോബ് (James the Less) എന്ന പ്രയോഗം ബൈബിളിൽ ഒരിടത്തു മാത്രമേ നാം കാണുന്നുള്ളൂ (മർക്കോസ് 15:40). ഈ ചെറിയ യാക്കോബ് തന്നെയാണ് അൽഫായിയുടെ പുത്രൻ എന്ന് ആദ്യ നൂറ്റാണ്ടു മുതൽ സഭ വിശ്വസിച്ചു പോന്നു. സെബദിയുടെ പുത്രനും യോഹന്നാന്റെ സഹോദരനുമായ യാക്കോബിനെ 'വലിയ യാക്കോബ്' (James Great) എന്ന് വിളിച്ചിരുന്നു. യേശുവിന്റെ 12 ശ്ലീഹന്മാരിൽപെട്ട ഒരേ പേരുകാരായ രണ്ട് യാക്കോബുമാരെ തമ്മിൽ വേർതിരിക്കുന്നതിനു വേണ്ടി ആദിമസഭ ഒരാളെ വലിയ യാക്കോബെന്നും മറ്റൊരാളെ ചെറിയ യാക്കോബെന്നും വിളിച്ചിരുന്നു.

യാക്കോബിന്റെ ജനനം മിശിഹായ്ക്ക് 14 വർഷം മുമ്പായിരിക്കാമെന്ന് കരുതുന്നു. അദ്ദേഹം ജനിച്ചത് കപ്പർന്നഹൂമിലാണ്. യാക്കോബും മത്തായിയേപ്പോലെ ചുങ്കം പിരിക്കുന്നവനായിരുന്നു.

## മിഷനറി പ്രവർത്തനം

പുരാതന സഭാപാരമ്പര്യം അനുസരിച്ച് യാക്കോബ് ഈജിപ്റ്റിന്റേയും അറേബ്യയുടേയും പേർഷ്യയുടേയും ചില ഭാഗങ്ങളിൽ സുവിശേഷം അറിയിച്ചുവെന്ന് വിശ്വസിക്കപ്പെടുന്നു.

## യാക്കോബിന്റെ ലേഖനം

പഴയനിയമ പശ്ചാത്തലവും യഹൂദ സ്വാധീനവും ഏറ്റവുമധികമുള്ള പുതിയനിയമ ഗ്രന്ഥമാണ് യാക്കോബിന്റെ ലേഖനം. ഈ ലേഖനത്തിന്റെ കർത്താവ് യാക്കോബ് ശ്ലീഹാ ആണെന്ന് കരുതുന്നു.

## യാക്കോബ് ശ്ലീഹായുടെ രക്തസാക്ഷിത്വം

യാക്കോബ് ശ്ലീഹായുടെ രക്തസാക്ഷിത്വം സംബന്ധിച്ച് മൂന്നു പാരമ്പര്യങ്ങളാണ് നിലവിലുള്ളത്.

1. പാലസ്തീനിലെ പ്രാദേശിക പാരമ്പര്യങ്ങളെ ആധാരമാക്കിയാണ് ആദ്യ നിഗമനം. ചെറിയ യാക്കോബ് യേറുശലേമിൽ തിരിച്ചെത്തി പ്രേഷിത സംരംഭങ്ങളിൽ മുഴുകി. അവസാനം അക്രമികളായ യഹൂദന്മാർ അദ്ദേഹത്തെ കല്ലെറിഞ്ഞു കൊലപ്പെടുത്തുകയായിരുന്നു. ക്രിസ്തുവർഷം എ. ഡി. 62-ൽ അതിരൂക്ഷമായ മതമർദ്ദന കാലഘട്ടത്തിലാണ്

ഇത് സംഭവിച്ചത്.

2. ശ്ലീഹന്മാരുടെ 'സഹനസമരങ്ങൾ' എന്ന ഗ്രന്ഥത്തിൽ ഈ പാരമ്പര്യത്തിന്റെ വികസിതരൂപം കാണാം. അൽഫായിയുടെ പുത്രനായ യാക്കോബ് ശ്ലീഹാ യെറുശലേമിൽ നമ്മുടെ കർത്താവിന്റെ ദൈവത്വത്തേക്കുറിച്ച് പ്രസംഗിച്ചു. പൂർണ്ണ ഹൃദയത്തോടും വിനീത മനസ്സോടും കൂടി രക്ഷകനിൽ ശരണം വയ്ക്കാൻ ശ്ലീഹാ ഉദ്ബോധിപ്പിച്ചു. യഹൂദന്മാർ കൂട്ടം കൂടിയിരുന്നിടത്ത് അവൻ പ്രസംഗിച്ചു. അതിൽ കോപിഷ്ടനായ അന്നത്തെ രാജാവ് ക്ലേയോപ്പാ അദ്ദേഹത്തെ കല്ലെറിഞ്ഞ് കൊല്ലുവാൻ കല്പിച്ചു.

3. മൂന്നാം പാരമ്പര്യം അനുസരിച്ച്, ചെറിയ യാക്കോബ് തന്റെ പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ച പേർഷ്യയിൽ തന്നെ രക്തസാക്ഷിത്വം വരിച്ചു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽ കുപിതരായ ജനം ശ്ലീഹായെ കുരിശിൽ തൂക്കി.

## ശ്ലീഹായുടെ ഓർമ്മ

ചെറിയ യാക്കോബിന്റെ ഓർമ്മ പൗരസ്ത്യ സഭകളിൽ ഒക്ടോബർ 9-നാണ് ആചരിക്കുന്നത്. റോമൻ കത്തോലിക്കാസഭ 1955 മുതൽ മെയ് 11-നാണ് യാക്കോബിന്റെ ഓർമ്മ കൊണ്ടാടുന്നത്.

പേരും പെരുമയും പ്രതീക്ഷിക്കാതെയുള്ള നിസ്വാർത്ഥ സമർപ്പണം മൂലം ചരിത്രം മറന്ന നാമരഹിതരുടെ നാമരൂപമാണ് ചെറിയ യാക്കോബ്.

# 11

# തീക്ഷ്ണവാനായ വി. ശീമോൻ

എരിവുകാരൻ എന്നോ കനാന്യനായ ശീമോൻ എന്നോ അറിയപ്പെടുന്ന ശീമോൻ ഒരു യഹൂദ വിപ്ളവ സംഘടനയായ 'സേലോട്ടീസി'ന്റെ അംഗമായിരുന്നു. അതുമായുള്ള ബന്ധം വിഛേദിച്ചിട്ടും അദ്ദേഹം അറിയപ്പെട്ടത് പഴയ പേരിൽത്തന്നെയാണ്. ശീമോൻ യേശുവിന്റെ കൂടെ കൂടുവാൻ ഉണ്ടായ ഒരു പ്രാഥമിക പ്രേരണ ഒരുപക്ഷെ യഹൂദന്മാരുടെ രാഷ്ട്രീയ സ്വാതന്ത്ര്യം യേശു മുഖാന്തിരം ഉണ്ടാകും എന്ന വിചാരം ആയിരുന്നിരിക്കണം. റോമാക്കാരിൽ നിന്ന് യഹൂദ ജാതിക്കാരുടെ രാഷ്ട്രീയ സ്വാതന്ത്ര്യത്തിനു വേണ്ടിയായിരുന്നു സേലോട്ടീസ് പൊരുതിയത്. ഏതായാലും യേശുവിന്റെ കൂടെ കുറെനാൾ നടന്നുകഴിഞ്ഞപ്പോൾ ആന്തരീക വിപ്ലവത്തിൽ ആകൃഷ്ടനാകുവാൻ ശീമോനു കഴിഞ്ഞു.

വിശുദ്ധ വേദപുസ്തകത്തിൽ 12 പേരുടെ പട്ടികയിൽ മാത്രമാണ് ശിമയോൻ ശ്ലീഹാ പ്രത്യക്ഷപ്പെടുന്നത്. ശിമയോൻ ശ്ലീഹായുടെ പൂർവ്വകാല ജീവിതത്തെക്കുറിച്ച് നമുക്കൊന്നും അറിഞ്ഞുകൂടാ. സഭാപിതാക്കന്മാരും അതേക്കുറിച്ച് പരാമർശിക്കുന്നില്ല.

സുവിശേഷകന്മാർ ശിമവോനെ പരാമർശിച്ചുകൊണ്ട് അദ്ദേഹത്തിന്റെ പേരിനോടൊപ്പം ഒരു വിശേഷണം കൂട്ടിച്ചേർക്കുന്നുണ്ട്. വിശുദ്ധ മത്തായിയും വിശുദ്ധ മർക്കോസും കനാന്യക്കാരനായ ശീമോൻ എന്ന് രേഖപ്പെടുത്തുന്നു. എന്നാൽ വിശുദ്ധ ലൂക്കോസിന്റെ സുവിശേഷത്തിൽ തീവ്രവാദി എന്നാണ് ശ്ലീഹായെ വിശേഷിപ്പിച്ചിരിക്കുന്നത്. യഹൂദ നിയമത്തിനു വേണ്ടിയുള്ള ശീമോന്റെ തീക്ഷ്ണതയായിരിക്കാം അദ്ദേഹത്തെ തീവ്രവാദി എന്നു വിളിക്കാൻ കാരണം. യഹൂദ നിയമം മോശയുടെ നിയമമാണ്. 'തോറ' അഥവാ നിയമം വള്ളിപുള്ളി വ്യത്യാസമില്ലാതെ പാലിക്കുവാൻ അദ്ദേഹം തത്രപ്പെട്ടിരുന്നു.

ഒരു തീവ്രവാദി, യേശുവിന്റെ ശിഷ്യഗണത്തിൽ എങ്ങിനെ ചേർന്നു എന്നുള്ളത് രസാവഹമാണ്. ഗലീലക്കാരനായ യൂദാ മരിച്ചതോടെ തീവ്രവാദികൾക്ക് നല്ല ഒരു നേതാവ് ഇല്ലാതായി. അപ്പോഴാണ് യേശു കടന്നുവരുന്നത്. അവിടുത്തെ തീക്ഷ്ണവും ഉജ്വലവുമായ പ്രസംഗങ്ങൾ ശീമോനെ ആകർഷിച്ചു കാണും. നസ്രേത്തുകാരനായ ഈ പ്രവാചകൻ മിശിഹാ ആയിരിക്കുമോ എന്നും അവർ വിചാരിച്ചു. മിശിഹാ വന്നു കഴി

ഞാൽ അവൻ ഇസ്രായേലിന്റെ സിംഹാസനം പുനഃസ്ഥാപിക്കുകയും റോമാക്കാരുടെ അടിമത്തത്തിൽ നിന്ന് യഹൂദജാതിയെ സ്വതന്ത്രമാക്കുകയും ചെയ്യും എന്ന് ജനം ചിന്തിച്ചു. ഇത് സാധാരണ ജനങ്ങളുടെ പ്രതീക്ഷയായിരുന്നു. യേശുവിൽ അവർക്ക് പറ്റിയ ഒരു നേതാവിനെ ശീമോൻ കണ്ടു. 'ഞാൻ ഭൂമിയിൽ സമാധാനം സ്ഥാപിക്കുവാൻ വന്നു എന്ന് വിചാരിക്കേണ്ട. വാളത്രേ ഞാൻ വരുത്തുന്നത്' എന്ന് യേശു പറഞ്ഞു. തീവ്രവാദികളുടെ പ്രത്യയശാസ്ത്രവും ഇതു തന്നെയായിരുന്നു. യേശുവിന്റെ വ്യക്തിമാഹാത്മ്യവും ധീരമായ നേതൃത്വവും ദൈവരാജ്യ സങ്കല്പവും ശീമോന് ഇഷ്ടപ്പെട്ടു.

## ശീമോന്റെ പ്രേഷിതവേല

വി. ശീമോൻ ശ്ലീഹാ ഈജിപ്റ്റ്, ആഫ്രിക്കയുടെ മറ്റു ചില ഭാഗങ്ങൾ, സിറിയ, ബ്രിട്ടൻ എന്നിവിടങ്ങളിൽ സുവിശേഷ പ്രവർത്തനം നടത്തിയെന്നാണ് വിശ്വസിക്കപ്പെടുന്നത്. അബ്ദിയാസിന്റെ "അപ്പോസ്തോലിക ചരിത്രം" എന്ന കൃതിയിൽ യൂദാ ശ്ലീഹായും ശീമോൻ ശ്ലീഹായും ഒന്നിച്ചു പേർഷ്യയിൽ സുവിശേഷം അറിയിച്ചുവെന്നും അവിടെ വെച്ച് രക്തസാക്ഷിയായെന്നും പറയുന്നു.

ശീമോന്റെ രക്തസാക്ഷിത്വത്തേക്കുറിച്ച് പല പൗരാണിക ചരിത്രരേഖകൾ നിലവിലുണ്ട്.

### 1. ശ്ലീഹന്മാരുടെ സഹനസമരങ്ങൾ

പുരാതനമായ ഒരു എത്യോപ്യൻ രേഖയാണിത്. ഈ രേഖയിൽ ശീമോൻ എപ്രകാരം മരിച്ചു എന്നു കാണുന്നുണ്ട്. യെറുശലേമിലെ യഹൂദന്മാരുടെ വ്യർത്ഥമായ ആരാധനയും വിശ്വാസജീവിതവും ശ്ലീഹാ ഊന്നിപ്പറഞ്ഞുകൊണ്ടിരുന്നു. തന്മൂലം യഹൂദന്മാരിൽ കൂടുതൽ ആളുകൾ സഭയിലേക്ക് ചേർന്നു. അതിൽ കുപിതരായ കുറെ ജനം ശ്ലീഹായെ കൊന്നുകളയാൻ ആലോചിച്ചു. അന്നത്തെ റോമാ ചക്രവർത്തിയായിരുന്ന ട്രാജന്റെ മുമ്പിൽ ശീമോനെ ഹാജരാക്കാൻ അവർ തീരുമാനിച്ചു. അവൻ മന്ത്രവാദിയാണെന്ന് ജനം ആരോപിച്ചു. ട്രാജൻ ശീമോനെ വിചാരണ ചെയ്യുകയും ക്രൂശിൽ തറയ്ക്കുവാൻ വിട്ടുകൊടുക്കുകയും ചെയ്തു.

### 2. അബ്ദിയാസിന്റെ ചരിത്രം

ശീമോൻ എ. ഡി 66-ൽ യൂദാ തദ്ദേവൂസിനെ കണ്ടുമുട്ടി. അവരിരുവരും ഒരുമിച്ച് പേർഷ്യയിലേക്കു പോയി. അവർ അവിടെ സുവിശേഷം പ്രസംഗിച്ചു. ജനങ്ങൾ അവരുടെ പ്രവർത്തനങ്ങളെ സ്വാഗതം ചെയ്തില്ല. അവർ ശ്ലീഹന്മാരെ വിഗ്രഹാരാധനയ്ക്ക് നിർബന്ധിച്ചു. എന്നാൽ അവർ വഴങ്ങിയില്ല. അവർ ശ്ലീഹന്മാരെ അവരുടെ ആരാധാലയത്തിൽ ബന്ധിച്ചു.

അപ്പോൾ ശീമോന് ഒരു ദൈവദർശനമുണ്ടായി. മാലാഖമാരുടെ നടുവിൽ വിജയ പ്രതാപവാനായി നിൽക്കുന്ന യേശുവിനെ അദ്ദേഹം കണ്ടു.

### 3. ബേസിലിന്റെ രക്തസാക്ഷി ചരിത്രം

പൗരസ്ത്യസഭയിലെ വലിയ ദൈവശാസ്ത്രജ്ഞന്മാരിൽ ഒരുവനായിരുന്നു കേസറിയായിലെ മെത്രാനായിരുന്ന ബസ്സേലിയോസ് (എ. ഡി. 379). എഡേസ്സായിലെ ഒസ്റോണിൽ (Osrocne) വച്ച് ശീമോൻ സ്വാഭാവിക മരണം പ്രാപിച്ചു എന്ന് അദ്ദേഹം എഴുതിയിട്ടുണ്ട്. ഗ്രീക്ക് സഭയിൽ വി. ബസ്സേലിയോസിന്റെ കലണ്ടർ (Menology of St. Basil) അനുസരിച്ച് ശീമോൻ എഡേസ്സായിൽ വച്ച് ഭാഗ്യമരണം പ്രാപിച്ചതായി കാണുന്നു.

### 4. ശീമോന്റേയും യൂദായുടേയും പീഡാസഹനം

'ശീമോന്റേയും യൂദായുടേയും പീഡാസഹനം' എന്ന അപ്രമാണിക ഗ്രന്ഥത്തിൽ പേർഷ്യയിൽ വച്ച് ശീമോനും യൂദായും രക്തസാക്ഷിത്വം വരിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇതിനെ ആധാരമാക്കി പേർഷ്യയിൽ വിഗ്രഹാരാധകരായ പുരോഹിതർ ശീമോനെ കുരിശിൽ തറച്ചു കൊന്നു എന്ന് പാശ്ചാത്യസഭയിൽ പാരമ്പര്യമുണ്ട്.

### 5. പാശ്ചാത്യ ആരാധനാ പാരമ്പര്യം

റോമൻ ആരാധനാക്രമത്തിൽ ശീമോനെക്കുറിച്ച് വിവരിക്കുന്നുണ്ട്. അതനുസരിച്ച് ശീമോൻ ആദ്യം അലക്സാണ്ട്രിയായിൽ സുവിശേഷം പ്രസംഗിച്ചു. അതിനുശേഷം യൂദാ തദ്ദേവൂസിനൊപ്പം ചേർന്ന് മെസപ്പൊട്ടോമിയായിലെത്തി അനേകരെ മാനസാന്തരപ്പെടുത്തി. അനവധി അദ്ഭുതങ്ങൾ പ്രവർത്തിച്ചു. അവസാനം അവിടെ വെച്ചു തന്നെ രക്തസാക്ഷിത്വം വരിച്ചു.

### 6. ഒൻപതാം നൂറ്റാണ്ടിലെ രേഖ

9-ാം നൂറ്റാണ്ടിൽ എഴുതപ്പെട്ട ഒരു രേഖയിലെ വിവരണം ഇപ്രകാരമാണ്. പെന്തക്കോസ്തിക്കു ശേഷം ശീമോൻ ശ്ലീഹാ ഈജിപ്റ്റിലും പേർഷ്യയിലും സുവിശേഷം പ്രസംഗിച്ചു. അവിടെ വെച്ചു താൻ രക്തസാക്ഷി മരണം പ്രാപിച്ചു.

### ശീമോന്റെ ഓർമ്മ

മെയ് 10-നാണ് പൗരസ്ത്യ സഭകൾ തീവ്രവാദിയായ ശീമോന്റെ ഓർമ്മ കൊണ്ടാടുന്നത്. റോമൻ കത്തോലിക്കാസഭ ശീമോനേയും യൂദായേയും ഒരേ ദിവസം ഓർക്കുന്നു. അത് ഒക്ടോബർ 28-നാണ്. ആംഗ്ലിക്കൻ സഭകളും ഒക്ടോബർ 28-ന് ഓർമ്മ കൊണ്ടാടുന്നു.

# 12

# യൂദാ തദ്ദേവൂസ്

സമകാലിക യുഗത്തിൽ വളരെ ജനകീയനായ ഒരു ശ്ലീഹായാണ് യൂദാ തദ്ദേവൂസ്. അസാധ്യകാര്യസാധ്യങ്ങളും ഉദ്ദിഷ്ടകാര്യ ലബ്ധികളും ഈ ശ്ലീഹായുടെ മദ്ധ്യസ്ഥതയിൽ സംഭവിക്കുന്നു. എന്നാൽ ഈ വിശുദ്ധന്റെ ജീവിതത്തേയും പ്രവർത്തനങ്ങളേയും കുറിച്ച് ആശ്രയിക്കാവുന്ന ചരിത്രരേഖകളൊന്നും ലഭ്യമല്ല. ശ്ലീഹന്മാരുടെ പട്ടികയിൽ മത്തായിയും മർക്കോസും തദ്ദേവൂസിന് 11–ാം സ്ഥാനമാണ് നല്കുന്നത് (മത്തായി 10:3, മർക്കോസ് 3:18, ലൂക്കോസ് 6:15).

തദ്ദായി, ലാബി എന്നുംകൂടി യൂദാ ശ്ലീഹായ്ക്ക് പേരുകൾ ഉണ്ടായിരുന്നു. യൂദാ ശ്ലീഹായെ സഭാപിതാവായ ജേറോം (എ. ഡി 340–420) വിളിക്കുന്നത് ത്രിനാമവാഹകൻ (Trienomius) എന്നാണ്. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് യാക്കോബ് എന്നായിരുന്നു (ലൂക്കോസ് 6:16). ആദിമ പാരമ്പര്യപ്രകാരം ശിഷ്യസമൂഹത്തിൽ പണ്ഡിതനായ ഒരുവനായിട്ടാണ് യൂദായെ കരുതുന്നത്. വി. യോഹന്നാന്റെ സുവിശേഷം 14:22–23 ൽ യേശുവുമായി അദ്ദേഹം നടത്തുന്ന ഒരു മതസംഭാഷണം രേഖപ്പെടുത്തിയിരിക്കുന്നതു കാണാം.

അദ്ദേഹത്തിന്റെ മൂന്നു പേരുകൾ വിശദമായി പരിശോധിക്കാം.

### 1. തദ്ദേവൂസ്

തദ്ദേവൂസ് എന്നത് ഒരു ഗ്രീക്ക് നാമമാണ്. എബ്രായ മൂലപദം തദ്ദായ് (Thuddi) എന്നാണ്. താദ് എന്ന ഹീബ്രുപദത്തിന് നെഞ്ച്, ചങ്ക്, ഹൃദയം എന്നിങ്ങനെ അർത്ഥങ്ങളുണ്ട്. തന്മൂലം തദ്ദേവൂസ് എന്ന പദം വിശാല ഹൃദയമുള്ളവൻ, ധൈര്യശാലി എന്നിങ്ങനെ വിവർത്തനം ചെയ്യാം.

### 2. ലാബി

ലാബി എന്നു കുടുംബപ്പേരുള്ള തദ്ദേവൂസ് എന്ന പരാമർശം വിശുദ്ധ മത്തായിയുടെ സുവിശേഷത്തിന്റെ ചില പ്രാചീന കയ്യെഴുത്തുപ്രതികളിൽ കാണുന്നുണ്ട്. ലെബേവൂസ് (Lebbaeus) എന്ന ഗ്രീക്ക് നാമത്തിന്റെ ഹീബ്രു മൂലപദം ലിബ്ബായ് (Libbai) എന്നാണ്. ഹൃദയം എന്നർത്ഥം. തന്മൂലം തദ്ദേവൂസ്, ലെബവൂസ്, ലാബി എന്നീ പദങ്ങൾക്ക് ഒരേ അർത്ഥമാണുള്ളത്.

## 3. യാക്കോബിന്റെ യൂദാ

യൂദാ എന്ന പദത്തിന് വാഴ്ത്തപ്പെട്ടവൻ, സ്തുതിക്കപ്പെട്ടവൻ, പ്രശംസാർഹൻ എന്നൊക്കെ അർത്ഥമുണ്ട്. വേദപുസ്തകത്തിൽ യൂദാ എന്ന പേര് വിവിധ വ്യക്തികളെ സൂചിപ്പിക്കാൻ ഉപയോഗിച്ചിട്ടുണ്ട്.

1. യാക്കോബിന് ലേയായിൽ ഉണ്ടായ നാലാമത്തെ പുത്രൻ (ഉല്പ. 37:26).

2. എസ്രായുടെ സമകാലികനായ ലേവ്യൻ (എസ്രാ 10:23).

3. സെറുബാബേലിനോടൊപ്പം ജേറുശലേമിൽ മടങ്ങിയെത്തിയ ലേവ്യരിൽ ഒരാൾ (നെഹമ്യാ 12:8).

4. നെഹമ്യാവിന്റെ കാലത്തെ പുരോഹിതന്മാരിൽ ഒരാൾ (നെഹ. 12:36).

5. ഗലീലക്കാരൻ യൂദാ (അപ്പോ. പ്രവ. 5:37).

6. കർത്താവിന്റെ സഹോദരനായ യൂദാ (മത്തായി 13:55, മർക്കോസ് 6:3).

7. ദെമസ്ക്കോസ് നിവാസിയായ യൂദാ (അപ്പോ. പ്രവ. 9:11).

ഒറ്റുകാരനായ യൂദായിൽ നിന്നും ഈ യൂദാ ശ്ലീഹായെ വേർതിരിച്ച് കാണിക്കാനുള്ള ശ്രമം ആദ്യ നൂറ്റാണ്ടിൽ തന്നെയുണ്ടായിരുന്നു. അതുകൊണ്ട് യൂദാ തദ്ദേവൂസ് എന്നാണ് ശ്ലീഹാ ആദികാലം മുതൽ അറിയപ്പെട്ടിരുന്നത്.

### ശ്ലീഹായുടെ മാതാപിതാക്കളും സഹോദരങ്ങളും

ക്ലെയോപ്പാവായിരുന്നു യൂദായുടെ പിതാവ്. അദ്ദേഹം ഉത്ഥിതനായ യേശുവിലുള്ള വിശ്വാസം പ്രഘോഷിച്ചു. അതുമൂലം വളരെ ക്ലേശങ്ങൾ സഹിക്കേണ്ടി വന്നു. യൂദാ ശ്ലീഹായുടെ മാതാവ് മറിയം ആയിരുന്നു. അവൾ കന്യകമറിയാമ്മിന്റെ അടുത്ത സഹോദരി ആയിരുന്നു. യേശുവിന്റെ കുരിശിന്നരികിൽ അവന്റെ അമ്മയും, അമ്മയുടെ സഹോദരിയും ക്ലേയോപ്പാവിന്റെ ഭാര്യ മറിയയും, മഗ്ദലന മറിയയും നിൽക്കുന്നുണ്ടായിരുന്നു (യോഹ. 19:25). യൂദാ തദ്ദേവൂസിന്റെ അമ്മയായ മറിയം ക്ലേയോപ്പാവിന്റെ ഭാര്യയായ മറിയാമാണെന്ന് ഈ വചനം സാക്ഷ്യപ്പെടുത്തുന്നു.

ശ്ലീഹന്മാരുടെ പട്ടികയിൽ യൂദാ തദ്ദേവൂസ് എപ്പോഴും ചെറിയ യാക്കോബിനൊപ്പമാണ് പ്രത്യക്ഷപ്പെടുന്നത്. യൂദാ തദ്ദേവൂസ് ചെറിയ യാക്കോബിന്റെ സഹോദരനാകാനാണ് സാധ്യത.

## യൂദായുടെ സുവിശേഷ പ്രഘോഷണം

തദ്ദേവൂസിന്റെ പ്രവർത്തനങ്ങളെപ്പറ്റി സുവിശേഷങ്ങളിൽ വിശദമായി ഒന്നും കാണുന്നില്ല. യേശുവിന്റെ പുനരുത്ഥാനത്തിന് ശേഷം മാളികമുറിയിൽ ഒന്നിച്ച് പ്രാർത്ഥിച്ചുകൊണ്ടിരുന്ന ശിഷ്യന്മാരുടെ കൂട്ടത്തിൽ തദ്ദേവൂസും ഉണ്ടായിരുന്നു. 'നിങ്ങൾ ലോകമെങ്ങും പോയി എല്ലാ ജാതികളോടും സുവിശേഷം പ്രസംഗിക്കുവിൻ' (മർക്കോസ് 16:15) എന്ന യേശുമിശിഹായുടെ വചനം മറ്റു ശ്ലീഹന്മാരേപ്പോലെ യൂദായും ഹൃദയത്തിൽ സൂക്ഷിച്ചു. പലസ്തീനിലും അറേബ്യയിലും മെസ്സപ്പെട്ടോമിയായിലും സുവിശേഷം അറിയിച്ചു കഴിഞ്ഞ് യൂദാ ശ്ലീഹാ പേർഷ്യയിൽ എത്തി അവിടേയും സുവിശേഷം അറിയിച്ചു എന്ന് പാരമ്പര്യമുണ്ട്. പേർഷ്യയിലെ പ്രവർത്തനത്തെ സംബന്ധിച്ചു രസകരമായ ഒരു പശ്ചാത്തല വിവരണം "തദ്ദായി ശ്ലീഹായുടെ പ്രവർത്തനങ്ങൾ" എന്ന ഗ്രന്ഥത്തിൽ കാണുന്നുണ്ട്. എഡേസാ എന്ന കൊച്ചുഗ്രാമത്തിലെ ഭരണാധികാരിയായിരുന്നു അബ്ഗാർ, തനിക്ക് ഒരു രോഗത്തിൽ നിന്നു സൗഖ്യം പ്രാപിക്കുവാൻ വേണ്ടി യേശുവിനെ ക്ഷണിച്ചുകൊണ്ട് അനന്യാസ് എന്ന ദൂതൻ വശം ഒരു കത്തു കൊടുത്തുവിട്ടു. ഈ കത്തിന്റെ സാരം യഹൂദന്മാർ യേശുവിനെതിരെ ഗൂഢാലോചന നടത്തുന്നതുകൊണ്ട് എഡേസായിലേക്ക് വന്നാൽ അവിടെ സുഖമായി ജീവിക്കാമെന്നും, അതുമൂലം തനിക്കു രോഗസൗഖ്യം ലഭിക്കാൻ ഇടയുണ്ടെന്നുമാണ്. യേശുക്രിസ്തു ഇതിന് മറുപടിയായി ഞാൻ ലോകത്തിനുവേണ്ടി മരിക്കുവാൻ വന്നിരിക്കുന്നതുകൊണ്ട് അങ്ങോട്ടു വരുവാൻ സാധിക്കയില്ലെന്നും തന്റെ ശിഷ്യനായ തദ്ദായി തന്റെ ഉയിർപ്പിനു ശേഷം അങ്ങോട്ടു വന്നുകൊള്ളുമെന്നും എഴുതിക്കൊടുത്തു വിട്ടു. കത്തിനോടൊപ്പം ഒരു തൂവാലയിൽ തന്റെ മുഖം ഒപ്പി അതിൽ തന്റെ മുഖരൂപവും കൊടുത്തുവിട്ടു. മുഖരൂപം കൈപ്പറ്റിയ ഉടൻ അബ്ഗാർ സൗഖ്യം പ്രാപിച്ചു. എഡേസായിൽ എത്തിയ യൂദാ ശ്ലീഹായ്ക്ക് അബ്ഗാർ വലിയ സ്വീകരണമാണ് നല്കിയത്. കനാൻകാരനായ ശീമോനോടൊപ്പം പേർഷ്യയിലെ സുവിശേഷദൗത്യം അദ്ദേഹം ഏറ്റവും വിജയകരമായി നിർവഹിച്ചു. അനേകം ആളുകളെ അദ്ദേഹം ക്രിസ്ത്യാനികളാക്കി. അനേകം പള്ളികളും സ്ഥാപിച്ചു. കുറെക്കാലം അദ്ദേഹം സിറിയയിലും പ്രവർത്തിച്ചു. അവിടെ നിന്നും ബെറിത്തസ് എന്ന പട്ടണത്തിൽ എത്തി സ്വാഭാവിക മരണം പ്രാപിച്ചുവെന്നാണ് പറയുന്നത്. എന്നാൽ അബദിയാസിന്റെ ചരിത്ര പുസ്തകത്തിൽ പറയുന്നതു പേർഷ്യയിൽ വച്ച് അദ്ദേഹം രക്തസാക്ഷിയായെന്നാണ്. മറ്റൊരു പാരമ്പര്യത്തിൽ അദ്ദേഹം ഓറൂദ് എന്ന സ്ഥലത്തു മതഭ്രാന്തരായ പുറജാതികളാൽ കല്ലെറിയപ്പെട്ടു മരിച്ചുവെന്നും ബെറിത്തസ് പട്ടണത്തിൽ സംസ്കരിക്കപ്പെട്ടുവെന്നും പറയുന്നു.

## ശ്ലീഹായുടെ ഓർമ്മദിവസം

പാശ്ചാത്യ സഭയിൽ യൂദാ തദ്ദേവൂസിന്റെ പെരുന്നാളിനോടൊപ്പം ശിമയോൻ ശ്ലീഹായുടെ പെരുന്നാളും കൊണ്ടാടുന്നു. ഒക്ടോബർ 28-നാണ് യൂദാ തദ്ദേവൂസിനെ ലത്തീൻ കത്തോലിക്കാ സഭ ഓർക്കുന്നത്. പൗരസ്ത്യ സഭകൾ ജൂൺ 19-നാണ് ശ്ലീഹായെ ഓർക്കുന്നത്.

# 13

# വിശുദ്ധ മത്തിയാസ്

യഹൂദാസ് സ്കറിയൂത്താ യേശുവിനെ ഒറ്റിക്കൊടുത്ത് ആത്മഹത്യയിൽ ജീവിതം അവസാനിപ്പിച്ചു. ആ ഒഴിവിൽ ആദിമ സഭ പരിശുദ്ധാത്മ നിയോഗത്താൽ തെരഞ്ഞെടുത്തത് മത്തിയാസിനെയാണ് (അപ്പോ. പ്രവ. 1:23-26). എഴുപത്തിരണ്ട് അറിയിപ്പുകാരിൽ ഒരുവനും യേശുവിനോടു കൂടി നടന്ന, അപ്പോസ്തോലന്മാരല്ലാത്ത ശിഷ്യരിൽ ഒരുവനുമായിരുന്നു മത്തിയാസ്.

### മത്തിയാസിന്റെ തെരഞ്ഞെടുപ്പ്

ആദിമസഭയുടെ പ്രതിനിധികളായ 120 പേരുടെ സാന്നിദ്ധ്യത്തിലാണ് മത്തിയാസ് തെരഞ്ഞെടുക്കപ്പെടുന്നത്. "അങ്ങനെ അവർ യൂസ്തോസ് എന്നു മറുപേരുള്ള ബർശബാ എന്ന യോസേഫ്, മത്ഥിയാസ് എന്നീ രണ്ടു പേരെ നിറുത്തി. സകല ഹൃദയങ്ങളേയും അറിയുന്ന കർത്താവേ, തന്റെ സ്ഥലത്തേക്ക് പോകേണ്ടതിനു യൂദാ ഒഴിഞ്ഞുപോയ ഈ ശുശ്രൂഷയുടേയും അപ്പോസ്തോലത്വത്തിന്റേയും സ്ഥാനം ലഭിക്കേണ്ടതിന് ഈ ഇരുവരിൽ ഏവനെ നീ തെരഞ്ഞെടുത്തിരിക്കുന്നു എന്ന് കാണിച്ചു തരണമേ എന്ന് പ്രാർത്ഥിച്ചു. അവരുടെ പേർക്കു ചീട്ടിട്ടു. ചീട്ടു മത്തിയാസിന് വീഴുകയും അവനെ പതിനൊന്ന് അപ്പോസ്തോലന്മാരുടെ കൂട്ടത്തിൽ എണ്ണുകയും ചെയ്തു" (അപ്പോ. പ്രവൃത്തി 1:23-26). ശ്ലീഹന്മാരുടെ മേൽ പരിശുദ്ധ റൂഹാ ആവസിക്കുന്നതിന് മുമ്പു തന്നെ മത്തിയാസ് ശ്ലൈഹിക സംഘാംഗമായി തിരഞ്ഞെടുക്കപ്പെട്ടു എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

ഉത്ഥിതനായ യേശുവിനെ കണ്ടവനായിരുന്നു മത്തിയാസ്. മാത്രമല്ല യോഹന്നാൻ മാംദാനയുടെ മാമ്മോദീസാ മുതൽ നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണം വരെ മറ്റു ശ്ലീഹന്മാരോടൊപ്പം മത്തിയാസും ഉണ്ടായിരുന്നു.

### മത്തിയാസിന്റെ സുവിശേഷ പ്രവർത്തനം

മത്തിയാസ് ശ്ലീഹാ "നരഭോജികളുടെ നാട്ടിൽ" സുവിശേഷം അറിയിപ്പാൻ പോയി എന്നാണ് "അന്ത്രയോസിന്റേയും മത്തിയാസിന്റേയും പ്രവർത്തനങ്ങൾ" എന്ന കൃതിയിൽ പറയുന്നത്. അദ്ദേഹം പരിശുദ്ധാത്മ പ്രാപ്തിക്കു ശേഷം യഹൂദ്യയിലും കപ്പദോക്യയിലും, എത്യോപ്യയിലും സുവിശേഷം അറിയിച്ചശേഷം കപ്പദോക്യയിൽ വച്ചോ യരുശലേമിൽ

വച്ചോ രക്തസാക്ഷി മരണം പ്രാപിച്ചു എന്ന് വിശ്വസിക്കപ്പെടുന്നു.

## മത്തിയാസ് ശ്ലീഹായുടെ ഓർമ്മ

ലത്തീൻ സഭയിൽ മെയ് 14-നും ഗ്രീക്കു സഭയിൽ ഓഗസ്റ്റ് 9-നുമാണ് മത്തിയാസ് ശ്ലീഹായുടെ ഓർമ്മ കൊണ്ടാടുന്നത്. യൂദായുടെ ശുശ്രൂഷാ സ്ഥാനം ഏറ്റെടുത്ത മത്തിയാസ് സഭയ്ക്കു നല്കപ്പെട്ട ദൈവദാനമായി കരുതാം. "അവന്റെ പ്രാർത്ഥന പാപമായിത്തീരട്ടെ. അവന്റെ നാളുകൾ ചുരുങ്ങിപ്പോകട്ടെ. അവന്റെ സ്ഥാനം മറ്റൊരുത്തൻ ഏല്ക്കട്ടെ" (സങ്കീർ. 109:6-8) എന്ന സങ്കീർത്തനവാക്യം യൂദാ സ്കറിയോത്തായുടെ ഈ പക രക്കാരനിലൂടെ ചരിത്രത്തിൽ അന്വർത്ഥമായി. അങ്ങനെ യൂദാ ഓർമ്മ പ്പെരുന്നാൾ ഇല്ലാത്തവനായി മാറി.

# 14

# പ. പന്തിരുശ്ലീഹന്മാരോടുള്ള മധ്യസ്ഥ പ്രാർത്ഥന

പരിശുദ്ധ പന്തിരു ശ്ലീഹന്മാരെ തിരഞ്ഞെടുക്കുകയും തന്റെ മുന്തിരി ത്തോപ്പിൽ വേലയ്ക്കായി നിയോഗിക്കുകയും തന്റെ സുവിശേഷം പ്രസം ഗിക്കുവാൻ അവരെ ശക്തരാക്കുകയും പന്തിരു ശ്ലീഹന്മാരാകുന്ന അടി സ്ഥാന കല്ലുകളിൽ പ. സഭയെ പണിയുകയും ചെയ്ത മിശിഹാ തമ്പു രാനേ, ഇപ്പോൾ സഭയുടെ മക്കളാകുന്ന ഞങ്ങൾ പ. പന്തിരു ശ്ലീഹന്മാ രുടെ മധ്യസ്ഥതയിൽ അഭയപ്പെട്ടുകൊണ്ട് നിന്നോടപേക്ഷിക്കുന്നു. കൃപയുണ്ടായി ഞങ്ങളോട് കരുണ തോന്നണമെ.

വിശ്വസ്തന്മാരായ ഭരണാധികാരികളും സ്വർഗ്ഗീയ ശ്രീഭണ്ഡാരത്തിൻ മേൽ കർത്തവ്യമുള്ളവരും ദൈവിക സുവിശേഷകന്മാരും ശ്രേഷ്ഠരായ ഇടയന്മാരും സമർത്ഥരായ വൈദ്യന്മാരുമായ പന്തിരു ശ്ലീഹന്മാരെ നിങ്ങൾ ഭാഗ്യവാന്മാരാകുന്നു. ദൈവത്തിന്റെ ഉദ്യാനത്തിലെ പന്ത്രണ്ട് പനിനീർ പുഷ്പങ്ങൾ ആകുന്ന നിങ്ങൾ സൗഭാഗ്യശാലികളാകുന്നു. ഇപ്പോൾ നിങ്ങളുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുന്ന ഞങ്ങളെ നിങ്ങൾക്ക് ലഭിക്കുന്ന കൂലിക്ക് അർഹരാക്കി തീർക്കേണമെ.

1. ഗലീല കടൽ കരയിൽ വച്ച് വിളിക്കപ്പെട്ടവനും പന്തിരു ശ്ലീഹന്മാ രുടെ തലവനും തന്റെ അരുമനാഥനെ പ്രതി റോമിൽ വച്ച് തല കീഴായി കുരിശിക്കപ്പെടുകയും ചെയ്ത മാർ പത്രോസ് ശ്ലീഹാ ഞങ്ങൾക്ക് വേണ്ടി അപേക്ഷിക്കണമെ.

2. മിശിഹായെ അന്വേഷിച്ചിറങ്ങിയവനും തന്റെ സഹോദരനെ യേശു വിന്റെ അടുക്കലേയ്ക്ക് കൊണ്ടുവന്നവനും ഗലാത്യയിലും കപ്പദോക്യ യിലും സുവിശേഷ വെളിച്ചമറിയിക്കുകയും ചെയ്ത മാർ അന്ത്രയോസ് ശ്ലീഹാ ഞങ്ങൾക്ക് വേണ്ടി അപേക്ഷിക്കണമെ.

3. പെസഹായുടെ പെരുനാളിൽ തന്റെ നാഥന്റെ മാറിൽ ചാരിയിരു ന്നവനും പത്മോസിലെ അദ്ഭുത വെളിപാടിനാൽ അനുഗ്രഹിക്കപ്പെട്ട വനും കർത്താവ് അധികമായി സ്നേഹിച്ചവനുമായ മാർ യോഹന്നാൻ ശ്ലീഹാ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

4. യെറുശലേമിലെ സഭയുടെ തലവനും ദുഷ്ടനായ ഹെറോദാവിന്റെ വാളിനാൽ തന്റെ രക്തം കൊണ്ട് ക്രിസ്തുവിനെ സാക്ഷിച്ചവനുമായ മാർ യാക്കോബ് ശ്ലീഹാ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

5. ശിഷ്യഗണത്തിന്റെ ഉത്തമ കാര്യദർശിയും നഥാനിയേലിനെ ക്രിസ്തുവിൽ ഉറപ്പിച്ചവനുമായ മാർ ഫീലിപ്പോസ് ശ്ലീഹാ ഞങ്ങൾക്ക് വേണ്ടി അപേക്ഷിക്കണമെ.

6. 'എന്റെ കർത്താവും എന്റെ ദൈവവുമേ' എന്ന് വിളിച്ച്, പുനരുത്ഥാനശേഷം തന്റെ നാഥന്റെ തിരുവിലാവിൽ സ്പർശിച്ചവനും നമ്മെ മിശിഹായിൽ ജനിപ്പിച്ചവനും മൈലാപ്പൂരിൽ വച്ച് രക്തസാക്ഷി മരണം വരിച്ചവനും ഇന്ത്യയുടെ കാവൽപിതാവുമായ മാർ തോമ്മാ ശ്ലീഹാ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

7. കർത്താവിനു വേണ്ടി സ്വഭവനത്തിൽ വിരുന്നൊരുക്കുകയും പാലസ്തീനിലെ യഹൂദരെ ക്രിസ്തുവിലേയ്ക്ക് നയിച്ചവനുമായ മാർ മത്തായി ശ്ലീഹാ ഞങ്ങൾക്ക് വേണ്ടി അപേക്ഷിക്കേണമെ.

8. ഈജിപ്റ്റിലും അറേബ്യയിലും കർത്താവിന്റെ സുവിശേഷത്തെ ഉപദേശിച്ച അൽഫായിസുതനായ മാർ യാക്കോബ് ശ്ലീഹാ ഞങ്ങൾക്ക് വേണ്ടി അപേക്ഷിക്കേണമെ.

9. "ഇതാ സാക്ഷാൽ ഇസ്രായേല്യൻ, ഇവനിൽ കപടമില്ല" എന്ന് കർത്താവ് അരുളിചെയ്യുകയും എത്യോപ്യയിൽ സുവിശേഷം അറിയിക്കുകയും തന്റെ ജീവനെ രക്ഷകനുവേണ്ടി അർപ്പിക്കുകയും ചെയ്തവനായ മാർ ബർത്തോലാമായി ശ്ലീഹാ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ.

10. എരിവുകാരനായിരിക്കുകയും പിന്നീട് തന്റെ നാഥന്റെ സുവിശേഷത്തെ പ്രതി എരിവുള്ളവനായി തീരുകയും ചെയ്ത മാർ ശീമോൻ ശ്ലീഹാ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ.

11. എഡേസ്സായിൽ സുവിശേഷം അറിയിക്കുകയും തന്റെ രക്തത്താൽ ക്രിസ്തുവിനു വേണ്ടി യാഗമായി അർപ്പിക്കുകയും ചെയ്ത മാർ തദ്ദായി ശ്ലീഹാ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ.

12. വഞ്ചകനായ യൂദായ്ക്ക് പകരം തിരഞ്ഞെടുക്കപ്പെടുകയും ഭീകര നരഭോജികളുടെ നാട്ടിൽ ചെന്ന് ക്രിസ്തുനാഥനെ പ്രസംഗിക്കുകയും ചെയ്ത മാർ മത്തിയാസ് ശ്ലീഹാ ഞങ്ങൾക്ക് വേണ്ടി അപേക്ഷിക്കേണമെ.

പ. പന്തിരു ശ്ലീഹന്മാരെ, നിങ്ങളുടെ മധ്യസ്ഥതയിൽ അഭയപ്പെടുന്ന ഞങ്ങളെ അനുഗ്രഹിക്കണമെ. നിങ്ങളുടെ പ്രാർത്ഥനകളാൽ യുദ്ധങ്ങൾ നീങ്ങുകയും ക്ഷാമങ്ങൾ ഇല്ലാതാകുകയും രോഗങ്ങൾ സുഖപ്പെടുകയും ചെയ്യേണമെ.

നിങ്ങളുടെ പ്രാർത്ഥനകളുടെ സഹായത്താൽ സത്യജ്ഞാനവും നല്ല ആലോചനയും അശുദ്ധിയിൽ നിന്നുള്ള വേർപാടും നീതിയുടെ വേലയ്ക്കുള്ള താത്പര്യവും കർത്താവിൽ നിന്ന് ഞങ്ങൾക്ക് ലഭിക്കുമാറാകണമെ.

നിങ്ങളുടെ പ്രാർത്ഥനകളാൽ സഭയും അതിന്റെ പ്രജകളും വാങ്ങിപ്പോയവരും പ്രകാശമണവറയിൽ ആനന്ദിക്കുമാറാകണമെ. പിതാവിന്റെ സ്നേഹിതരും പ്രിയ പുത്രന്റെ വത്സല ശിഷ്യന്മാരും പരിശുദ്ധാത്മാവിന്റെ വാസസ്ഥലങ്ങളുമായ നിങ്ങളുടെ പ്രാർത്ഥന ഞങ്ങൾക്ക് കോട്ടയായിരിക്കണമെ. അത് ഇപ്പോഴും, എപ്പോഴും, എന്നന്നേയ്ക്കും തന്നെ ആമ്മീൻ.

## പ. പന്തിരു ശ്ലീഹന്മാർ

*(പ്രാർത്ഥിപ്പാൻ ദൈവത്തിൻ മുമ്പിൽ.... എന്ന രീതി)*

"ഭ്രാതാക്കൾ പത്രോസ് അന്ത്രയോസും
യാക്കോബും യോഹന്നാനും ഫീലിപ്പോസ്
ബർത്തുൽമായ് മത്തായി
നമ്മുടെ താതൻ മാർത്തോമ്മാ
വൈരാഗ്യക്കാരൻ ശീമോൻ
അൽപ്പായ് പുത്രൻ യാക്കോബും
യീഹൂദായും മത്ഥ്യാസും
പന്ത്രണ്ടപ്പോസ്തോലന്മാർ."

# പന്തിരു ശ്ലീഹന്മാരോടുള്ള മധ്യസ്ഥതാ ഗാനങ്ങൾ

## 1

(സ്വർഗ്ഗേരാജ്യ.... എന്ന രീതിയിൽ)

പന്തിരു ശ്ലീഹർ
പ്രാർത്ഥനയാൽ നാഥാ
ഉത്തമയാചനകൾക്ക്-
അൻപാൽ ഉത്തരമരുളണമേ
രോഗികൾ സൗഖ്യം നേടണമേ
ദൂരസ്ഥർ കാക്കപ്പെടണേ
അഗതികൾ തൃപ്തരതാകണമേ
തിരുനാമം പൂജിതമാകണമേ...

## 2

(ദൈവത്തിൻ പുത്രനെ മറിയാമുത്ഥാനത്തിൽ.... എന്ന രീതിയിൽ)

1. പ്രാർത്ഥിപ്പിൻ ശ്ലീഹന്മാരേ! - നാഥൻപക്കൽ
ഭിന്നത സഭതൻ സന്താനങ്ങളിലി - ല്ലാതാവാൻ
നിങ്ങളതിന്നോതിയതാകും - വിശ്വാസത്തേ
വിദ്ധ്വംസിപ്പാൻ ദുസ്താർക്കികരതിനെ - ച്ചുറ്റുന്നു
സത്യമതാം - മൂശയ്ക്കുള്ളിൽ ത-
ദ്വചനം ശോ - ധിക്കുക കനകംപോൽ
ശുദ്ധസഭോന്നതിദായകനേ വാഴ്ത്തിൻ - വൈദികരേ!

2. ദ്വാദശ ശിഷ്യാഭ്യർത്ഥനയാ - ലാർദ്രത തോന്നി
ദ്വാദശമാസങ്ങളെയും കർത്താവേ! - വാഴ്ത്തണമേ
കാലത്തിനു വെയിലും മഴയും - വന്നീടട്ടെ
നാഥൻനന്മയുമുർവ്വീഫലങ്ങളുമേ - കീടട്ടേ
ഫലമേറാൻ - വാഴ്വിൻ വൃഷ്ടിയതും
തൂമഴയും - നാഥാ വർഷിക്ക
തൃപ്തന്മാരായ് സാധുജനം വാഴ്ത്തും - തിരുനാമം.

## 3

(ധന്യേ മാതാവേ.... എന്ന രീതി)

പന്തിരുതൂണല്ലോ - ക്ഷോണീ തലാധാരം
പന്തിരുമാസങ്ങൾ - വത്സരഘടകങ്ങൾ
പന്ത്രണ്ടുറവകളു - ണ്ടാശീമോൻ ദേശേ
നിമ്നോന്നത ദേശങ്ങളിലും
നാനാദിശകളിലും - സുവിശേഷിച്ചീടും
ശിഷ്യർ പന്ത്രണ്ടാം - തൽപ്രാർത്ഥനയഭയം.